# KANNUR UNIVERSITY

**MINUTES OF THE ANNUAL MEETING OF THE SENATE**

**DATE: 29th MARCH 2025 (SATURDAY)**

**TIME : 10.00 A.M**

**VENUE: CHERUSSERY AUDITORIUM**

MEMBERS PRESENT:

1. Prof . K.K.Saju (Vice-Chancellor)
2. Sri. Vaishnav Mahendran
3. Dr. K. Joseph Thomas
4. Dr.Sajitha P.K
5. Dr. A. Asokan
6. Sri.Pramodkumar K.V
7. Prof.(Dr) Thomas Monoth
8. Prof. Anil Ramachandran
9. Dr.Ismail Olayikkara
10. Sri. Anish Kumar K.P
11. Dr.Sukumaran M
12. Sri. Sajith Kumar P
13. Dr.Chandramohanan K.T
14. Sri.C H Kunhambu
15. Dr.J.Prasad
16. Smt. K Sreelatha
17. Sri. P C Gangadharan Master
18. Sri. Rajan K P.
19. Sri. Karayi Rajan C
20. Adv. Karunakaran Nambiar K
21. Dr.Rathnakara M
22. Sri.U P Santhosh
23. Smt.Soorya Alex
24. Sri.Ashith Ashokan T
25. Sri.Muhammed Haseeb T K
26. Smt.Farhana T P
27. Sri. K P Dineshan
28. Sri. Muhammed Ashefas C H
29. Dr. Shino P Jose

30. Dr. M J Mathew
31. Dr.Premachandran Keezhoth
32. Dr.Prajitha P
33. Sri. Muhammed Salih C
34. Sri. Saheed Kayikkaran
35. Dr.Jithesh K
36. Sri.Akhil K Sreedhar
37. Dr.Siby Philip
38. Dr.Nisha V K
39. Smt. Bushra N
40. Sri. Sanjeev P S
41. Smt.Arya K
42. Smt.AlnaVinod
43. Smt.Akhila Peeter
44. Dr.SudhaAzheekodan
45. Sri. Ragash C
46. Dr.Bindu K
47. Sri. Mahesh Chandra Baliga
48. Ms.Sruthi Remashan
49. Sri. Karthikeyan P
50. Dr.Reeja V
51. Sri.Saju. P.J
52. Sri. P B Balakrishnan
53. Sri. T I Madhusoodanan
54. Smt. Indu K Mathew(Online)
55. Sri. Asif Iqbal Kakkassery (Online)
56. Dr.Prapanch K (Online)
57. Dr.Seetha Kakkoth (Online)
58. Dr.Soorej M Basheer (Online)
59. Dr. K Muralidharan (Online)
60. Prof.Soman P (Online)

Also present:Prof (Dr) Joby K Jose, Registrar

2.01 Prof.Saju .K.K, Vice Chancellor took the chair and called the meeting to order at 10 a.m

2.02 The meeting thereafter considered the items on the agenda

## I. Questions asked by the members of the Senate and answers there to by the Syndicate

**Q No.1**

**Dr. Rathnakara M**

The responsibility of preparing the FYUGP course question bank has been assigned to the faculty, a task that requires significant time and effort. However, due to the university's directive to create over two hundred questions within a limited timeframe, many questions are of poor quality or fall outside the syllabus. This is negatively affecting students. Because right now the question papers are prepared without following proper methods and there is no proper guidelines and trainings for the same. That is the reason those set of questions are prepared in the unscientific manner. Why has the university not addressed this issue seriously?

Answer: Sri. Pramodkumar K.V- Before implementing Question Bank System for I Semester FYUGP examination Nov 2024, meetings was conducted with various Board of Studies Chairpersons and Members. As per the suggestions of Board of Studies, teachers who were dealing the concerned courses also were included in framing questions. Dr. Muraleedharan T.K., the officer in charge of maintaining and developing the question bank of the University, gave orientation classes explaining each point on how to prepare questions, during the workshops conducted for preparation of Question Bank. Workshops were conducted for college clusters at Govt. Brennen College, NAS College and at Kannur University Thavakkara Campus to the teachers and BoS. Teachers from various colleges and Chairpersons and members of BoS have participated in the workshops. Orientation classes were conducted in online mode also. The approved guidelines of question paper pattern of FYUG Programmes were circulated to all chairpersons. It is the duty of every faculty to prepare questions according to the guidelines, by maintaining the required standard. The question bank should have minimum twelve times questions in each category of question paper, or else the questions shall repeat. Hence, the concerned teacher/BoS Member has to ensure that new/different questions are added. All the questions received are not used as such in the question bank. After receiving questions, final scrutiny is being conducted by the Board Studies of the concerned subject. Only if the questions are received 2 months before of the scheduled exams, scrutiny can be conducted in well organized manner.

Hence, it may be noted that enough training were given and guidelines were issued before implementing the question bank.

2.03 അധ്യാപകർ ഈ സംവിധാനത്തിൻറെ ഭാഗമാകുന്നത് ആദ്യമായിട്ടാണ്. ആയതിനാൽ അപാകതകൾ ഏതെങ്കിലും ഉണ്ടെങ്കിൽ പരിഹരിക്കുന്നതിലേക്കായി പരീക്ഷ കഴിഞ്ഞതിനു ശേഷം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനും മെമ്പർമാരും ഉൾപ്പെടുന്ന ഒരു മീറ്റിങ് നടത്തണമെന്ന് ഡോ.രത്നാകരൻ എം. അഭിപ്രയപ്പെട്ടു.

2.04 മേൽ വിഷയം പരിശോധിച്ച് അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നേരത്തെ ഉണ്ടായ അപാകതകൾ അടുത്ത ഘട്ടത്തിൽ ഉണ്ടാകാതിരിക്കാനുള്ള തയ്യാറെടുപ്പുകളും നടപടികളും സ്വീകരിച്ച് വരുന്നുണ്ട് എന്ന് ശ്രീ. പ്രമോദ് കുമാർ കെ വി അറിയിച്ചു.

**Q No.2**

**Prof.Soman P**

പല subject കളിലും ബോർഡ് ഓഫ് സ്റ്റഡീസിൽ പരിചയ സമ്പന്നരായ പല / ചില സീനിയർ അധ്യാപകരെയും sideline ചെയ്തു ചില പ്രത്യേക അധ്യാപക സംഘടനയുടെ ഭാഗമായ ജൂനിയർ ആയ അധ്യാപകരെ ഉൾപ്പെടുത്തുന്നു എന്ന പരാതി ബന്ധപ്പെട്ടവർക്ക് ഉണ്ട് എന്ന് അറിയുന്നു. ഇത് പുതിയ FYUGP കോഴ്സുകളുടെ ക്വാളിറ്റിയെ ബാധിക്കുന്നു എന്ന് അറിയുന്നു യൂണിവേഴ്സിറ്റിയുടെ പ്രഥമ മിഷൻ (കണ്ണൂർ യൂണിവേഴ്സിറ്റി mission statement : Providing inclusive high quality Higher Education to all sections of society) കോഴ്സുകളുടെ ക്വാളിറ്റി ആണെന്നിരിക്കെ ഈ പ്രശ്നത്തിന് കണ്ണൂർ യൂണിവേഴ്സിറ്റി എന്ത് പരിഹാര മാർഗമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?.

ഉത്തരം: സിണ്ടിക്കേറ്റ് സബ് കമ്മിറ്റി തയ്യാറാക്കി സിണ്ടിക്കേറ്റ് ശുപാർശ ചെയ്തു ബഹു.ചാൻസിലർക്ക് അംഗീകാരത്തിനായി അയക്കുന്ന പാനലിൽ നിന്നും ബയോഡാറ്റ ഉൾപ്പെടെ പരിശോധിച്ച്, ബഹു. ചാൻസിലറാണ് വിവിധ വിഷയങ്ങളിലേക്കുള്ള പഠന ബോർഡ് അംഗങ്ങളെ നാമനിർദേശം ചെയ്യുന്നത്. അപ്രകാരം ബഹു. ചാൻസിലർ നാമനിർദേശം ചെയ്യുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയാണ് വിവിധ വിഷയങ്ങളിലെ പഠനബോർഡുകൾ പുനഃസംഘടിപ്പിക്കുന്നത് ഇത്തരം അംഗങ്ങളുൾപ്പെട്ട പഠനബോർഡുകൾ ആണ് അതതു വിഷയങ്ങളുടെ സിലബസുകൾ തയ്യാറാക്കിയിരിക്കുന്നത്.

**Q No.3**

**Sri Muhammed Ashefas C.H.**

22/12/2018 ലെ സർവകലാശാല സിൻഡിക്കേറ്റ് തീരുമാന പ്രകാരം മൂല്യ നിർണയ ക്യാമ്പിൽ പങ്കെടുത്ത അധ്യാപകർക്ക് TA/DA നൽകുന്നത് ഒഴിവാക്കുകയും ഇതിന് പകരമായി പ്രതിഫലത്തിൽ വർധന വരുത്തുകയും ചെയ്തിരിക്കുന്നു എന്നാണ് 25 ജനുവരി 2025 ൽ നടന്ന കണ്ണൂർ സർവകലാശാല സെനറ്റ് യോഗത്തിൽ എൻറെ ചോദ്യത്തിന് (ചോദ്യ നമ്പർ:68) നൽകിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു.

(a) മൂല്യനിർണയ ക്യാമ്പിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് അർഹതപ്പെട്ട TA/DA ഒഴിവാക്കി ക്യാമ്പ് അലവൻസ് നിശ്ചയിച്ചതിനു പിന്നിലുള്ള കാരണം എന്താണ്?

(b) മൂല്യനിർണയ ക്യാമ്പിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് അർഹതപ്പെട്ട TA/DA ഒഴിവാക്കുന്നതിന് സർക്കാർ അനുമതി വാങ്ങിച്ചിട്ടുണ്ടോ?

(c) മൂല്യനിർണയത്തിന്റെ ഭാഗമായി TA/DA ക്കു പകരം ക്യാമ്പ് അലവൻസ് എന്ന പേരിൽ നൽകുന്ന തുക അധ്യാപകരുടെ അക്കൗണ്ടിൽ സാലറി എന്ന തരത്തിൽ നിക്ഷേപിക്കുന്നതിന്റെ കാരണം എന്താണ്?

(d) യു ജി സി റെഗുലേഷൻ പ്രകാരവും, സർക്കാർ ഉത്തരവുകൾ പ്രകാരവും നിശ്ചിത എണ്ണം ഉത്തര കടലാസ് മൂല്യനിർണ്ണയം അദ്ധ്യാപകരുടെ ജോലിയുടെ ഭാഗമാണെന്നിരിക്കെ പ്രതിഫലത്തിൽ വർധന വരുത്തി എന്ന വാദം യു.ജി.സി/ സർക്കാർ ഉത്തരവുകളുടെ ലംഘനമല്ലേ?

<u>ഉത്തരം: ഡോ. ചന്ദ്രമോഹനൻ കെ ടി</u>

a). 08/08/2018 ന് പ്രൊ വൈസ് ചാൻസലറുടെ ചേമ്പറിൽ നടന്ന കോളേജ് അധ്യാപക സംഘടനാ പ്രതിനിധികളും, പ്രൊ.വൈസ് ചാൻസലർ, പരീക്ഷ കൺട്രോളർ, എക്സാമിനേഷൻ മോണിറ്ററിങ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെട്ട യോഗത്തിലെ ശുപാർശ ("Recommended to consider avoiding TA/DA for teachers for attending CV camps and to enhance the rate of remuneration for valuation so that the same is compensated and the remuneration is disbursed at the earliest") പ്രകാരമാണ് പരീക്ഷ കൺട്രോളർ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കിയതും സിണ്ടിക്കേറ്റ് അംഗീകരിക്കുന്നതും.

b) ഇല്ല. മേൽ ചോദ്യത്തിനുള്ള ഉത്തരം കാണാവുന്നതാണ്.

c). മൂല്യ നിർണയത്തിന്റെ പ്രതിഫലം അധ്യാപകർ നൽകുന്ന ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുക മാത്രമാണ് സർവകലാശാല ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട സന്ദേശം ബാങ്കാണ് നൽകുന്നത്. ബഹു: അംഗം ഉന്നയിച്ച ആശങ്ക അന്വേഷിച്ചു വേണ്ടത് ചെയ്യാം എന്ന് ഡോ.ചന്ദ്രമോഹൻ കെ ടി ഉറപ്പുനൽകി.

d). നിർബന്ധിത മൂല്യ നിർണ്ണയത്തിനു (mandatory paper valuation) പുറമേ വരുന്ന ഉത്തരക്കടലാസ് മൂല്യ നിർണ്ണയത്തിൻറെ കാര്യത്തിൽ മാത്രമേ പ്രതിഫല വർധന ബാധകമാകുന്നുള്ളൂ

2.05 സർക്കാർ അധ്യാപരെ സംബന്ധിച്ചെടുത്തോളം TA/DA അർഹതപ്പെട്ടതാണ്. സർക്കാർ അനുമതി ഇല്ലാതെ യൂണിവേഴ്സിറ്റി TA/DA ഇല്ലാതാക്കുന്നത് നിയമപരമായ പ്രത്യാഘാതം ഉണ്ടാവില്ലേ എന്ന് ശ്രീ. മുഹമ്മദ് ആഷിഫാസ് ഉപചോദ്യം ഉന്നയിച്ചു.

2.06 മുൻ സിണ്ടിക്കേറ്റ് തീരുമാനപ്രകാരമാണ് അത് നടപ്പിലാക്കിയത്. പുതിയ സാഹചര്യത്തിൽ ചോദ്യം ഉന്നയിക്കപ്പെടുന്ന സാഹചര്യം പരിശോധിച്ച് എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ വരുത്താവുന്നതാണെന്ന് ഡോ.ചന്ദ്രമോഹൻ കെ ടി അറിയിച്ചു.

2.07 മേൽ വിഷയം പരിഗണിക്കാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

**Q No.4**

**Dr. Jithesh K**

FYUGP യിൽ മൂന്ന് വർഷ ബിരുദം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും 2 ക്രെഡിറ്റിൻറെ ഇൻറേൺഷിപ്പ് ചെയ്യണമെന്ന് റെഗുലേഷൻ നിഷ്കർഷിക്കുന്നു വിദ്യാർത്ഥികൾക്ക് ഇൻറേൺഷിപ്പ് ചെയ്യാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി കണ്ണൂർ യൂണിവേഴ്സിറ്റി നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം. ശ്രീ.പ്രമോദ് കുമാർ കെ വി:- മേൽ വിഷയത്തിൽ ഇത് വരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

2.08 മേൽ വിഷയം സ്റ്റേറ്റ് ലെവൽ മോണിറ്ററിങ് കമ്മറ്റി പരിഗണിച്ചപ്പോൾ ഹയർ എജ്യൂക്കേഷന്റെ ഭാഗത്ത് നിന്നു തന്നെ അടിയന്തരമായി SOP തരും എന്നാണ് അറിയിച്ചത്. സർവ്വകലാശാല തന്നെ ഈ ക്യാമ്പസ്സിൽ ഇത്തരത്തിലുള്ള ഇൻറേൺഷിപ്പ് കൊടുക്കാനുള്ള പദ്ധതികൾ ബഹു.വൈസ് ചാൻസിലർ തന്നെ കഴിഞ്ഞ സിണ്ടിക്കേറ്റിൽ പ്രപ്പോസൽ

അവതരിപ്പിക്കുകയുണ്ടായി. മേൽ വിഷയം സജീവ പരിഗണനയിൽ ആണ്. ശ്രീ പ്രമോദ് കുമാർ കെ വി അറിയിച്ചു.

2.09 University industries in campus എന്ന പദ്ധതി ഉടൻ തന്നെ നടപ്പിലാക്കുന്നുണ്ട് എന്നും അതിൻറെ അടിസ്ഥാനത്തിൽ വേണ്ട സൗകര്യങ്ങൾ ഒരുക്കാമെന്നും വൈസ് ചാൻസിലർ ഉറപ്പ് നൽകി.

**Q No.5**

**Sri Muhammed Salih C**

ഈ അടുത്ത കാലത്തായി സർവ്വകലാശാലയുടെ പരീക്ഷ മൂല്യനിർണ്ണയ ക്യാമ്പുകളിൽ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നതിനാവശ്യമായ ഉത്തര സൂചികകൾ ലഭ്യമാകുന്നില്ല. സർവ്വകലാശാല ചോദ്യകർത്താക്കളിൽ നിന്നും ചോദ്യങ്ങൾ ശേഖരിക്കുന്ന സമയത്തു ഇപ്പോൾ ഉത്തര സൂചികകൾ ആവശ്യപ്പെടുന്നില്ലേ? അതുപോലെ പാസ്സ്ബോർഡ് മീറ്റിംഗ് കഴിഞ്ഞു മൂന്ന് നാല് ആഴ്ചകൾ പിന്നിട്ടാണ് മിക്കവാറും സർവ്വകലാശാല പരീക്ഷാഫലങ്ങൾ പുറത്തുവിടുന്നത്. ഈ ഒരു കാലതാമസം എടുക്കുന്നതിന്റെ സാംഗത്യം എന്താണ്?

ഉത്തരം: സർവകലാശാല ചോദ്യ കർത്താക്കളിൽ നിന്നും ചോദ്യപേപ്പറുകൾ ശേഖരിക്കുന്ന സമയത്ത് ഉത്തരസൂചികകൾ ആവശ്യപ്പെടുന്നുണ്ട്. നിലവിൽ ഭൂരിഭാഗം ചോദ്യപേപ്പറുകളുടെയും ഉത്തരസൂചിക ലഭ്യമാകുന്നുണ്ടെങ്കിലും ചില ചോദ്യ കർത്താക്കളിൽ നിന്നും ഉത്തരസൂചിക ലഭ്യമാവാറില്ല

FYUGP ഒന്നാം സെമസ്റ്റർ നവംബർ 2024 പരീക്ഷയുടെ ഫലം മൂല്യനിർണ്ണയം നടത്തി 10 ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ അപ്രതീക്ഷിതമായിട്ടുള്ള കാരണങ്ങളാൽ ഫലപ്രഖ്യാപനത്തിനു ചെറിയ താമസം നേരിടാറുണ്ട്.

പാസ്സ്ബോർഡ് മീറ്റിംഗ് ഓൺ ലൈൻ ആയും ഓഫ് ലൈൻ ആയും നടക്കാറുണ്ട്. ഓൺ ലൈൻ ആയി നടക്കുന്ന മീറ്റിങ്ങുകളിൽ ചിലപ്പോൾ മിനുട്ട്സ് തയ്യാറാക്കി അയച്ചു ലഭിക്കാനും ലഭിച്ച മിനുട്ട്സിലെ അപാതകൾ പരിഹരിക്കാനും താമസം വരാറുണ്ട്. ഇങ്ങിനെ ലഭിക്കുന്ന മിനുട്ട്സ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ബഹു: വൈസ് ചാൻസലറുടെ അംഗീകാരം വാങ്ങിക്കേണ്ടതുണ്ട്. മിനുട്ട്സ് ബഹു : വൈസ് ചാൻസിലർ അംഗീകരിച്ചതിനുശേഷം അതാത് പാസ്സ്ബോർഡ് മീറ്റിംഗ് ഓൺ ലൈൻ ആയും ഓഫ് ലൈൻ ആയും നടക്കാറുണ്ട്. ഓൺ ലൈൻ

ആയി നടക്കുന്ന മീറ്റിങ്ങുകളിൽ ചിലപ്പോൾ മിനുട്ട്സ് തയ്യാറാക്കി അയച്ചു ലഭിക്കാനും ലഭിച്ച മിനുട്ട്സിലെ അപാതകൾ പരിഹരിക്കാനും താമസം വരാറുണ്ട്. ഇങ്ങിനെ ലഭിക്കുന്ന മിനുട്ട്സ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ബഹു: വൈസ് ചാൻസിലറുടെ അംഗീകാരം വാങ്ങിക്കേണ്ടതുണ്ട്. മിനുട്ട്സ് ബഹു: വൈസ് ചാൻസിലർ അംഗീകരിച്ചതിനുശേഷം അതാത് പാസ്സ്ബോർഡുകൾ മോഡറേഷനുകൾ ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ ആയത് അതിനർഹരായ വിദ്യാർഥികളെ കണ്ടുപിടിച്ച് അവരുടെ മാർക്കിനോട് പ്രത്യേകം പ്രത്യേകം ചേർത്ത് അത്തരം വിദ്യാർഥികളുടെ ഫലം ഫൈനലൈസ് ചെയ്യേണ്ടതുണ്ട്. അതിനുശേഷം ഓരോ വിഷയങ്ങ്ളുടെയും ടാബുലേഷൻ രജിസ്റ്ററുകൾ ഓൺലൈൻ ആയി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുണ്ട്. പിന്നീട് വിവിധ കാരണങ്ങളാൽ ഫലം തടഞ്ഞു വെക്കേണ്ടുന്ന വിദ്യാർഥികളെ തിരിച്ചറിഞ്ഞ് അവരുടെ ഫലം തടഞ്ഞുവെക്കുകയും ചെയ്തതിനുശേഷമാണ് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത്. പാസ്സ്ബോർഡ് മീറ്റിംഗ് കഴിഞ്ഞതിനുശേഷം മിനുറ്റ്സ് തിരുത്തലുകളൊന്നുമില്ലതെ പെട്ടെന്ന് തന്നെ അയച്ചു ലഭിക്കുകയും മേൽ സൂചിപ്പിച്ച നടപടി ക്രമങ്ങൾ തടസ്സങ്ങളൊന്നുമില്ലാതെ നടക്കുകയും ചെയ്യുന്ന സമയങ്ങളിൽ ചോദ്യത്തിൽ പരാമർശിച്ചതരത്തിലുള്ള കാലതാമസം ഉണ്ടാവാറില്ല എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു

2.010 ചോദ്യ കർത്താവ് തത്സമയം ഹാജരല്ലാത്തതിനാൽ ചോദ്യം ഉന്നയിക്കാൻ കഴിഞ്ഞില്ല.

**Q No.6**

**Sri Muhammed Ashefas C.H.**

PM-USHA പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക-ഗവേഷണ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തലിനുമായി അനുവദിച്ച 100 കോടി രൂപയിൽ ഇതുവരെ സർവകലാശാലക്ക് ലഭിച്ച തുക എത്രയാണ്? ഈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പട്ടിക, ഓരോ പ്രവർത്തനത്തിനായി നീക്കിയിരിക്കുന്ന തുക, അതിന്റെ നിലവിലെ പുരോഗതി, പ്രവൃത്തികൾ പൂർത്തീകരിക്കാൻ കണക്കാക്കുന്ന കാലാവധി എന്നിവ വിശദമായി അറിയിക്കുക.

ഉത്തരം:ഡോ.എ അശോകൻ:- PM USHA പദ്ധതിയുടെ ഭാഗമായി സർവകലാശാല സമർപ്പിച്ച 100 കോടി രൂപയുടെ പദ്ധതി 60:40 വിഹിതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ധന വിനിയോഗം Single Nodal Agency SPARSH Model വഴിയാണ്. ഇതിൽ

സർവകലാശാലയ്ക്ക് നേരിട്ട് ഫണ്ട് ലഭിക്കില്ല പകരം സർവകലാശാല BiMS Portal ൽ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ End Beneficiary യ്ക്കാണ് പണം ലഭിക്കുക. 100 കോടി രൂപക്കുള്ള പദ്ധതികൾക്കായുള്ള ഭരണാനുമതി 22-02-2025 തീയ്യതിയിലെ GO(Rt) No.239/2025/HEDN ഉത്തരവ് പ്രകാരം ലഭിച്ചിട്ടുണ്ട്.

PM-USHA ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പട്ടികയും, പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച തുക അതിന്റെ നിലവിലെ പുരോഗതി, പൂർത്തിയാക്കാനുള്ള കാലാവധി എന്നിവ സംബന്ധിച്ച് **Appendix I** കാണുക.

**Q No.7**

**Dr..Jithesh K**

കണ്ണൂർ സർവ്വകലാശാലയുടെ FYUGP റെഗുലേഷനിൽ എട്ടു സെമസ്റ്ററുകളിലായി 12 ക്രെഡിറ്റ് ഓൺലൈൻ കോഴ്സുകളിലൂടെയും MOOC കോഴ്സുകളിലൂടെയും നേടാം എന്ന് സൂചിപ്പിക്കുന്നുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ എത്ര MOOC ഓൺലൈൻ കോഴ്സുകൾ നടത്തുന്നുണ്ടെന്നു വിശദമാക്കാമോ? വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാവുന്ന കോഴ്സുകളുടെ പട്ടിക ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കും എന്ന് റെഗുലേഷനിൽ പറയുന്നു. ഇത്തരം കോഴ്സുകളുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ടോ?

ഉത്തരം: ശ്രീ.പ്രമോദ് കുമാർ കെ വി.:- കണ്ണൂർ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നിലവിൽ MOOC ഓൺലൈൻ കോഴ്സുകൾ ഒന്നും തന്നെ നടത്തുന്നില്ല. 07.02.2025 തീയ്യതിയിൽ ചേർന്ന FYUGP കരിക്കുലം റെഗുലേഷൻ കമ്മിറ്റി മീറ്റിങ്ങിൽ Online Courses തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുകയും ഓൺലൈൻ കോഴ്സുകൾ തയ്യാറാക്കുന്നതിന് വേണ്ട Guidelines നൽകുന്നതിനും കോഴ്സുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുമായി ഡോ എൻ കെ ദീപക് അദ്ധ്യക്ഷനായി കൊണ്ടുള്ള 6 അംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനമാനിച്ചിട്ടുണ്ട്. മേൽ തീരുമാനം അംഗീകരിക്കുന്നതിനായി 05.03.2025 ന് ചേർന്ന അക്കാഡമിക് കൗൺസിലിന്റെ സ്റ്റാൻഡിങ്ങ് കമ്മിറ്റി ശുപാർശചെയ്യുകയും വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

2.011 നിലവിലുള്ള ഇത്തരം കോഴ്സുകൾ നമുക്ക് സ്വീകാര്യമായ UGC ഗൈഡ് ലൈൻ പ്രകാരം ക്രെഡിറ്റ് അതിന്റെ ജുഡിഷ്യസ് ആയ രീതിയിൽ ആയ കോഴ്സുകൾ എല്ലാം തയ്യാറാക്കി അത് ബ്രാക്കറ്റ് ചെയ്യുന്നതാണ് ശ്രീ പ്രമോദ് കുമാർ കെ വി അറിയിച്ചു.

**Q No.8**

**Dr.Nisha V K**

വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കുള്ള Text book കൾ മറ്റ് സർവകലാശാലകൾ പ്രസിദ്ധീകരിച്ച് വരുന്നുണ്ട്. അത്തരം ഒരു പ്രസിദ്ധീകരണ വിഭാഗം തുടങ്ങണമെന്ന് കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നേരത്തേ സെനറ്റിൽ പ്രമേയം അവതരിപ്പിച്ച് അംഗീകരിച്ചതാണ്. അതിനു ശേഷം അതിനാവശ്യമായ എന്തെങ്കിലും നടപടികൾ സർവകലാശാല സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം: ശ്രീ.അനീഷ് കുമാർ കെ പി</u>:- യൂണിവേഴ്സിറ്റിയിൽ പ്രസിദ്ധീകരണ വകുപ്പ് ആരംഭിക്കണമെന്ന ആവശ്യം 30/02/2021 നു നടന്ന അക്കാദമിക് കൗൺസിലിൽ പ്രമേയം അവതരിപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രമേയം അംഗീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെത്തുന്നു.

എങ്കിൽ കൂടി കഴിഞ്ഞ സെനറ്റിൽ സൂചിപ്പിച്ചത് പരിഗണിച്ച് (Q.No.58 Senate dt 25/01/2025) ഭാവിയിൽ ഗവണ്മെന്റ് ഏജൻസിയുമായി ചേർന്ന് പുസ്തകങ്ങൾ പബ്ലിഷ് ചെയ്യുന്നതിനുള്ള സാധ്യതകൾ സർവകലാശാല പരിശോധിക്കുന്നതാണ്.

2.012 പബ്ലിക്കേഷൻ ഡിവിഷൻ ഉണ്ടാക്കുന്നതിന് മുന്നേ ബോർഡ് ഓഫ് സ്റ്റഡീസിനെ കൊണ്ട് ടെക്സ്റ്റ് ബുക്ക് ഒന്ന് compile ചെയ്തിട്ട് വിദ്യാർത്ഥികൾക്ക് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം - ഡോ.പ്രേമചന്ദ്രൻ കീഴോത്ത് ആവശ്യപ്പെട്ടു.

2.013 ടെക്സ്റ്റ് ബുക്ക് പബ്ലിഷ് ഏജൻസി യൂണിവേഴ്സിറ്റി പെട്ടെന്ന് തുടങ്ങുക എന്നത് പ്രായോഗികമല്ല. എന്നിരുന്നാലും C-APT മായി ബന്ധപ്പെട്ട് അതിനുള്ള സാധ്യതകൾ ആരായുന്നതാണ്. ടെക്സ്റ്റ് ബുക്കും പബ്ലിഷ് ഏജൻസിയും ഇല്ലാത്ത എത്രയോ യൂണിവേഴ്സിറ്റികൾ A++ ലഭിച്ച് NAAC അക്രഡിറ്റേഷൻ വാങ്ങിയിട്ടുണ്ട്. സ്വന്തം പബ്ലിക്കേഷൻ വിഭാഗം ഉണ്ടായാലും ഇല്ലെങ്കിലും പ്രിസ്ക്രൈബ്ഡ് ടെക്സ്റ്റ് ബുക്ക് കൊടുക്കണം എന്നത് നമ്മുടെ ധാർമ്മികമായുള്ള ഉത്തരവാദിത്തം ആണ്. അതിനുള്ള നടപടികൾ എടുക്കുന്നതാണെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

**Q No.9**

**Sri Asif Iqbal Kakkassery**

A) കണ്ണൂർ സർവ്വകലാശാല FYUGP പരീക്ഷകൾ പൂർണ്ണമായും question bank അടിസ്ഥാനപ്പെടുത്തിയാണോ നടത്തപ്പെടുന്നത്?

B) Question Bank ലേക്ക് ചോദ്യങ്ങൾ തയാറാക്കുന്ന അധ്യാപകർക്ക് remuneration നൽകിയിട്ടുണ്ടോ?

C) ഉണ്ടെങ്കിൽ എത്ര രൂപ വീതമാണു remuneration നൽകുന്നത്

D) ഇല്ലെങ്കിൽ എത്ര രൂപ വീതം നൽകാനാണു സർവ്വകലാശാല തീരുമാനിച്ചിട്ടുള്ളത്?

E) അഫിലിയേറ്റഡ് കോളേജുകളിൽ നടക്കുന്ന പരീക്ഷ നടത്തിപ്പിനും, മൂല്യനിർണ്ണയത്തിനും ആവശ്യമായ സജ്ജീകരണങ്ങൾ നടപ്പിലാക്കുന്നതിനു പരീക്ഷാ ഫീസിനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്ന് ഏതെങ്കിലും തരത്തിൽ ഉള്ള വിഹിതം നൽകിയിട്ടുണ്ടോ?

ഉത്തരം:

a). അതെ. ഓൺലൈൻ question bank അടിസ്ഥാനപ്പെടുത്തി പരീക്ഷ നടത്താൻ പറ്റാത്ത സാഹചര്യത്തിൽ മാനുൽ ആയി തയ്യാറാക്കുന്ന ചോദ്യപേപ്പറും ഉപയോഗപ്പെടുത്താറുണ്ട്

b). ഇല്ല.

c). മേൽ ഉത്തരം കാണുക.

d). നിലവിൽ തീരുമാനം ഇല്ല .

E) അഫിലിയേറ്റഡ് കോളേജുകളിൽ നടക്കുന്ന FYUGP പരീക്ഷാ നടത്തിപ്പിന് മൂല്യനിർണയത്തിനാവശ്യമായ സജ്ജീകരണങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് വിഹിതം സംബന്ധിച്ച വിഷയം സിണ്ടിക്കേറ്റിന്റെ പരിഗണനയിലാണ്.

**Q No.10**

**Sri Ashith Ashokan T**

കെ റീപ്പ് പദ്ധതി ഏത് രീതിയിലാണ് കണ്ണൂർ സർവ്വകലാശാലയിൽ നടപ്പില്ലാക്കുന്നത് ഇതുമായി ബന്ധപ്പെട്ട് ഓരോ സെമസ്റ്ററുകളിലും വിദ്യാർത്ഥികളിൽ നിന്ന് രജിസ്ട്രേഷൻ ഇനത്തിൽ ഉൾപ്പടെ സ്വീകരിക്കുന്ന തുക എത്ര?

a). എത്ര വിദ്യാർഥികൾ ഈ കഴിഞ്ഞ സെമസ്റ്ററുകളിൽ കെ റീപ്പ് വഴി രജിസ്റ്റർ ചെയ്യിട്ടുണ്ട്?

b). മേൽ രജിസ്ട്രേഷൻ തുകയിൽ സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന തുക എത്ര? കെ റീപ്പ് നടപ്പിലാക്കുന്ന അംഗീകൃത ഏജൻസിക്കും കമ്പനിക്കും ഉള്ള വിഹിതമെത്ര?

ഉത്തരം: ഡോ.എ അശോകൻ:- FYUGP റെഗുലേഷൻ പ്രകാരം പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പരീക്ഷ നടത്തിപ്പിനായിട്ടാണ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നിർദ്ദേശ പ്രകാരം KREAP പദ്ധതി കണ്ണൂർ സർവ്വകലാശാലയിൽ നടപ്പിലാക്കിയത്. നിലവിലുള്ള പരീക്ഷ രജിസ്ട്രേഷൻ ഫീസ് അല്ലാതെ KREAP പദ്ധതിക്കായി മറ്റു ഫീസുകളൊന്നും വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നില്ല

a). K-REAP ൽ നിന്നും ലഭ്യമായ ഡാറ്റ പ്രകാരം FYUGP, FYIMP പ്രോഗ്രാമുകളിലേക്കായി ഒന്നാം സെമസ്റ്ററിൽ 14,402 വിദ്യാർത്ഥികളും രണ്ടാം സെമെസ്റ്ററിൽ 14,052 വിദ്യാർത്ഥികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

b). പരീക്ഷാ വിജ്ഞാപനം പ്രകാരം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളിൽ (ഫീസ് ഇളവ് ലഭ്യമായ വിദ്യാർഥികൾ ഒഴികെ ഉള്ളവരിൽ നിന്നും) നിന്നും സർവ്വകലാശാല ഈടാക്കുന്ന ഫീസ് താഴെ പട്ടികയിൽ :

FYUGP FEE DETAILS

| Particular | B.sc Computer Science/Computer Science with AI & ML/Electronics/Food Technology/AI & ML | B.sc Costume & Fashion Designing | Other Programmes |
|---|---|---|---|
| Application form | 60 | 60 | 60 |
| Theory (Per paper) | 95 | 95 | 95 |
| Practical/Industrial vist/internship, if any (per paper) | 155 | 175 | 105 |
| Dissertation /Project, if any | 175 | 175 | 95 |
| Viva, if any | ... | 155 | 155 |
| Grade card | 85 | 85 | 85 |
| Co-ordination Charge | 200 | 200 | 200 |

FYIMP FEE DETAILS

| Particular | FYIMP in Computational Science/Physical Science/ Clinical Psychology/ Anthropological Science | FYIMO Commerce/Physical Education & Sports |
|---|---|---|
| Application form | 60 | 60 |
| Theory (Per paper) | 150 | 115 |
| Practical/Industrial vist/internship, if any (per paper | 195 | 165 |
| Dissertation /Project, if any | 400 | 365 |
| Viva, if any | 230 | 155 |
| Grade card | 85 | 85 |
| C v camp fee | 200 | 200 |

പരീക്ഷ രജിസ്ട്രേഷൻ ഇനത്തിൽ ലഭിച്ച മുഴുവൻ ഫീസും നിലവിൽ സർവ്വകലാശാലയ്ക്ക് തന്നെയാണ് ലഭിക്കുന്നത്.

**Q No.11**

**Sri MUhammed Salih C**

കണ്ണൂർ സർവ്വകലാശാല, നിലവിൽ പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിൽ നടത്തികൊണ്ടിരിക്കുന്ന ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾക്ക് യുജിസിയുടെ അംഗീകാരമോ പിൻബലമോ ഉണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക.

**ഉത്തരം**: ഡോ. കെ ജോസഫ് തോമസ്

കണ്ണൂർ സർവ്വകലാശാല സ്കൂൾ ഓഫ് ലൈഫ് ലോംങ് ലേണിങ് നടത്തുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ, ബിരുദാനന്തര-ബിരുദ പ്രോഗ്രാമുകൾക്ക്, റഗുലർ കോളജിലെ പ്രോഗ്രാമുകളുടെ സിലബസ് തന്നെയാണ് ബാധകമാക്കിയിട്ടുള്ളത്. കണ്ണൂർ സർവ്വകലാശാലയ്ക്ക് നിലവിൽ യു.ജി.സി. ആക്ട് – 1956 ന്റെ Section 12(B) പ്രകാരവും section 2(f) പ്രകാരവും അംഗീകാരം ഉണ്ട്. യു.ജി.സി.-യുടെ റഗുലേഷനിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മോഡിനെക്കുറിച്ചു പരാമർശമില്ലാത്തതിനാൽ, സ്കൂൾ ഓഫ് ലൈഫ് ലോംങ് ലേണിങ് മുഖേന പ്രൈവറ്റ് രജിസ്ട്രേഷൻ പ്രോഗ്രാമുകൾ നടത്തുന്നതിന് യു.ജി.സി. യുടെ പ്രത്യേക അനുമതിക്കായി സർവ്വകലാശാല അപേക്ഷ സമർപ്പിപ്പിച്ചിട്ടില്ല.

2.014 2022-23 ഓഡിറ്റ് റിപ്പോർട്ടിൽ തന്നെ അംഗീകാരം സംബന്ധിച്ച് പരാമർശം ഉണ്ടായിട്ടും സർവ്വകലാശാല ഈ കോഴ്സുകൾ തുടരുന്നത് നിയമ വിരുദ്ധമല്ലേയെന്നു ശ്രീ മുഹമ്മദ് സാലിഹ് ചോദിച്ചു

2.015 Gazette notification of the Govemment of India in the lvlinistry of Human Resource Development (Department of Higher Educarion) Number 44 dated l" March, 1995 On the recommendation of theBoard ofAssessmentfor Educational Qualifications, the Government of India has decided that all the qualifications awarded through Distant Education by the Universities established by an Act of Parliament or State Legislature. Institutions deemed to be universities under section 3 of the UGC Act 1956 and Institutions of National Importance declared under an act of parliament stand automatically recognized for the purpose of employment to posts and services under the Central Government, provided it has been approved by Distance Education Council, Indira Gandhi National Open University, K 76, Hauz Khas, New Delhi-110116 and wherever necessary by All India Council for Technical Education, I.G Sports Complex, I.P Estate, New Delhi 110002. പ്രകാരം യു.ജി.സി.യുടെ approval ഉള്ള യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകൾ Government of India യുടെ നിയമം അനുസരിച്ച് അംഗീകാരം ഉള്ളതാണ്. ആയതിനാൽ ടി കോഴ്സുകൾക്ക് equivalency സർട്ടിഫിക്കറ്റിന്റെ ആവശ്യം ഉദിക്കുന്നില്ല എന്ന് ചർച്ചയിൽ പങ്കെടുത്ത് കൊണ്ട് ഡോ ജെ പ്രസാദ് അറിയിച്ചു.

2.016 ഇവിടെ നടന്നു വരുന്നത് പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകളാണെന്നും, വിഷയം പരിഗണിച്ച് വേണ്ട നടപടികൾ കൈക്കൊള്ളാമെന്നും വൈസ് ചാൻസിലർ അറിയിച്ചു.

**Q No.12**

**Sri. Asif Iqbal Kakkassery**

a) കണ്ണൂർ സർവ്വകലാശാല FYUGP റെഗുലേഷൻ പ്രകാരം double major pathway വിദ്യാർത്ഥികളിൽ

B) എത്ര വിദ്യാർത്ഥികൾ double major pathway opt ചെയ്തിട്ടുണ്ട്?

C) ഏതെല്ലാം കോളേജിലെ വിദ്യാർത്ഥികളാണു double major pathway തിരഞ്ഞെടുത്തിരിക്കുന്നത്?

(D) നിലവിൽ ഏതൊക്കെ വിഷയങ്ങളിലാണു double major pathway വിദ്യാർത്ഥികൾ തിരഞ്ഞെടുത്തിട്ടുള്ളത്?

E) റെഗുലേഷൻ പ്രകാരം മറ്റ് pathway കളിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ Major, MDC, SEC, കോമ്പിനേഷൻ ആവശ്യമായിരിക്കെ ഇതിനു ആവശ്യമായ സജ്ജീകരണം കെ-റീപ് സോഫ്റ്റ്വെയറിൽ ചെയ്തിട്ടുണ്ടോ?

ഉത്തരം: താഴെ കാണുക

| College | Number of Students opted for Double Major | Programme to which student are admitted | Major Courses opted by the Students |
|---|---|---|---|
| Govt. Brennen College, Thalassery | 32 | BA Arabic | Arabic, Islamic History |
| Govt. Brennen College, Thalassery | 31 | BA Urdu | Urdu, Islamic History |
| Malabar Islamic Complex Arts and Science College, Thekkil | 01 | BA English | English, BBA |
| Govt. College Mananthawady | 01 | Development Economics | Development Economics, Commerce |
| Govt. College Mananthawady | 01 | B.Sc Physics | Physics, Electronics |
| Kuniya College of Arts & Science | 21 | BA Arabic | Arabic, Islamic History |
| Govt.College Kasargod | 01 | B.sc Geology | Geology, Arabic |

E.കോളേജുകൾ ഓരോ പ്രോഗ്രാമിലും ഓഫർ ചെയ്യുന്ന കോഴ്സ് ബാസ്കറ്റിൽ നിന്നും കുട്ടികൾക്ക് കോഴ്സ് സെലക്ഷൻ ചെയ്യാവുന്ന രൂപത്തിലാണ് സോഫ്റ്റ്‌വെയർ നിലവിൽ ക്രമീകരിച്ചിരിക്കുന്നത്. pathway തിരഞ്ഞെടുക്കാനുള്ള ഓപ്ഷൻ വിദ്യാർത്ഥികൾക്ക് മൂന്നാമത്തെ സെമെസ്റ്ററിലാണ് ലഭ്യമാവുക.

**Q No.13**

**Sri.Dineshan K P**

(a) FYUGP സിലബസ് പ്രകാരം സെമസ്റ്റർ പരീക്ഷകൾ നടത്തിപ്പിന് അനദ്ധ്യാപക ജീവനക്കാരുടെ വേതനം എത്രയാണ് എന്ന് നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ എന്താണ് കാരണം?

(b) FYUGP പരീക്ഷാ മൂല്യനിർണ്ണയം കോളേജുകളിൽ നടക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്ന അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിച്ച് ഉത്തരവ് ഉണ്ടോ? ഇല്ലെങ്കിൽ എന്താണ് കാരണം?

ഉത്തരം: ഡോ.സുകുമാരൻ എം

a. വേതനം സംബന്ധിച്ച് നിലവിലുള്ള സർവ്വകലാശാല ഉത്തരവ് നം EXAM/EAC I/I/32/2017 dated 07.12.2021 ബാധകമാണ്.
b. ഈ വിഷയം സിൻഡിക്കേറ്റിൻറെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്.

2.017 2021 മുതൽ തുടർന്ന് വരുന്ന ഉത്തരവ് ആണ് ഇതിൽ പറഞ്ഞിട്ടുള്ളത്. FYUGP പരീക്ഷാ മൂല്യനിർണ്ണയം കോളേജുകളിൽ നടക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്ന അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കാൻ കഴിയുന്നില്ലെങ്കിൽ അത് ഒരു അപാകതയാണ്. അത് ഉടനടി പരിഹരിക്കേണ്ട വിഷയമാണ്. അതുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ദിനേശൻ കെ പി അഭ്യർത്ഥിച്ചു.

2.018 FYUGP യുമായി ബന്ധപ്പെട്ടിട്ട് പുതിയ കാര്യങ്ങൾ വരുമ്പോൾ അതിന് പുതിയ ഉത്തരവ് ഇറങ്ങേണ്ടതാണ്. അനധ്യാപകരുടെ വേതനം മാത്രമല്ല, കോളേജുകളിൽ വാല്യൂഷൻ ക്യാംപ് നടത്തുമ്പോൾ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്ന് അവിടെ ലഭ്യമാക്കേണ്ടുന്ന ഒരു ഫിനാൻഷ്യൽ സപ്പോർട്ട് മുതലായ ഇത്തരം കാര്യങ്ങൾ സിണ്ടിക്കേറ്റ് സ്റ്റാൻഡിങ്ങ് കമ്മറ്റി വിശദമായി പരിശോദിച്ചു വരികയാണ്. ഉത്തരവായി വരുന്ന മുറയ്ക്ക് പരിഹരിക്കപ്പെടും. ഡോ ചന്ദ്രമോഹനൻ കെ പി അറിയിച്ചു.

2.019 മേൽ വിഷയം പരിഗണിക്കാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

**Q No.14**

## Prof Soman P

FYUGP കോഴ്സ് question bank preparation ചെയ്യുന്ന question setters ന് ആവശ്യമായ സമയമോ റെമ്യൂണറേഷനോ കിട്ടുന്നില്ല എന്ന ബുദ്ധിമുട്ടു ഉണ്ട് എന്ന് അറിയുന്നു. അതുപോലെ സിലബസ് പകുതി പോലും കവർ ചെയ്തു കഴിയുന്നതിനു മുന്നുതന്നെ ഓരോ കോഴ്സിനും 200 ചോദ്യങ്ങളോടെ ചോദ്യപേപ്പർ സെറ്റ് ചെയ്തു കൊടുക്കാൻ പറയുന്നതും ക്വാളിറ്റിയെ ബാധിക്കുന്നു എന്ന് അറിയുന്നു. ക്വാളിറ്റി കുറഞ്ഞ, chat gpt based questions ലേക്ക് പോലും എത്തുന്നതിലേക്കു ഇത് കലാശിക്കുന്നു എന്ന് കേൾക്കുന്നു. ഇതിനു കണ്ണൂർ യൂണിവേഴ്സിറ്റി എന്ത് പരിഹാര മാർഗമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം: ചോദ്യ ബാങ്ക് തയ്യാറാക്കുന്നതിന് എല്ലാ അധ്യാപകർക്കും പലപ്പോഴായി ഓൺലൈൻ/ഓഫ് ലൈൻ മോഡിൽ

സർവകലാശാല പരിശീലനം നൽകിയിട്ടുണ്ട്. അതിനാൽ ഓരോ അധ്യാപകരും ചോദ്യബാങ്കിലേക്കുള്ള ചോദ്യങ്ങൾ നൽകുന്നതിനു മുമ്പേ Questions pattern പ്രകാരമുള്ളതാണോ എന്നും ചോദ്യത്തിന്റെ നിലവാരവും പരിശോധിക്കേണ്ടതുണ്ട് സെമസ്റ്റർ പരീക്ഷകൾ നടക്കുന്നതിനു മുമ്പേ ചോദ്യബാങ്കിലേക്കുള്ള ചോദ്യങ്ങളുടെ സൂക്ഷ്മപരിശോധനയും വിദ്യാർത്ഥികൾക്ക് മാതൃകാ പരീക്ഷകളും നടത്തേണ്ടതിനാലാണ് നേരത്തെ തന്നെ ചോദ്യങ്ങൾ തയ്യാറാക്കാൻ ആവശ്യപ്പെടുന്നത്. ഇപ്രകാരം തയ്യാറാക്കിയ ചോദ്യങ്ങൾ സൂക്ഷ്മപരിശോധനയ്ക്കു ശേഷം മാത്രമേ ചോദ്യബാങ്കിൽ ഉൾപ്പെടുത്തുന്നുള്ളൂ.

അവസാന ഘട്ടത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് സൂക്ഷ്മപരിശോധന നടത്തി ഒഴിവാക്കേണ്ട ചോദ്യങ്ങൾ ഒഴിവാക്കിയും നിലവാരം പരിശോധിച്ചുമാണ് ചോദ്യബാങ്കിന് അന്തിമ രൂപം നൽകുന്നത്.

**Q No.15**

**Dr. Premachandran Keezhoth**

NSS കേഡറ്റുകൾക്കും പ്രോഗ്രാം ഓഫീസർ മാർക്കും എല്ലാ വർഷവും അവാർഡുകൾ നൽകുമ്പോൾ NCC കേഡറ്റുകളെയും ഓഫീസർ മാരെയും 7 വർഷത്തോളമായി അവാർഡുകൾക്ക് പരിഗണിക്കാതെ അവഗണിക്കാനുള്ള കാരണമെന്താണ്? മുൻ സെനറ്റുകളിലും ഈ പ്രശ്നം ഉന്നയിച്ചിട്ടും നടപടികൾ ഉണ്ടാക്കാത്തത് എന്ത് കാരണത്താലാണ്.

ഉത്തരം: ഡോ.തോമസ് ജോസഫ്:- എൻ.സി.സി യൂണിറ്റുകൾ സർവകലാശാലയുടെ നിയന്ത്രണത്തിലല്ലാത്തതിനാൽ, കേഡറ്റുകളുടെയോ, യൂണിറ്റുകളുടെയോ യോഗ്യതാപത്രങ്ങൾ പരിശോധിക്കുന്നതിനുള്ള രേഖകളൊന്നും സർവകലാശാലയിൽ ഇല്ല, കൂടാതെ, എൻ.സി.സി.യുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനത്തിലും സർവകലാശാല ഉൾപ്പെട്ടിട്ടില്ലാത്തതിനാലും എൻ.സി.സി യുടെ പ്രവർത്തനങ്ങൾ സർവകലാശാല ആരെയും ഏൽപ്പിച്ചിട്ടില്ലാത്തതിനാലും, അപേക്ഷകൾ എൻട്രികൾ പ്രോസസ്സ് ചെയ്ത് വിലയിരുത്തുന്നത് പ്രായോഗികമല്ലാത്തതിനാലും എൻസിസി അവാർഡ് വിലയിരുത്തുന്നതിലും അനുവദിക്കുന്നതിലും സർവകലാശാലയ്ക്ക് ഒരു പങ്കുമില്ലാത്തതിനാലും, സിൻഡിക്കേറ്റ് തീരുമാന പ്രകാരം പുറപ്പെടുവിച്ച 04.10.2021 ലെ U.O.No,NSS/A2/143/2020 പ്രകാരം കണ്ണൂർ സർവ്വകലാശാല

തലത്തിൽ എൻ സി സി അവാർഡ് വിതരണം നിർത്താൻ തീരുമാനിച്ചിട്ടുണ്ട്.

2.020 എൻ. സി. സി. കോളേജുമായി/ യൂണിവേഴ്സിറ്റിയുമായി ബന്ധം ഇല്ല എന്നത് തികഞ്ഞ നിരുത്തരപരമായ മറുപടി ആണ്. എൻ സി സി യും എൻ എസ് എസ് ഉം വിദ്യാർത്ഥികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ്. കേന്ദ്ര സർക്കാരും കേരള സർക്കാരും ഫണ്ട് നൽകുന്നതാണ്. ഇത് 2016-ന് മുന്നേ കൊടുത്തു കൊണ്ടിരുന്ന ഒരു കാര്യം കൂടിയാണ്. DSS ആയിരുന്നു അതിന്റെ ഉത്തരവാദിത്വം. കൃത്യമായി എല്ലാ യൂണിറ്റിനും ഓഫീസർ മാർക്കും അന്ന് കൊടുത്തിട്ടുണ്ടായിരുന്നു. യൂണിവേഴ്സിറ്റി കൊടുക്കാൻ ബാധ്യത ഇല്ല എന്ന് പറയുന്നതിന് ശക്തമായ പ്രതിഷേധം കൂടി അവതരിപ്പിക്കുകയാണെന്ന് ഡോ. പ്രേമചന്ദ്രൻ കിഴോത്ത് അറിയിച്ചു.

2.021 വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്യുന്ന വിഷയമായതിനാൽ എന്താണ് ചെയ്യാൻ പറ്റുക എന്ന് പരിശോധിക്കാമെന്നും. സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ ഉള്ളതാണെങ്കിൽ ചെയ്യാമെന്നും. വൈസ് ചാൻസിലർ അറിയിച്ചു

**Q No.16**

**Dr. Rathnakara M**

The Kannada Department at Kasaragod Campus was established under the School of Indian Languages in 1997. Over the years, it has awarded nearly eight Ph.D. degrees and fifteen M.Phil. degrees while also organizing several national seminars. However, the current state of the department is concerning. Most notably, there is no Kannada Coordinator. what are the reasons for this inconvenience and what measures the university had taken regarding this ?

**Ans:Dr.A Ashokan**: According to the Syndicate decision dated 04/07/2023 item No.2023.327, regarding the necessity of appointing a Course Director in the Kannada Department, Dr.A.Ashokan, Member Syndicate was appointed to study and report on the need. He has submitted the report and the same is under the consideration of the University

2.022 കാസർഗോഡ് ക്യാമ്പസിലെ കന്നഡ വിഭാഗം ലിംഗ്സ്റ്റിക് മൈനോറിറ്റി ഏരിയയിൽ അനുവദിച്ച ഒരു സെൻറ്റർ ആണ്. കേരളത്തിൽ ലിംഗ്സ്റ്റിക് മൈനോറിറ്റി തമിഴ്, കന്നട

എന്നിങ്ങനെയാണ്. ലിംഗ്സ്റ്റിക് മൈനോറിറ്റി സെൻറ്റർ അവിടെ അനുവദിച്ചെങ്കിൽ ധാരാളം Phd കളും M Phil റിസർച്ച് പേപ്പറുകളും അവിടെ വരുമായിരുന്നു. നാല് വർഷമായി അവിടെ സ്വന്തം കോർഡിനേറ്റർ ഇല്ല. J.R.F. വിദ്യാർത്ഥികളെ നോക്കാനും സൂപ്പർ വൈസ് ചെയ്യാനും ആളില്ല. വളരെ പരിതാപകരായ അവസ്ഥയിലാണ്. ഇതിന് ഒരു പരിഹാരം ഉടനടി വേണം. ഡോ. രത്നാകര എം ആവശ്യപ്പെട്ടു

2.023 ഇന്ത്യൻ നോളേജ് സിസ്റ്റം ആരംഭിക്കുക എന്നത് UGC യുടെ mandatory ആയിട്ടുള്ള ആവശ്യമാണ്. എല്ലാ സെൻറ്റേഴ്സും അതിന്റെ കിഴിലേക്ക് മാറ്റുന്നുണ്ട്. ഹിന്ദിയുടെ മേധാവിക്കാണ് അതിന്റെ ചാർജ് കൊടുത്തിരിക്കുന്നത്. അതിന്റെ പ്രൊപോസൽസ് ഗവണ്മെന്റിനു അയച്ചു കൊടുത്തിട്ടുണ്ട് ആവശ്യമായ ഫണ്ടിംഗ് വന്നുകഴിഞ്ഞാൽ അത് നല്ല രീതിയിൽ തന്നെ മുന്നോട്ടു പോകും. വൈസ് ചാൻസിലർ അറിയിച്ചു

**Q No.17**
**Smt.Soorya Alex**

കഴിഞ്ഞ മൂന്ന് അക്കാഡമിക് വർഷങ്ങളിൽ ഓരോ വർഷവും വിദ്യാർത്ഥികളിൽ നിന്ന് വിവിധ ഫീസ് ഇനത്തിൽ (പരീക്ഷ ഫീസ്, റീ വാലുയേഷൻ ഫീസ്, രെജിസ്ട്രേഷൻ ഫീസ് ) എന്നിങ്ങനെയുള്ള വ്യത്യസ്ഥ ഫീസിനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിച്ച തുക തരം തിരിച്ച് വ്യക്തമാക്കുക.

ഉത്തരം: ഡോ. സജിത പി കെ: പരീക്ഷാ ഫീസ് എന്ന കാറ്റഗറിയിൽ തന്നെയാണ് വിദ്യാർത്ഥികൾ സർവ്വകലാശാലയിലേക്ക് രജിസ്ട്രേഷൻ ഫീസ് അടക്കുന്നത്. ആയതിനാൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പരീക്ഷാ ഫീസ്, റീ വാലേഷൻ ഫീസ് എന്നീ ഫീസിനത്തിൽ സർവ്വകലാശാലക്ക് ലഭിച്ച തുകകൾ താഴെ ചേർക്കുന്നു.

| വർഷം | പരീക്ഷാ ഫീസ് (രജിസ്ട്രേഷൻ ഫീ ഉൾപ്പെടെ) | റീ വല്യൂഷൻ ഫീ (സ്ക്രൂട്ടിനി ഫീ ഉൾപ്പെടെ) | വിദൂരവിദ്യാഭ്യാസ വിഭാഗം പരീക്ഷ ഫീസ് ഫീസ് (രജി: ഫീ ഉൾപ്പെടെ ) |
|---|---|---|---|
| 2021-22 | 15,50,17,577/- | 65,08,777 /- | 261,57,090/- |
| 2022-23 | 20,37,89,541/- | 86,62,199 /- | 181,58,122/- |
| 2023-24 | 17,61,97,301/- | 69,89,107/- | 2,48,43,499/- |

**Q No.18**
**Prof Soman P**

അഫിലിയേറ്റഡ് കോളേജുകളിലെ പല highly qualified അധ്യാപകർക്ക് പോലും ആവശ്യമായ റിസർച്ച് center & guide ship അനുവദിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നു എന്ന് അറിയുന്നു. അഫീലിയേറ്റഡ് കോളേജിലെ അധ്യാപകരെ യൂണിവേഴ്സിറ്റി system ത്തിന്റെ ഭാഗമായി കാണുന്നില്ല എന്ന പരാതിയും പലർക്കും ഉണ്ട് എന്ന് അറിയുന്നു. അതുപോലെ റിസർച്ച് സെന്റർ ആരംഭിക്കാൻ ഭീമമായ ഫീ കണ്ണൂർ യൂണിവേഴ്സിറ്റി ചാർജ് ചെയ്യുന്നു എന്നും ഉള്ള ബുദ്ധിമുട്ടുകേൾക്കുന്നു. ഈ പ്രശ്നങ്ങൾക്ക് കണ്ണൂർ യൂണിവേഴ്സിറ്റി എന്ത് പരിഹാര മാർഗമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

**ഉത്തരം**: റിസർച്ച് സെൻറർ/ഗൈഡ്ഷിപ്പ് അനുവദിക്കുന്നുന്നതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാൻ 25 .02 .2025 തീയ്യതിയിൽ നടന്ന Standing Committee of the Syndicate on CRLP യോഗത്തിൽ ശിപാർശ ചെയ്ത കാര്യങ്ങൾ ഉൾപ്പെടുത്തി Research Centre and Guideship Guidelines ഭേദഗതി ചെയ്ത് Guidelines അന്തിമമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ് .

20.07.2024 തീയ്യതിയിൽ ചേർന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ ഐറ്റം നമ്പർ 2024 .631 തീരുമാനപ്രകാരം പുറപ്പെടുവിച്ച 08.08.2024 തീയ്യതിയിലെ RDC1/Fee Enhancement /2019 നമ്പർ ഉത്തരവനുസരിച്ചുള്ള ഫീസ് നിരക്ക് ആണ് Research Centre ആരംഭിക്കാനായി സർവകലാശാല ഈടാക്കുന്നത്.

**Q No.19**
**Dr.Siby Phillp**

കണ്ണൂർ സർവകലാശാലയ്ക്ക് കീഴിൽ ഉള്ള എത്ര കോളജുകൾ AISHE സർവ്വേയിൽ ഡാറ്റാ നൽകിയിട്ടുണ്ട്? ഡാറ്റാ നൽകുന്നത് പ്രോത്സാഹിപ്പിക്കുവാൻ യൂണിവേഴ്സിറ്റി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ.

ഉത്തരം: ഡോ.തോമസ് മോനൊത്ത്:- കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലുള്ള 105 കോളേജുകൾ AISHE ഡാറ്റ നൽകിയിട്ടുണ്ട് AISHE ഡാറ്റ സമർപ്പിക്കുന്നതിൻ്റെ പ്രാധാന്യത്തെ പറ്റി യൂണിവേഴ്സിറ്റി എല്ലാ കോളേജ് നോഡൽ ഓഫീസർമാരെയും പ്രിൻസിപ്പൽമാരെയും അറിയിച്ചിട്ടുണ്ട്. കൂടാതെ AISHE portal വഴി പ്രസ്തുത വിവരങ്ങൾ മോണിറ്റർ ചെയ്തു കൊണ്ട് AISHE ഡാറ്റ

സമർപ്പിക്കാത്ത കോളേജുകളെ നേരിട്ട് ബന്ധപ്പെടുകയും ഡാറ്റ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**Q No.20**

**Dr.Dinesh T**

കണ്ണൂർ സർവ്വകലാശാലയുടെ students Grievance Redressal Committee രൂപീകരിച്ച് 01.11.2024 ന് റിലീസ് ചെയ്ത U.O യു ജി സി യുടെ 2023 ഏപ്രിൽ മാസത്തിൽ പുറത്തിറങ്ങിയ Redressal of Grievances of Students Regulations 2023 ന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക നുസൃതമായാണോ?

1. അതിന്റെ ഘടന എന്താണ് ?
2. അതിൽ വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ?
3. Affiliated കോളേജുകളിൽ നിന്ന് അധ്യാപക പ്രതിനിധികൾ/ പ്രിൻസിപ്പൽമാർ ഈ സമിതിയിൽ ഉണ്ടോ ?
4. കണ്ണൂർ സർവ്വകലാശാല statuteപ്രകാരം രൂപിക്കരിച്ച BASG (Board for Adjudication of Students Grievances) ഇപ്പോൾ നിലവിലുണ്ടോ ?

ഉത്തരം:

1. a) A Professor-Chairperson
   b) Four Professors/Senior Faculty Members of the Institution as Members.
   c) A representative from among students to be nominated on academic merit/excellence in sports/performance in co curricular activities Special Invitee
2. ഉണ്ട്.
3. ഇല്ല.
4. ഉണ്ട്.

**Q No.21**

**Sri Muhammed Haseeb T K**

a) 2008-11 ബിരുദ ബാച്ചിന് നടപ്പിലാക്കിയ ഗ്രേഡിംഗ് സംവിധാനത്തിലെ അപാകത തിരുത്തണമെന്ന 08/08/24 ലെ കേരള ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർവകലാശാല സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

b) മേൽ പരാമർശിച്ച ഉത്തരവ് നടപ്പിലാക്കുമ്പോൾ 2008-11 ബിരുദ ബാച്ചിന്റെ നേരത്തെ നിശ്ചയിച്ച പാസ്സ് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതായി വരും അങ്ങനെ വരുന്ന പക്ഷം CGPA 2

നേടാത്തതിനാൽ പരാജയപ്പെട്ട വിദ്യാർത്ഥികളെ വിജയിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

C) കണ്ണൂർ സർവകലാശാല 2008-11 ബിരുദ ബാച്ചിന് മാത്രമായി പി.ജി പ്രവേശനത്തിനുള്ള യോഗ്യതയായ ബിരുദ മാർക്കിൽ പ്രത്യേക ഇളവ് നൽകി 12/11/12 ന് ഉത്തരവിറക്കിയത് എന്തിനാണ്?

ഉത്തരം: ശ്രീ.സജിത്ത് കുമാർ പി

a & b). മേൽ വിഷയം പരിശോധിച്ച വൈസ് ചാൻസലർ Standing Committee on Legal Affairs വഴി സിണ്ടിക്കേറ്റിലേക്ക് സമർപ്പിക്കാനാണ് ഉത്തരവായിട്ടുള്ളത്. 25.02.2025 ന് ചേർന്ന Standing Committee on Legal Affairs പ്രസ്തുത വിഷയം പരിശോധിക്കുകയും അംഗീകരിക്കാൻ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സിണ്ടിക്കേറ്റ്. പരിഗണിക്കുന്നതാണ്

c) 2008 പ്രവേശന വർഷം മുതൽ കണ്ണൂർ സർവകലാശാല ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 2011-12 അദ്ധ്യയന വർഷത്തെ PG പ്രവേശനത്തിനുള്ള യോഗ്യതാ മാനദണ്ഡം നിശ്ചയിക്കുന്നതിന് ഒരു സബ് കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2011 വർഷത്തെ PG പ്രവേശനത്തിനുള്ള മിനിമം യോഗ്യത 2008 ബിരുദ ബാച്ചിന്റെ മിനിമം Pass Condition ആയിട്ടുള്ള C+ ഗ്രേഡ് ( CGPA 2 .00 in part III) ആയി നിജപ്പെടുത്തി സർവകലാശാല ഉത്തരവ് (dated 26.07.2011) ഇറക്കിയിട്ടുണ്ട്. പ്രസ്തുത യോഗ്യത മാനദണ്ഡം MBA, MCA, MSW തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് ബാധകമായിരുന്നില്ല. മേൽ PG പ്രവേശന യോഗ്യതാ മാനദണ്ഡം MBA, MCA, MSW തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്കും ബാധകമാക്കണമെന്ന 2008 ബിരുദ ബാച്ച് വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിച്ച്, പ്രസ്തുത പ്രൊഫഷണൽ കോഴ്സുകൾ കൂടെ ഉൾപ്പെടുത്തി കൊണ്ട് 26.07.2011 ലെ സർവകലാശാല ഉത്തരവ് പുതുക്കി ഇറക്കിയതാണ് 12/11/12 ലെ ഉത്തരവ്

2.024 തോറ്റ വിദ്യാർത്ഥികളെ വിജയിപ്പിക്കാനുള്ള റെക്കമെന്റഷൻ ആണോ കമ്മറ്റി ഓൺ ലീഗൽ അഫയേഴ്സ് സിണ്ടിക്കേറ്റിന് റെക്കമെൻറ് ചെയ്തിട്ടുള്ളത്-മുഹമ്മദ് ഹബീബ് ഉപ ചോദ്യം ചോദിച്ചു.

2.025 സാധാരണയായി percentage ആണ് CGPA യിലേക്ക് കൺവെർട്ട് ചെയ്യുന്നത്. അവിടെ തിരിച്ചാണ് അന്ന് ചെയ്തു പോയത്. അടുത്ത വർഷം മുതൽ അത് ശരിയാക്കിയിട്ടുണ്ട്. അതിന്റെ കൂടെ ഒരു മേഴ്സി ചാൻസ് കൊടുക്കേണ്ട കാര്യം കൂടിയുണ്ട്.

വിഷയം ശ്രദ്ധയിൽ വന്നിട്ടുണ്ട് എന്നും വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

**Q No.22**

**Sri Muhammed Haseeb T K**

കണ്ണൂർ സർവകലാശാല യൂണിയൻ കലോത്സവ സംഘാടക സമിതി രൂപീകരണത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

b) ഇതുമായി ബന്ധപ്പെട്ട് നിയമങ്ങളോ, ഉപനിയമങ്ങളോ,ചട്ടങ്ങളോ നിലനിൽക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവ വ്യക്തമാക്കുക.

c) ഈ വർഷത്തെ കലോത്സവ സംഘാടക സമിതി രൂപീകരണത്തിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ?

ഉത്തരം: ഡോ. എ അശോകൻ:- കണ്ണൂർ സർവകലാശാല കലോത്സവ നിയമാവലി Clause 3.17 പ്രകാരം കലോത്സവ സംഘാടക രൂപീകരണവുമായി ബന്ധപ്പെട്ട് ഇപ്രകാരമാണ് 'പറഞ്ഞിട്ടുള്ളത് "സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറിയായിരിക്കും കലോത്സവ സംഘാടക സമിതിയുടെ ജനറൽ കൺവീനർ. സംഘാടക സമിതിക്ക് മറ്റൊരു ജനറൽ കൺവീനർ ഉണ്ടാവാൻ പാടില്ല. അതുപോലെ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ഒരു അഫിലിയേറ്റ് കോളേജിലെയോ സർവകലാശാല ടീച്ചിങ് ഡിപ്പാർട്ട്മെൻറിലെയോ ഒരു മുതിർന്ന അദ്ധ്യാപകനും, കൺവീനർ നിലവിലുള്ള സർവകലാശാല യൂണിയനിലെ ഒരു ഭാരവാഹിയുമായിരിക്കണം."

b) ഇല്ല.

C) കലോത്സവ സംഘാടക സമിതി രൂപീകരണവുമായി ബന്ധപ്പെട്ട് Clause 3.17 പ്രകാരം സർവകലാശാല കലോത്സവ മാനുവലിൽ വ്യക്തമാക്കിയതനുസരിച്ചാണ് ഈ വർഷവും കലോത്സവം നടത്തിയിട്ടുള്ളത്.

**Q No.23**

**Dr.Siby Philip**

FYUGP യിൽ വിദ്യാർഥികളുടെ നൈപുണ്യ വികസനത്തിന് വലിയ പ്രാധാന്യമുണ്ട്. അത്തരത്തിൽ വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിന് വേണ്ടി എന്തെങ്കിലും പ്രവർത്തനങ്ങൾ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ആരംഭിക്കാനുള്ള തീരുമാനമുണ്ടോ എന്ന് വിശദമാക്കാമോ.?

ഉത്തരം: വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിൻ്റെ ഭാഗമായി FYUGP റെഗുലേഷൻ വിഭാവനം ചെയ്തിരിക്കുന്ന Skill Enhancement Course കൾ ഒട്ടുമിക്ക പ്രോഗ്രാമുകളുടെയും സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2.026 ASAP ന്റെ ഒരു സ്കിൽ ഡെവലപ്പ്മെന്റ് കോഴ്സ്സെന്റർ ഇവിടെ ആരംഭിച്ചിട്ടുണ്ട്. എല്ലാ കോളേജിലും കോഴ്സ് ലഭ്യമാണ്. വൈസ് ചാൻസിലർ അറിയിച്ചു.

**Q No.24**

**Dr.Premachandran Keezhoth**

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിച്ചിട്ടും പരീക്ഷ ചോദ്യ ബാങ്ക് ഉണ്ടാക്കാൻ മറ്റ് അധ്യാപകരെ ചുമതലപ്പെടുത്തുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്?

ഉത്തരം: ഡോ.എ അശോകൻ:- പല വിഷയങ്ങളുടെയും ബോർഡ് അംഗങ്ങൾ സർവകലാശാലയ്ക്ക് പുറത്ത് ഉള്ളവരും ഉണ്ട്. ചോദ്യബാങ്ക് തയ്യാറാക്കുന്നതിനായി ഓരോ കോഴ്സിനും ഇരുന്നൂറിലധികം ചോദ്യങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. ചോദ്യങ്ങൾ സർവകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളെ വച്ച് മാത്രം ചെയ്യുന്നത് പ്രായോഗികമല്ല. കൂടാതെ ചോദ്യ ബാങ്ക് തയ്യാറാക്കുന്നതിനായി വിഷയവുമായി ബന്ധപ്പെട്ട എല്ലാ അധ്യാപകരേയും ഉൾപ്പെടുത്തുന്നത് ഗുണനിലവാരമുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നതിനും എല്ലാവരുടെയും പ്രാതിനിധ്യം ഉറപ്പുവരുത്താനും സഹായിക്കും.

2.027 സബ്ജെക്റ്റിന്റെയും വിദ്യാർത്ഥികളുടെയും വിഷയം കൃത്യമായി അറിയുന്ന, വളെര എക്സ്പീരിയൻസ് ആയ ആളുകളെ ഉൾപ്പെടുത്തി കൊണ്ട് വളരെ ഗൗരവത്തോടെ മുൻപ് ഉണ്ടാക്കിയ രീതിയിൽ ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ടാക്കുകയും, ക്വസ്റ്റിൻ തയ്യാറാക്കുന്ന ആൾക്ക് കൃത്യസമയത്ത് റെമ്യൂണറേഷൻ നൽകുകയും വേണം.- ഡോ. പ്രേമചന്ദ്രൻ കിഴോത്ത് ആവശ്യപ്പെട്ടു.

2.028 ഓൺലൈൻ ചോദ്യബാങ്ക് എന്ന സംവിധാനത്തിലേക്ക് സർവ്വകലാശാല മാറുന്നത് കാലത്തിന് അനുസരിച്ചു മാറുക എന്ന രീതിയുടെ ഭാഗമായിക്കൂടിയാണ്. നിലവിലുള്ള പരീക്ഷ ചോദ്യ പേപ്പറുകൾക്ക് നമ്മൾ കണ്ടെത്തിയിട്ടുള്ള ചില പ്രയാസങ്ങൾ പ്രശ്നങ്ങൾ അത് അഡ്രസ് ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് ഓൺലൈൻ ചോദ്യ ബാങ്കിലേക്ക് നമ്മൾ കടക്കുന്നത്. രണ്ടു വിഷയങ്ങളാണ് ഇതിലുള്ളത്. ഒന്ന് നിലവിലുള്ള ചോദ്യ പേപ്പറുകൾ ഉണ്ടാക്കുന്നത്

യൂണിവേഴ്സിറ്റിക്ക് പുറത്തുള്ള experts ആണ്. യൂണിവേഴ്സിറ്റിക്ക് പുറത്തുള്ള experts ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ നമ്മുടെ യൂണിവേഴ്സിറ്റിയിലെ അധ്യാപകർ പഠിപ്പിക്കുന്ന പാഠഭാഗങ്ങളെ സംബന്ധിച്ച് സിലബസ് മാത്രമാണ് അവർ കൊടുക്കുന്നത്. അതുകൊണ്ട് തന്നെ അവർ ഉണ്ടാക്കി സമർപ്പിക്കുന്ന ചോദ്യങ്ങൾ പലപ്പോഴും നിലവാരം കുറഞ്ഞതോ അല്ലെങ്കിൽ ഔട്ട് ഓഫ് സിലബസൊ ഒക്കെ വരുന്ന സാഹചര്യങ്ങൾ ഉണ്ട്. അതിനെയാണ് നമ്മൾ അഡ്രസ് ചെയ്യാൻ ശ്രമിക്കുന്നത്. രണ്ട് നമ്മൾ പഠിപ്പിക്കുന്ന പാഠ ഭാഗങ്ങളിലെ ചോദ്യങ്ങൾ ആരാണ് തയ്യാറാക്കേണ്ടത് എന്ന് ചോദിക്കുമ്പോൾ തീർച്ചയായും അധ്യാപകർ തന്നെയാണ് എന്നുള്ള ഒരു വലിയ ആശയത്തിന്റെ ഭാഗമായിട്ട് കൂടിയാണ് ഓൺലൈൻ question ബാങ്കിലേക്ക് മാറാൻ കണ്ണൂർ യൂണിവേഴ്സിറ്റി തയ്യാറായത്. അതുകൊണ്ട് തന്നെ അതിൽ നമുക്ക് FYUGP പ്രോഗ്രാം implement ചെയ്യുന്നതിന്റെ ഭാഗമായാണ് ONLINE QUESTION BANK affiliated കോളേജുകളിലേക്ക് വന്നിട്ടുള്ളത്. നേരത്തെ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിൽ വളരെ വിജയകരമായിട്ടു തന്നെ നമുക്ക് ONLINE QUESTION BANK നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ ഗുണനിലവാരം നിലനിർത്താനും സാധിച്ചിട്ടുണ്ട്. പക്ഷെ FYUGP implement ചെയ്യുന്ന സമയത്ത് സമയ ക്രമത്തിൽ ഒരു ചെറിയ പ്രശ്നം സംഭവിച്ചിരുന്നു. ആ ചുരുങ്ങിയ സമയത്തിനുള്ളിൽ ആദ്യ ഘട്ടമെന്ന നിലയിൽ ഓൺലൈൻ question ബാങ്ക് തയ്യാറാക്കുമ്പോൾ എല്ലാ അധ്യാപകരുടെയും പൂർണമായിട്ടുള്ള സഹകരണം ഉണ്ടെങ്കിൽ മാത്രമേ അത് വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ. എല്ലാ അധ്യാപകരും ഇതുവരെയും വലിയ രീതിയിൽ സഹകരിച്ചിട്ടുണ്ട്. ചെറിയ ചില വീഴ്ചകൾ സ്വാഭാവികമായിട്ടും സംഭവിച്ചിട്ടുണ്ട്. അത് പരിഹരിച്ചു കൊണ്ട് നമ്മൾ ഓൺലൈൻ question ബേങ്ക് എന്ന സംവിധാനത്തിലേക്ക് വളരെ വിജയകരമായിട്ട് മുന്നോട്ട് പോവുകയാണ്. അത് നടപ്പിൽ വരുത്തുകയാണെങ്കിൽ നമ്മുടെ കുട്ടികൾക്ക് അതുകൊണ്ടുണ്ടാകുന്ന ഗുണം എന്ന് പറയുന്നത് വലുതാണ്. അതിന്റെ ഒരു ഉദാഹരണം പറയുകയാണെങ്കിൽ ഒരു കുട്ടി ഏതു സമയത്തും എനിക്ക് പരീക്ഷ നടത്തിത്തരണം എന്ന് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടു കഴിഞ്ഞാൽ നമുക്ക് പരീക്ഷ നടത്തി ക്കൊടുക്കാനുള്ള സൗകര്യം അതുവഴി നടപ്പിലാകും എന്നുള്ളതാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം

അതിനെ ആ പോസിറ്റീവ് സ്പിരിറ്റിൽ കാണണം എന്നുള്ളതാണ് - ഡോ.ചന്ദ്രമോഹൻ . കെ.പി. അഭ്യർത്ഥിച്ചു

2.029 വളരെ കുറച്ച് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ മാത്രമാണ് മാത്രമാണ് ഇതിനോട് സഹകരിക്കുന്നത്. ബോർഡ് ഓഫ് സ്റ്റഡീസ് ഇപ്പോഴും ഓൺലൈൻ മീറ്റിങ് ആണ് ചേരുന്നത് എന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്തുകൊണ്ട് ഓഫ് ലൈൻ മീറ്റിംഗ് കൂടിച്ചേർന്ന് വളരെ കാര്യക്ഷമമായി ഈ ഒരു question ബാങ്ക് തയ്യാറാക്കുകയും സിലബസ് discussion ഉൾപ്പെടെയുള്ള കാര്യങ്ങൾ കാര്യക്ഷമമായി ചെയ്യാൻ മുതിരുന്നില്ല എന്നുള്ളതും ചോദ്യമായി വരികയാണ് എന്ന് ഡോ പ്രജിത പി അറിയിച്ചു.

2.030 Question ബാങ്കിന്റെ കാര്യത്തിൽ മൂന്നു നാല് workshop കൾ നടത്തിയിട്ടുള്ളതാണ്. അന്നത്തെ Question Bank ഒരു മാതൃക Question Bank ആണ്. കണ്ണൂർ യൂണിവേഴ്സിറ്റിയാണ് ആദ്യമായിട്ട് അങ്ങനെയൊരു സിസ്റ്റം നടപ്പിലാക്കിയത്. അതുകൊണ്ട് നമുക്ക് സമയത്തിന് പരീക്ഷ നടത്താൻ പറ്റി. എട്ട് ഒമ്പത് ദിവസങ്ങൾ കൊണ്ട് റിസൾട്ട് പബ്ലിഷ് ചെയ്യാൻ പറ്റി. ബാക്കിയുള്ള യൂണിവേഴ്സിറ്റികൾ കണ്ണൂർ സർവ്വകലാശായുടെ Question Bank സോഫ്റ്റ് വെയർ നൽകാൻ ആവശ്യപ്പെട്ട സാഹചര്യമുണ്ടായിരുന്നു. പിന്നെ Dr. ചന്ദ്രമോഹൻ പറഞ്ഞതുപോലെ തുടക്കത്തിൽ കുറച്ച് teething problems ഉണ്ടായിട്ടുണ്ട്. ഇത്തവണ അതൊക്കെ പരിഹരിച്ച് നമുക്ക് മുന്നോട്ടു പോവാം പരമാവധി ആൾക്കാരെ ഉൾപ്പെടുത്തി question ബാങ്ക് തയ്യാറാക്കാം. Question Bank ഉണ്ടെങ്കിൽ മാത്രമേ നമുക്ക് multi disciplinary courses ഓഫർ ചെയ്യാൻ പറ്റൂ. സെക്കൻഡ് സെമസ്റ്റർ ആവുമ്പോൾ സ്വാഭാവികമായി കാര്യങ്ങൾക്ക് കുറച്ച് കൂടി വ്യക്തത വരും. അതുപോലെ തന്നെ proposals for having offline cyllabus curriculam development camps schedule ചെയ്തിട്ടുണ്ട്. BoS എല്ലാം ഓഫ്ലൈൻ ആയിട്ട് മീറ്റ് ചെയ്യണം എന്ന് തന്നെയാണ് എല്ലാവരുടെയും ആഗ്രഹം. പിന്നെ സർവ്വകലാശാല Multi Campus ആയതു കൊണ്ടും പല സ്ഥലത്തും ഉള്ള പലർക്കും അസൗകര്യം ഉള്ളതിനാൽ പെട്ടെന്ന് നടത്തേണ്ടി വരുന്നത് കൊണ്ടുമാണ് ഓൺലൈൻ ആകുന്നത്. പരമാവധി മീറ്റിംഗ് ഓഫ്ലൈൻ ആക്കി നടത്താമെന്നും വൈസ് ചാൻസിലർ ഉറപ്പ് നൽകി

**Q No.25**

**<u>Smt.Soorya Alex</u>**

കെ റിപ്പ് പദ്ധതി നടപ്പിലാക്കുന്നത് വഴി നിലവിൽ സർവ്വകലാശാലയിൽ പരീക്ഷ രെജിസ്ട്രേഷൻ ഫീസുൾപ്പെടെ

യുള്ള ഫീസ് തുക ഈടാക്കുന്ന എല്ലാ നടപടികളിലും ഈടാക്കുന്ന ഫീസുകളെല്ലാം സർവ്വകലാശാല അക്കൗണ്ടിലേക്കാണോ അതോ ബന്ധപ്പെട്ട ഏജൻസിയുടെ അല്ലെങ്കിൽ കമ്പനിയുടെ അക്കൗണ്ടിലേക്കാണോ പോകുന്നത്? ആയതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കുക.

**ഉത്തരം:** കെ-റീപ്പ് പദ്ധതി നടപ്പിലാക്കുന്നത് വഴി നിലവിൽ സർവകലാശാലയിൽ പരീക്ഷ രജിസ്ട്രേഷൻ ഫീസുൾപ്പെടെയുള്ള ഫീസ് തുക ഈടാക്കുന്ന നടപടികളിലും ഈടാക്കുന്ന ഫീസുകളെല്ലാം സർവകലാശാല അക്കൗണ്ടിൽ തന്നെയാണ് ക്രെഡിറ്റാവുന്നത്.

**Q No.26**
**Sri Asif Iqbal Kakkassery**

25/01/2025 നു കണ്ണൂർ സർവ്വകലാശാല സെനറ്റ് യോഗത്തിൽ ചോദ്യം നമ്പർ 73 നൽകിയ മറുപടി അനുസരിച്ച് അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ഗൈഡ്ഷിപ്നായി സർവ്വകലാശാലയിൽ ലഭിച്ച അപേക്ഷകളിൽ 12 അപേക്ഷകൾ അപൂർണ്ണമാണെന്നും, 43 എണ്ണം പരിഗണനയിലാണെന്നും അറിയിച്ചിരുന്നു.

താഴെ പറയുന്ന വിവരങ്ങൾ അറിയാൻ താൽപര്യപ്പെടുന്നു .

a. 12 അപൂർണ്ണമായ അപേക്ഷകളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്താനോ പുതുതായി അപേക്ഷിക്കാനോ അപേക്ഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?
b. പരിഗണനയിൽ ഉള്ള 43 അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണ്?
c. 2022 മുതൽ 97 അപേക്ഷകൾ സർവ്വകലാശാലയി ലഭിച്ചിരുന്നു എന്ന് പറഞ്ഞപ്പോഴും, അത് ഏത് ഡേറ്റുവരെ എന്ന് പ്രസ്തുത മറുപടിയിൽ വ്യക്തമായിരുന്നില്ല. 20/02/2025 വരെ അംഗീകരിക്കാൻ ബാക്കിയുള്ള പുതിയതും പഴയതുമായ ഗൈഡ്ഷിപ്പ് അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം: അപൂർണ്ണമായ അപേക്ഷകളിൽ കൂട്ടിച്ചെർക്കലുകൾ നടത്തൻ അപേക്ഷകർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മറുപടി ലഭിക്കുന്നതനുസരിച്ചു ഫയലുകൾ Process ചെയ്യുന്നുണ്ട്.

**B**. 43 അപേക്ഷകളിൽ :

1. 19 എണ്ണം PG കോളേജ് അല്ലാത്തതിൻറെ കാരണത്താൽ pending ഇൽ ആണ് ഉള്ളത്. പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു.വൈസ് ചാൻസിലർ letter No. RD / SO RDD/1077/2022 dated 28.12.2023 കത്ത് മുഖേന UGC യെ രേഖാമൂലം ബന്ധപ്പെട്ടിട്ടുണ്ട്. UGC യിൽ നിന്ന് മറുപടി ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അപേക്ഷയിൽ ഗൈഡ്ഷിപ്പ് നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
2. ഒരു (1 ) അപേക്ഷകൻ ലൈബ്രേറിയൻ ആയതിനാൽ pending ഇൽ ആണ് (UGC റെഗുലേഷൻ പ്രകാരം ലൈബ്രേറിയനു ഗൈഡ്ഷിപ്പ് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല)
3. രണ്ട് (2) അപേക്ഷകൾ proposed centre ന് റിസർച്ച് അംഗീകാരം ലഭിക്കാത്തതിനാൽ pending ആണ് ഉള്ളത്
4. ഒരു (1) അപേക്ഷ, സേവന കാലാവധി 3 വർഷത്തിൽ കുറവായതിനാൽ reject ചെയ്തു. (റെഗുലേഷൻ പ്രകാരം retirement ന് കുറഞ്ഞത് 3 വർഷ കാലാവധി ഉള്ളവർക്കാണ് ഗൈഡ്ഷിപ്പ് നൽകുന്നത് ).
5. എട്ട് ( 8 ) അപേക്ഷകൾ പരിഗണനയിലാണ്.
6. പന്ത്രണ്ട് (12) അപേക്ഷകർക്ക് ഗൈഡ്ഷിപ്പ് അനുവദിച്ചു നൽകിയിട്ടുണ്ട് .

C. 05-03-2025 വരെ ആകെ അപേക്ഷകളുടെ എണ്ണം 99. 2 അപേക്ഷകൾ പൂർത്തിയായിട്ടില്ല എന്നാണ് ഓൺലൈൻ അപേക്ഷ പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. അംഗീകരിക്കാൻ ബാക്കിയുള്ളത് – 37.

**Q No.27**

**Sri: Ashith Ashokan T**

2024-25 വർഷത്തെ കണ്ണൂർ സർവ്വകലാശാല യൂണിയൻ കലോത്സവവുമായി ബന്ധപ്പെട്ട് സർവ്വകലാശാല കലോത്സവ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള തുക എത്ര?

a. ഓരോ വർഷങ്ങളിലും യൂണിയൻ കലോത്സവത്തിനായി സർവ്വകലാശാല അനുവദിക്കുന്ന തുക എത്ര ?
b. സർവ്വകലാശാല യൂണിയൻ കലോത്സവത്തിനായി അനുവദിക്കുന്ന തുക ചിലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മറ്റ് വിശദാംശങ്ങളും സംബന്ധിച്ച് കഴിഞ്ഞ മൂന്ന് വർഷകാലത്തിനിടയ്ക്കുള്ള ഓഡിറ്റ് റിപ്പോർട്ടിൽ എന്തെങ്കിലും പോരായ്മ ചൂണ്ടി കാട്ടിയിട്ടുണ്ടോ ഉണ്ടെങ്കിൽ വ്യക്തമാക്കുക?

**ഉത്തരം:**

21/02/25 ലെ DSS/A1/8/2025 നം. സർവ്വകലാശാല ഉത്തരവ് പ്രകാരം 2024-25 വർഷത്തെ കണ്ണൂർ സർവകലാശാല യൂണിയൻ കലോത്സവവുമായി ബന്ധപ്പെട്ട് Rs.24,00,000/- (ഇരുപത്തിനാല് ലക്ഷം രൂപ മാത്രം) അടങ്കൽ തുകയായി അംഗീകരിച്ചുകൊണ്ട് Rs. 16,80,000/ -(പതിനാറ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) മുൻകൂർ തുകയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

a. ഓരോ വർഷങ്ങളിലും യൂണിയൻ കലോത്സവത്തിനായി സർവകലാശാല അനുവദിച്ച തുക..

| സർവകലാശാല കലോത്സവം | സർവകലാ ശാല ഉത്തരവ് | എസ്റ്റിമേറ്റ് | അഡ്വാൻസ് | അനുവദിച്ച തുക |
|---|---|---|---|---|
| 2023 24 (ലെ): പീപ്പിൾസ് കോ-ഓപ്പറേറ്റീവ് ആർട്സ് & സയൻസ് കോളേജ്, മുന്നാട് | 29/01/25 ലെ DSS/A1/357/23 നം. സർവകലശാല ഉത്തരവ് - | Rs.24,00,000/- (ഇരുപത്തി നാല് ലക്ഷം രൂപ മാത്രം) | 18,00,000/ (പതിനെട്ട് ലക്ഷം രൂപ മാത്രം) | 24,00,000/- (ഇരുപത്തി നാല് ലക്ഷം രൂപ മാത്രം) |
| 2022 -23 (വേദി: ഗവ. ബ്രണ്ണൻ കോളേജ്, ധർമ്മടം) | 25/09/23 ലെ DSS/A1/1/23 നം. സർവ കലാശാല ഉത്തരവ് | RS.24,00,000/- (ഇരുപത്തി ലക്ഷം രൂപ മാത്രം) | 18,00,000/ (പതിനെട്ട് ലക്ഷം രൂ പ മാത്രം) | 24,00,000/- (ഇരുപത്തി നാല് ലക്ഷം രൂപ മാത്രം) |
| 2021 -22 (വേദി : ഗവ കോളേജ്, കാസറഗോഡ്) | 04/08/22 ലെ DSS/A1/44/22 നം. സർവകലാശാല ഉത്തരവ് | ₹10,80,000/- പ്രത്ത് ലക്ഷത്തി എൺപതി നായിരം രൂപ മാത്രം) | ₹8,10,000/- (എട്ട് ലക്ഷത്തി പത്തായി രം രൂപ മാത്രം) | Rs.22,30,310/- (The Syndicate vide item No.2022.295, resolved to enhance the allocation of fund form Rs.10,80,00/to Rs.22,30,310 |

2021-22, 2022-23 സർവകലാശാല കലോത്സവം സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് കേരളം സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ ചുവടെ ചേർക്കുന്നു .

സർവകലാശാല യൂണിയൻ കലോത്സവം 2021 -22 ആക്ഷേപങ്ങൾ

1. കലോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്റ്റേഷനറി സാധനങ്ങൾ നൽകിയ പാറൂസ് സൂപ്പർമാർട്ട്, കുറ്റിക്കോൽ എന്ന സ്ഥാപനത്തിന് ₹1.17.850/- നൽകിയിട്ടുണ്ട്. മേൽ സ്ഥാപനം സ്റ്റേഷനറി സാധനങ്ങൾ നൽകുന്നതിന് ക്വാട്ട് ചെയ്ത തുക ₹1,16,500/- ആണ്. ക്വട്ടേഷൻ നോട്ടീസിൽ പറഞ്ഞതിനേക്കാൾ 8 ബില്ലുകൾ (50/-രൂപ നിരക്കിൽ) അധികം നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസിൽ പറഞ്ഞതിനേക്കാൾ ഒരു ഫയൽ (25/- രൂപ) കുറച്ചാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ക്വാട്ട് ചെയ്ത തുകയേക്കാൾ ₹375/- മാത്രമേ അധികം നൽകേണ്ടതുള്ളൂ (8 x 50 = 400 -25). എന്നാൽ സ്ഥാപനത്തിന് ₹1350/- അധികമായി നൽകിയിട്ടുണ്ട്(117850-116500), ആയതിനാൽ ₹975/- അധികമായി നൽകിയിട്ടുണ്ട് (1350 -375). മേൽ സ്ഥാപനം നൽകിയ ഇൻവോയിസിൽ (4733 തീയതി : 09/04/2022) കസ്റ്റമറുടെ പേര് Head Master, GLPS, Kattippara എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
2. കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് ജൂറി എന്ന ശീർഷകത്തിൽ ₹6,44,650/-ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി ശീർഷകത്തിൽ ആകെ ₹6,42,650/- മാത്രമേ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളൂ.
3. കലോത്സവ നടത്തിപ്പിന് ലൈറ്റ് & സൗണ്ട്, പന്തൽ എന്നിവ നൽകുന്നതിന് ക്ഷണിച്ച ക്വട്ടേഷൻ നോട്ടീസിന് 3 സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശോഭ ഡെക്കറേഷൻ & സൗണ്ട്സ്, മാണിയാട്ട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് തെരഞ്ഞെടുത്തത്. 10/03/2022 ന് സമർപ്പിച്ച ക്വട്ടേഷനിൽ 6 ലക്ഷം രൂപയ്ക്ക് സാധനങ്ങൾ എത്തിച്ച് പ്രവർത്തിപ്പിച്ച് തരാമെന്ന് അറിയിച്ചിട്ടുണ്ട്. 16/03/2022 തീയതിയിൽ തയ്യാറാക്കിയ താരതമ്യപ്പട്ടികയിലും സ്ഥാപനം ക്വാട്ട് ചെയ്തത് 6 ലക്ഷം രൂപ എന്ന് രേഖപെടുത്തിയിട്ടുണ്ട്. ക്വട്ടേഷനിൽ മറ്റൊരു കയ്യക്ഷരത്തിൽ ₹6,80,000/- എന്ന് തിരുത്തി തുക അനുവദിച്ചിട്ടുണ്ട് (ബിൽ നം. 88 തീയതി : 10/04/2022)
4. കലോത്സവത്തിന്റെ ലൈറ്റ് & സൗണ്ട്, പന്തൽ ബില്ലിൽ (ബിൽ നം. 88 തീയതി : 10/04/2022) ലൈറ്റ് ഒഴിച്ച് മുഴുവൻ ഉപകരണങ്ങളും 5 ദിവസത്തേക്കാണ് പ്രവർത്തിപ്പിച്ചതായി കാണുന്നത്. എന്നാൽ ലൈറ്റ് 7 ദിവസം പ്രവർത്തിപ്പിച്ചതായി കാണുന്നു. (1000 ലൈറ്റ് x 20 = 20000 x 7 = 1, 40000 )

5. കലോത്സവ നടത്തിപ്പിന് സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് വിളിച്ച ക്വട്ടേഷനുകളിൽ ഒന്നും തന്നെ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ക്വട്ടേഷനുകൾ സുതാര്യമല്ല എന്ന് കാണുന്നു.

**സർവകലാശാല യൂണിയൻ കലോത്സവം 2022 -23 - ആക്ഷേപങ്ങൾ**

1. കണ്ണൂർ സർവകലാശാല കലോത്സവ മാന്വൽ 4.10 പ്രകാരം സംഘടകസമിതിയുടെ ചെലവടക്കം ഒരു കലോത്സവം നടത്താനുള്ള മൊത്തം ചെലവ് പ്രോഗ്രാം കമ്മിറ്റി ചെയർമാൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. 06/04/2023 ന് DSS ന് സമർപ്പിച്ച ചെലവ് പത്രികയിൽ യൂണിവേഴ്സിറ്റി യൂണിയൻ പ്രതിനിധിയുടെ അല്ലാതെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല പ്രോഗ്രാം കമ്മിറ്റി ചെയർമാനായ കോളേജ് പ്രിൻസിപ്പൽ കലോത്സവത്തിന്റെ മൊത്തം ചെലവ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. കണ്ണൂർ സർവകലാശാല കലോത്സവ മാന്വൽ 4.9 പ്രകാരം ഓരോ കലോത്സവത്തിനും അനുവദിച്ചുകിട്ടുന്ന പണം സംഘടകസമിതിയുടെ പ്രോഗ്രാം കമ്മിറ്റി ചെയർമാന്റെയും സർവകലാശാല യൂണിയൻ സെക്രട്ടറിയുടെയും (കലോത്സവത്തിന്റെ ജനറൽ കൺവീനർ) സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കണം. ഈ ബാങ്ക് അക്കൗണ്ട് പാസ് ബുക്കും, കണക്കുകൾ സമർപ്പിക്കുമ്പോൾ കൂടെയുണ്ടാവണം. ഇത്തരത്തിൽ ബാങ്ക് പാസ് ബുക്ക് സമർപ്പിച്ചതായി കാണുന്നില്ല.
3. കണ്ണൂർ സർവകലാശാല കലോത്സവ മാന്വൽ 3.12 പ്രകാരം മത്സര ഫലനിർണയവുമായി ബന്ധപ്പെട്ട പരാതികൾ മത്സര ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 2000/രൂപ പ്രതിഷേധ ഫീസ് സഹിതം ജനറൽ കൺവീനർക്ക് രേഖാമൂലം നൽകണം. ഇത്തരത്തിൽ പരാതികൾ / പ്രതിഷേധ ഫീസ് ലഭിച്ചിട്ടുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. ആയതിന്റെ വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.
4. ഫിനാൻസ് വിഭാഗം 29/05/2023 ന് നൽകിയ അനൗദ്യോഗിക കുറിപ്പിൽ (ഫിൻ/ ഡി 1/330/പ്രീ ഓഡിറ്റ്/ ഡി എസ് എസ്/1256/2023 -24) ഹോണറേറിയം രസീതികളിൽ കൈപ്പറ്റുന്ന ആളിന്റെ പൂർണമായ പേരും മേൽവിലാസവും / ഔദ്യോഗിക മേൽവിലാസം രേഖപ്പെടുത്തേണ്ടതാണെന്നും ഏതൊക്കെ ഇനങ്ങളിലാണ് തുക കൈപ്പറ്റുന്നതെന്ന് വ്യക്തമാക്കേണ്ടതാണെന്നുള്ള നിബന്ധന വച്ചിട്ടുണ്ട് മേൽ അപാകം പരിഹരിച്ചിട്ടുണ്ടെന്ന് നോട്ട് നം. 103, 104 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഹരിച്ചതായി കാണിന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നം | വിധി കർത്താവ് | ഇനം | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | രജില കെ ടി കെ | ....... | 2000 | ഏത് ഇനം എന്ന് രേഖപ്പെടുത്തിയിട്ടില്ല |
| 2 | മനോജ്കുമാർ കാന | .... | 10000 | ഏത് ഇനം എന്ന് രേഖപ്പെടുത്തിയിട്ടില്ല |
| 3 | ........................ | ഒപ്പന | 4000 | വിധികർത്താവിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല |

കലോത്സവ ജൂറിമാർക്ക് നൽകിയ ഹോണറേറിയം രസീതുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു .

(എ) കലോൽസവ മാന്വൽ 3.20 പ്രകാരം മത്സരത്തിന് ഓരോ ഇനത്തിനും മൂന്ന് മുതൽ അഞ്ച് വരെ വിധികർത്താക്കൾ ഉണ്ടാകണം. ഒരു വിധികർത്താവിനെ മാത്രം നിയോഗിച്ചതിന് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നം | ഇനം | വിധികർത്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഹിന്ദി നാടകം | 1 |
| 2 | ഷോർട്ട് ഫിലിം | 1 |

(ബി) ഒരേ ഇനത്തിന് ഒരേ വിധികർത്താവിന് തന്നെ വ്യത്യസ്ത രസീതികളിൽ ആവർത്തിച്ച് ഹോണറേറിയം അനുവദിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | വിധി കർത്താവ് | നൽകിയ തുകകൾ |
|---|---|---|---|
| 1 | സംഘഗാനം (വെസ്റ്റേൺ) | സോന എസ് | 10,000+2000=12000 |
| 2 | ഷോർട്ട് ഫിലിം | ഉഷ ടി കെ | 4000 +4000 =8000 |

(സി) ഒരേ ഇനത്തിൽ തന്നെ വിധിനിർണ്ണയം നടത്തിയ വിധികർത്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ ഹോണറേറിയം നൽകുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നം | ഇനം | വിധി കർത്താവ് | അനുവദിച്ച തുക |
|---|---|---|---|
| 1 | മലയാള പ്രസംഗം | 1. ശശികുമാർ പട്ടാനൂർ<br>2. മനോജ് പട്ടാനൂർ<br>3. ശശിധരൻ പണലാട് | 4000<br>2500<br>3000 |
| 2 | ഫോക്ക് സോങ്ങ് | 1.രമേഷ് ഡി<br>2.പ്രമോദ് ടി എ<br>3. ഗംഗാധരൻ | 5000<br>3000<br>4000 |

5. പ്രിന്റിങ് ഇനത്തിൽ 2,44,752.80 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിന്റെ രസീതുകൾ പരിശോധിച്ചതിൽ കണ്ട അപകങ്ങൾ താഴെ ചേർക്കുന്നു.

(എ) സംഘാടക സമിതി ഓഫീസ് നിർമ്മിക്കുന്നതിനായി ജി.പി.സ്ക്വയർ പൈപ്പ്, വെൽഡിങ് റാഡ് മുതലായ നിർമാണ സാമഗ്രികൾ വാങ്ങുന്നതിനായി ചെലവഴിച്ച 21,850/-രൂപ പ്രിന്റിങ് ഇനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നു.

(ബി) പ്രിന്റിങ് ഇനത്തിൽ കണ്ണൂർ പ്രിന്റിങ് & പബ്ലിഷിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 1,52,219/ - രൂപ (ക്വട്ടേഷൻ തുക) അനുവദിച്ചിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസിൽ നൽകിയ ആവശ്യമായ സാധനങ്ങളുടെ പട്ടികയും കണ്ണൂർ പ്രിന്റിങ് & പബ്ലിഷിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയ സാധനങ്ങളുടെ പട്ടികയും (ഇൻവോയ്സ് നം. 2112 തി. 10/03/2023, 2113 തി. 10/03/2023, 1965 തി. 08/03/2023) പൊരുത്തപ്പെടുന്നില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

6. സ്റ്റേഷനറി ഇനത്തിൽ 44,826/ - രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിന്റെ രസീതുകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു .

(എ) സ്റ്റേഷനറി ഇനത്തിൽ സമർപ്പിച്ച കൊച്ചിൻ സ്റ്റേഷനറി, തലശ്ശേരിയുടെ ഇൻവോയിസിൽ (നം. CS -6830 തീയതി : 01-03-2023, ₹1785/-) വാങ്ങിയ ആളുടെ പേര് ആയി കാണിച്ചിരിക്കുന്നത് "PRINCIPAL GHSS CHITTARIPARAMBA" എന്നാണ്. കാരണം വിശദീകരിക്കേണ്ടതാണ്.

(ബി) സ്റ്റേഷനറി ഇനത്തിൽ ആകെ ചെലവ് വന്ന 44,826/ - രൂപയിൽ 4280/- രൂപ മരുന്ന് വാങ്ങിയ വകയിൽ ആണ്. 5 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന, അയ്യായിരത്തിൽ അധികം

വിദ്യാർത്ഥികൾ പങ്കെടുക്കുന്ന കലാമേളയിൽ മെഡിക്കൽ സേവനത്തിനായി തുക നീക്കിവച്ചതായി കണുന്നില്ല.

ഡോക്ടർമാർ മെഡിക്കൽ ടിം എന്നിവർക്ക് ഹോണറേറിയം നൽകിയിട്ടില്ല.

Q No.28

**Dr. Rathnakara M**

As per the Safeguards of Linguistic Minorities there is 5% reservation in under graduate degree admission for Kannada students in Government college Kasaragod and Govinda Pai Memorial Government College Manjeshwara. In the academic year 2024-2025 have the linguistic minority quotas for all subjects at these colleges were filled? During the degree admission process the seats allocated under the linguistic minority quota, which were vacated due to students being promoted to the merit list, later filled by other eligible candidates? How many students were admitted under the linguistic minority quota in Government College Kasaragod and Govinda Pai Memorial Government College Manjeshwara during the 2024-2025 academic year? Please provide a subject-wise list..

| | **ANSWER** | |
|---|---|---|
| | ***Govt. College Kasargod*** | ***GovindaPai Memorial Govt. College, Manjeswaram*** |
| a) | The linguistic minority quota for all subjects has not been filled. | Yes |
| b) | During the degree admission process, since students in seats allotted under the linguistic minority quota were promoted to the merit list, only KLM category students were considered for the vacancies that arose. In the absence of the said students, the KLM Quota has remained vacant. | Not Applicable |
| c) | 1. BA Arabic - 0 (Vacancy - 2)<br>2. BA Economics - 2 (Vacancy - 0)<br>3. BA History - 1 (Vacancy - 1)<br>4. BA English - 2 (Vacancy - 0) | 1. BCom-1<br>2. BSc Statistics-1<br>3. BA Kannada -1 |

| | | |
|---|---|---|
| | 5. BA Kannada - 2 (Vacancy - 0)<br>6. BA Malayalam - 1 (Vacancy - 1)<br>7. BCom - 2 (Vacancy - 0)<br>8. BSc Botany - 1 (Vacancy - 0)<br>9. BSc Chemistry - 1 (Vacancy - 1)<br>10. BSc Geology - 0 ((Vacancy - 1)<br>11. BSc Mathematics - 2 (Vacancy - 0)<br>12. BSc Physics - 1 (Vacancy - 1)<br>13. BSc Zoology - 2 (Vacancy - 0) | 4. BTTM-1 |

Q No.29

**Sri Muhammed Ashefas C.H**

National Institutional Ranking Framework (NIRF) 2024 റാങ്കിങ്ങിൽ വിവിധ ഭാഗങ്ങളിലായി സർവകലാശാല നേടിയ സ്കോറുകൾ വ്യക്തമാക്കുക. കേരളത്തിലെ CUSAT, കാലിക്കറ്റ്, എം ജി. കേരളാ യൂണിവേഴ്സിറ്റികളുമായി താരതമ്യപ്പെടുത്തുമ്പോൾ കണ്ണൂർ സർവകലാശാല NIRF റാങ്കിംഗിൽ പിന്നിലാക്കപ്പെടാനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുക. നിലവിലുള്ള അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ഈ അക്കാദമിക വർഷത്തിൽ സർവകലാശാല ആവിഷ്കരിച്ച നടപടികളും നിർവഹിച്ച നടപടികളും ഏതൊക്കെയാണെന്നും വ്യക്തമാക്കുക.

മറുപടി: National Institutional Ranking Framework (NIRF) 2024 റാങ്കിങ്ങിൽ കണ്ണൂർ സർവകലാശാല 151-200 റാങ്ക് ബാൻഡിൽ ഉൾപ്പെട്ടിട്ടുണ്ട്

National Institutional Ranking Framework (NIRF) 2024 റാങ്കിങ്ങിൽ വിവിധ ഭാഗങ്ങളിലായി കണ്ണൂർ സർവകലാശാല നേടിയ സ്കോറുകൾ താഴെ കൊടുക്കുന്നു

- Teaching, Learning & Resources (TLR) (Weightage:0.30): 59.60/100
- Research and Professional Practice (RP) (Weightage:0.30): 5.91/100
- Graduation Outcomes (GO) (Weightage:0.20): 66.48/100
- Outreach and Inclusivity (OI) (Weightage:0.10):55.05/100
- Peer Perception (PR) (Weightage:0.10): 12.33/100

ഇതിൽ Research and Professional Practice & Peer Perception എന്നീ വിഭാഗങ്ങളിൽ ഉള്ള സ്കോർ കുറവായതിനാലാണ് കണ്ണൂർ സർവകലാശാല NIRF റാങ്കിംഗിൽ പിന്നിലാക്കപ്പെടാനുള്ള പ്രധാന കാരണം. നിലവിലുള്ള അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ഈ

അക്കാദമിക വർഷത്തിൽ സർവകലാശാല ആവിഷ്കരിച്ച നടപടികളും നിർവഹിച്ച നടപടികളും താഴെ പറയുന്നവയാണ്.

1) ഒഴിവുള്ള അധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2) ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഫാക്കൽറ്റികൾക്ക് സീഡ് ഗ്രാൻറും സ്റ്റാർട്ടപ്പ് ഗ്രാന്റും നൽകിയിട്ടുണ്ട്.

3) വിവിധ ദേശീയ, അന്തർദേശീയ സെമിനാറുകൾ നടത്തിയിട്ടുണ്ട്.

4) മറ്റ് സർവകലാശാലകൾ/കോളേജുകൾ നിന്നുള്ള വിദ്യാർത്ഥികളും ഫാക്കൽറ്റികളും കാമ്പസുകൾ സന്ദർശിക്കുന്ന വിവിധ പരിപാടികൾ, ഹാക്കത്തോണുകൾ, ബൂട്ട്ക്യാമ്പുകൾ, ഗവേഷണ ഫെസ്റ്റുകൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്.

5) സർവകലാശാലയെക്കുറിച്ചുള്ള പൊതുജന അവബോധം വർദ്ധിപ്പിക്കുന്നതിനായി "ഓപ്പൺ ഹൗസ്" പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട്.

Q No.30

**Sri Dineshan K.P**

(a) നേരത്തെ കണ്ണൂർ സർവ്വകലാശാല നൽകിയിരുന്ന ബി.പി.എഡ്, എം.പി.എഡ് എന്നീ കോഴ്സുകൾ നിലവിൽ നിർത്തലാക്കിയതിൻറെ കാരണം എന്താണ്?

(b) പ്രസ്തുത കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി സർവ്വകലാശാലക്ക് വന്നിരിക്കുന്ന എ.ജി.ഓഡിറ്റ് ഒബ്ജെക്ഷൻറെ അടങ്കൽ തുക എത്ര?

(c) പ്രസ്തുത കോഴ്സുകൾ നിർത്തലാക്കിയിട്ടും പ്രസ്തുത കോഴ്സിന്റെ ഭാഗമായി ഉള്ള അദ്ധ്യാപകരെ എങ്ങനെ ആണ് പുനരധിവസിപ്പിച്ചിരിക്കുന്നത്?

(d) പ്രസ്തുത അദ്ധ്യാപകരുടെ വർക്ക് ലോഡിൻറെ നഷ്ടം സർവ്വകലാശാല എങ്ങനെ ആണ് നികത്തിയത്?

(e) പ്രസ്തുത കോഴ്സുകൾ നിർത്തലാക്കിയതിനു ശേഷം ആരംഭിച്ച MPES/BPES കോഴ്സുകൾക്ക് NCTE അംഗീകാരം ഉണ്ടോ?

(f) NCTE അംഗീകാരം ലഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു?

**ഉത്തരം:**

A. NCTE അംഗീകാരം ലഭ്യമാവാത്തതിനാൽ.

B. 2022-23 സാമ്പത്തിക വർഷത്തെ എ ജി ഓഡിറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നം XIVൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, സ്വിമ്മിംഗ് പൂൾ, സ്പോട്സ് പവലിയൻ എന്നിവയുടെ നിർമ്മാണത്തിനായി ₹1027.01/- ലക്ഷം ചെലവഴിച്ചതായി പറഞ്ഞിട്ടുണ്ട്. രൂപ പ്രസ്തുത കോഴ്സ് നിർത്തലാക്കിയതിൽ സർവ്വകലാശാലക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചതായും ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

C. സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസിലെ കോഴ്സുകൾ നിർത്തലാക്കിയതിൻറെ ഭാഗമായി പ്രസ്തുത പഠന വകുപ്പിലെ അധ്യാപകരെ പുനരധിവസിപ്പിച്ചിട്ടില്ല.

D. UGC അംഗീകരിച്ച MPES പ്രോഗ്രാം ആരംഭിക്കുന്നതിന് സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, മേജർ/മൈനർ ഓപ്ഷനുകളോടെ 5 വർഷത്തെ സംയോജിത പ്രോഗ്രാമും പഠന വകുപ്പ് പ്രദാനം ചെയ്യുന്നു. PhD പ്രോഗ്രാമിന് പുറമെ യോഗയിൽ സർട്ടിഫിക്കറ്റ് & ഡിപ്ലോമ പ്രോഗ്രാമുകളും പഠന വകുപ്പ് നൽകി വരുന്നുണ്ട്. നിലവിൽ പഠന വകുപ്പിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം 115 ആണ്. വകുപ്പിൽ നൽകിവരുന്ന മേൽ സൂചിപ്പിച്ച എല്ലാ അക്കാദമിക് പ്രോഗ്രാമുകളും നിലവിലുള്ള അധ്യാപകരുടെ ജോലിഭാരത്തിൻറെ ഭാഗമാണ്.

E. പ്രസ്തുത കോഴ്സുകൾ നിർത്തലാക്കിയതിന് ശേഷം MPES/ Integrated MPES എന്നീ കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളത്. MPES/Integrated MPES എന്നിവ UGC കോഴ്സുകളാണ്.

F. NCTE അംഗീകാരം നേടുന്നതിനുള്ള പ്രാരംഭ നടപടിയായി നിലവിലുള്ള അസ്സി.പ്രൊഫസർ തസ്തികകളിലെയും സ്പോർട്സ് ട്രൈനേർമാരുടെയും ഒഴിവുകൾ നികത്തിയിട്ടുണ്ട്. അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനം കൂടി പൂർത്തിയായാൽ, പ്രസ്തുത കോഴ്സുകളുടെ അംഗീകാരത്തിന് വേണ്ടി NCTE യെ സമീപിക്കുന്നതാണ്.

Q No.31

**Sri. Ashith Ashokan T**

കണ്ണൂർ സർവ്വകലാശാലയിലെ ആൻറി റാഗിങ് സെല്ലിൻറെ പ്രവർത്തനങ്ങൾ ഏത് രീതിയിലാണ് മുന്നോട്ട് പോകുന്നത്?

a) നിലവിൽ നാളിതുവരെ ഈ കഴിഞ്ഞ 3 വർഷ കാലയളവിൽ ലഭിച്ച പരാതികളുടെ എണ്ണം

b) തീർപ്പാക്കിയ പരാതികളുടെ എണ്ണം

c) നിലവിൽ പെന്റിങ് ഉള്ള പരാതികളുടെ എണ്ണം.

**ഉത്തരം**: പ്രവർത്തിച്ചു വരുന്നുണ്ട്

A. ആന്റി റാഗിങ്ങ് സെൽ 2 പരാതികൾ.
B. 2 എണ്ണം.
C. ഇല്ല.

Q No.32

**Ashika Santhosh.C**

What is the total amount collected by the University under the head Sports fee from students of all affiliated colleges for the academic year 2022-23 and 2023-24

**Answer:**

1. Sports affiliation fee collected for the year 2022-23 ₹ 1,22,85,842/-
2. Sports affiliation fee collected for the year2023-24 ₹ 1,21,05,781/-

Q No.33

**Smt. Bushra N**

FYUGP റെഗുലേഷനനുസരിച്ച് ഒന്നാം സെമസ്റ്റർ ഫലം പ്രസിദ്ധീകരിച്ച് 45 ദിവസത്തിനുള്ളിൽ സപ്ലിമെൻ്ററി പരീക്ഷ നടത്തണമെന്നുണ്ട്. അത് നടത്തുന്നതിൽ കാലതാമസം വരുന്നതെന്തുകൊണ്ട്?

**ഉത്തരം**: Examination Monitoring Committee (EMC) 14.01.2025 തീയ്യതിയിൽ നടന്ന യോഗത്തിൽ തീരുമാനം നമ്പർ 3 പ്രകാരം ഒന്നാം സെമസ്റ്റർ നവംബർ 2024 ൻറെ സപ്ലിമെൻററി പരീക്ഷ രണ്ടാം സെമസ്റ്റർ ഏപ്രിൽ 2025 പരീക്ഷയ്ക്ക് ശേഷം നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്.

Q No.34

**Sri. Muhammed Salih C**

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിൻറെ ഭാഗമായി കേരളത്തിലെ പല സർവ്വകലാശാലകളും ബി.വോക് പ്രോഗ്രാമുകൾ ആരംഭിച്ചിട്ടും കണ്ണൂർ സർവ്വകലാശാല പ്രസ്തുത രീതിയിൽ ഉള്ള പ്രോഗ്രാമുകൾ ഇതുവരെ നൽകിയിട്ടില്ല. നാലുവർഷ ബിരുദ പ്രോഗ്രാമുകൾ കൂടി ആരംഭിച്ച നിലവിലെ സാഹചര്യത്തിൽ, ബി.വോക് പ്രോഗ്രാമുകൾ ആരംഭിക്കാൻ സർവ്വകലാശാല എന്തെങ്കിലും നടപടികൾ കൈകൊണ്ടിട്ടുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക

**ഉത്തരം:**

സർവ്വകലാശാലാ വകുപ്പുകളിൽ ബി.വോക് ആരംഭിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രോഗ്രാമുകൾ 2025 -26 അധ്യയന വർഷം മുതൽ പുതിയ 12 FYIMP (ഫൈവ് ഇയർ ഇന്ററഗ്രേറ്റഡ് പ്രോഗ്രാം ) പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനും, NCTE അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് സംയോജിത അധ്യാപക വിദ്യാഭ്യാസ പരിപാടി (ITEP) ആരംഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

Q No.35

**Sri Akihil K Sreedhar**

PhD പ്രബന്ധങ്ങൾ മൂല്യനിർണയം ചെയ്യുന്ന external examinerക്ക് എത്ര തുകയാണ് നിലവിൽ remuneration നൽകുന്നത്? ഏത് തിയ്യതി വരെയുള്ള remuneration നൽകിയിട്ടുണ്ട്?

**ഉത്തരം.**

Ph.D. പ്രബന്ധങ്ങൾ മൂല്യ നിർണ്ണയം ചെയ്യുന്ന external examiner ക്ക് ഒരു പ്രബന്ധത്തിന് 2500/-(രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിലാണ് നിലവിൽ remuneration നൽകി

വരുന്നത്. PhD പ്രബന്ധ മൂല്യനിർണയവുമായി ബന്ധപ്പെട്ട് ലഭ്യമായ മുഴുവൻ ബില്ലുകളുടെയും payment നടത്തിക്കഴിഞ്ഞു.17/02/2025 നാണ് അവസാനമായി ബില്ലുകൾ ലഭിച്ചത്.

Q No.36

**Dr.NIsha V.K**

വിദ്യാർത്ഥികൾക്ക് പരീക്ഷ നിയമങ്ങൾ സംബന്ധിച്ചുള്ള ധാരണക്കുറവ് പരിഹരിക്കുന്നതിനു വേണ്ടി പരീക്ഷ സംബന്ധിച്ച എല്ലാ കാര്യങ്ങളും അടങ്ങുന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകാവുന്നതാണ്. അത്തരം എന്തെങ്കിലും ആലോചന സർവകലാശാലയുടെ ഏതെങ്കിലും സമിതികൾ കൈക്കൊണ്ടിട്ടുണ്ടോ? അങ്ങനെയൊരു കൈപുസ്തകം നൽകുന്നതിൽ എന്താണ് തടസ്സം? Hand bookകുട്ടികളിലേക്കെത്തിക്കാൻ പ്രയാസമുണ്ടെങ്കിൽ ഇത്തരം നടപടിക്രമങ്ങൾ സംബന്ധിച്ച് വ്യക്തമാക്കുന്ന ഒരു Document University website ൽ പ്രസിദ്ധികരിക്കാവുന്നതല്ലേ?

**ഉത്തരം.**

പരീക്ഷാ മാന്വൽ പരിഷ്കരിക്കുന്നതിനായി സർവകലാശാല പ്രാരംഭ നടപടികൾ ആരംഭിച്ചുവെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. അത്തരം ഒരു ഹാൻഡ് ബുക്ക് തയ്യാറാക്കി യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ ഒരു സമിതിയെ ചുമതലപ്പെടുത്തുന്നതാണ്.

Q No.37

**Smt.Soorya Alex**

കെ റീപ്പ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിർദേശം വന്നത് ഏത് രീതിയിലാണെന്നും ഏത് തീയ്യതിയിലാണെന്നും അതോടൊപ്പം തന്നെ ഇതുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്വീകരിച്ച തുടർ നടപടികൾ എന്താണെന്നും തീയ്യതികൾ സഹിതം വ്യക്തമാക്കുക.

**ഉത്തരം:**

നാല് വർഷ ബിരുദ പ്രോഗ്രാമിൻറെ പുരോഗതി വിലയിരുത്തുന്നതിന് ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 24.08.2024ന് കുസാറ്റിൽ ചേർന്ന യോഗത്തിൻറെ നടപടിക്കുറിപ്പ് പ്രകാരം 'K-REAP പദ്ധതി ASAP KERALAയുമായി ചേർന്ന് നടപ്പിലാക്കുമെന്നും, ഇതുമായി എല്ലാ

സർവകലാശാലകളും സഹകരിക്കണം' എന്നും പരാമർശിച്ചിട്ടുള്ളതും, 26.09.2024 ന്റെ നമ്പർ KSHEC-4-A7/705/MS/Drct./2024-(K-REAP) കത്ത് പ്രകാരം കെ-റീപ്പ് സോഫ്റ്റ് വെയർ സർവകലാശാലയിൽ ഇമ്പ്ലിമെൻറ് ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ് കെ-റീപ്പ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് ലഭ്യമായിട്ടുള്ള നിർദ്ദേശങ്ങൾ.

ഇതേ തുടർന്ന് കെ-റീപ്പിൻറെ നടപ്പാക്കലുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ പരിഗണിച്ച വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം വിഷയം സിൻഡിക്കേറ്റിന് സമർപ്പിക്കുകയും 2024 25 അധ്യയനവർഷം മുതൽ നാല് വർഷ ബിരുദ പദ്ധതികൾക്കും അഞ്ച് വർഷ ബിരുദാനന്തര ബിരുദ പദ്ധതികൾക്കും കെ-റീപ്പ് നടപ്പാക്കാൻ സിൻഡിക്കേറ്റ് തീരുമാനിക്കുകയും സിൻഡിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തിക്കൊണ്ട് സർവകലാശാല ഉത്തരവിറക്കുകയും (19.10.2021 ലെ SWC/SWCII/98/2024 നമ്പർ സർവകലാശാല ഉത്തരവ്) ചെയ്തു.

**Q No.6**

**Appendix I**

| SL No | Components | Budget/Estimate Proposed (R/o) | Status | Proposed date of Completion |
|---|---|---|---|---|
| | **INFRASTRUCTURE CONSTRUCTION** | | | |
| 1 | Academic Block Annex -3 Mangattuparamba Campus | 6,00,52,138 | Not Started | 31-03-2026 |
| 2 | Vertical Extension and Other Development Works, Ladies' Hostel Mananthavady Campus | 2,67,74,298 | | 31-03-2026 |
| 3 | Vertical Extension and Other Development Works Ladies' Hostel Nileswaram Campus | 2,29,37,375 | | 31-03-2026 |
| 4 | Vertical Extension & Other Development Works at Academic Block Annex -2 Palayad Campus | 13,83,51,369 | | 31-03-2026 |
| 5 | Installation of Passenger Lifts at Admin Block Thavakkara Campus. | 80,80,402 | | 31-03-2026 |
| 6 | Roof Top Solar Power at Various Campuses | 75,02,264 | | 31-03-2026 |
| 7 | Canteen at Thavakkara Campus | 85,22,925 | | 31-03-2026 |
| 8 | Digging Well & Providing Water Supply, Providing Filtration Units & Well Recharging Works at Various Campuses | 32,17,676 | | 31-03-2026 |
| 9 | Vertical Extension & Other Development Works at Seminar Complex ,Thavakkara Campus | 14,62,04,750 | | 31-03-2026 |
| | **Total (A)** | **42,16,43,197.00** | | |
| | **INFRASTRUCTURE RENOVATION** | | | |
| **SL No** | **Components** | **Budget/Estimate Proposed (R/o)** | | |
| 1 | Renovation and Providing Additional Sports Infrastructure Facilities at Various Campuses | 1,38,53,713 | Not Started | 31-03-2026 |
| 2 | Development works at Thavakkara Campus | 7,57,52,473 | | 31-03-2026 |

| | | | | |
|---|---|---|---|---|
| 3 | Renovation of Laboratories at Various Campuses | 1,08,37,039 | | 31-03-2026 |
| 4 | Renovation of Indoor Stadium at Mangattuparamba Campus | 1,56,67,441 | | 31-03-2026 |
| 5 | Renovation of Senate Hall & Academic Blocks at Mangattuparamba Campus and Seminar Halls at Various Campuses | 2,35,23,482 | Not Started | 31-03-2026 |
| 6 | Setting up of Centre for Skill Development Courses and Career Planning (CSDCCP) at Thavakkara Campus | 99,06,838 | | 31-03-2026 |
| 7 | ICT based Digital Infrastructure for various Teaching Departments | 1,42,85,267 | | 31-03-2026 |
| 8 | Setting up of Rooms for Starting Classes in Indian Knowledge System and Indian Languages at Thavakkara Campus | 8,62,475 | | 31-03-2026 |
| 9 | Setting up of Studio/ Digital Content Creation Centre at Mangattuparamba Campus. | 1,00,07,000 | | 31-03-2026 |
| 10 | Renovation of Guest House, Mangattuparamba Campus and Hostels at Various Campuses | 1,27,86,593 | | 31-03-2026 |
| 11 | Renovation & Expansion of Business Incubation Centre and Co Working Space at Thavakkara campus | 71,30,516 | | 31-03-2026 |
| 12 | Renovation of Health and Counselling Centres at Various Campuses | 37,11,209 | | 31-03-2026 |
| 13 | Renovation of Computer Labs at Various Campuses | 50,33,865 | | 31-03-2026 |
| 14 | Renovation of Water Supply System at Various Campuses | 54,34,651 | | 31-03-2026 |
| | **Rounded Total (B)** | **20,87,92,562.00** | | |
| | **Total A+B** | **63,04,35,759.00** | | |
| | **PURCHASE** | | | |
| **Sl. No.** | **Name of the Equipment/Software** | **Total Cost** | | |
| 1 | Toposheets | 1,25,000 | | 31-03-2026 |
| 2 | FTIR spectrometer | 20,00,000 | | 31-03-2026 |

| | | | | |
|---|---|---|---|---|
| 3 | Electrochemical work station (accessories and attachments) | 34,98,000 | | 31-03-2026 |
| 4 | GPEXE with IMU System | 25,22,000 | Not Started | 31-03-2026 |
| 5 | Biaxial force plates with life time licence | 11,10,000 | | 31-03-2026 |
| 6 | Lateral Trainer | 4,00,000 | | 31-03-2026 |
| 7 | Gas Chromatogram with head space sampler and detectors (upgradable for MS) | 95,50,000 | | 31-03-2026 |
| 8 | FE-Scanning Electron Microscope (SEM) | 3,30,00,000 | | 31-03-2026 |
| 9 | Photoluminescence spectrometer with low temperature, lifetime measurement and quantum yield measurement | 1,50,00,000 | | 31-03-2026 |
| 10 | UV-Vis-NIR | 27,00,000 | Not Started | 31-03-2026 |
| 11 | MALDI-TOF-TOF-MS | 3,22,00,000 | | 31-03-2026 |
| 12 | Zeta Potential and Particle Size analyser | 45,00,000 | | 31-03-2026 |
| 13 | TOC analyser | 40,00,000 | | 31-03-2026 |
| 14 | Treadmill | 1,52,000 | | 31-03-2026 |
| 15 | Stretch cage | 1,73,000 | | 31-03-2026 |
| 16 | Fluorescence- activated cell sorter (FACS) | 2,00,00,000 | | 31-03-2026 |
| 17 | Confocal Microscope | 2,60,00,000 | | 31-03-2026 |
| 18 | EIGAP plus (50 users) | 10,00,000 | | 31-03-2026 |
| 19 | ENVI Lab license for 25 seats (perpetual license) | 22,00,000 | | 31-03-2026 |
| 20 | ERDAS Imagine 15 user (Perpetual license) | 46,00,000 | | 31-03-2026 |
| 21 | OriginLab Pro 2025 | 1,00,000 | | 31-03-2026 |
| 22 | MATLAB Software | 80,000 | | 31-03-2026 |
| 23 | VASP GUI for VASP 6.x and VASP 6x | 20,00,000 | | 31-03-2026 |
| 24 | Gaussian 16 + Gaussview 6 | 5,00,000 | | 31-03-2026 |
| 25 | Workstation | 4,80,000 | | 31-03-2026 |
| 26 | SketchUp Pro 2023 | 1,08,000 | | 31-03-2026 |
| 27 | STATA Student Lab | 2,46,000 | | 31-03-2026 |
| 28 | Blazepod | 50,000 | | 31-03-2026 |
| 29 | COACH LOGIC TEAM+ | 1,10,000 | | 31-03-2026 |
| 30 | Grammarly Business ed. | 1,50,000 | | 31-03-2026 |
| 31 | Case Searching Software | 25,000 | | 31-03-2026 |

| | | | | |
|---|---|---|---|---|
| 32 | BET surface area Analyser | 45,00,000 | | 31-03-2026 |
| 33 | Cycle Ergometer | 1,40,000 | | 31-03-2026 |
| 34 | Mirrorless cameras | 6,00,000 | | 31-03-2026 |
| 35 | High end printers ( for all departments ) | 17,00,000 | | 31-03-2026 |
| 36 | -20 C Freezer | 2,00,000 | Not Started | 31-03-2026 |
| 37 | Refrigerator | 1,00,000 | | 31-03-2026 |
| 38 | Orbital Shaker | 8,00,000 | | 31-03-2026 |
| 39 | BOD Incubator | 2,00,000 | | 31-03-2026 |
| 40 | Electroporation Unit | 5,00,000 | | 31-03-2026 |
| 41 | Biosafety cabinet | 5,00,000 | | 31-03-2026 |
| 42 | Table-top AFM/STM system for ambient operation; with vibration isolation stage and advanced imaging options (Normal AFM) | 80,00,000 | | 31-03-2026 |
| 43 | "Computer Work Station for theoretical calculations/simulations (12 core or higher, 128 GB RAM or higher, 2TB Storage or higher" | 5,00,000 | | 31-03-2026 |
| 44 | Desktop - i5 with 16 GB Ram, 1TB ST | 4,00,000 | | 31-03-2026 |
| 45 | Two-Theta Rotation stage with control system (360 degree continuously rotatable; Resolution: 0.0001 Degree for Telescope and 0.005 Degree for Sample holder) | 4,50,000 | | 31-03-2026 |
| 46 | Czerny-Turner Spectrometer with detector | 12,00,000 | | 31-03-2026 |
| 47 | Laser source (637 nm, 200mW output (min)) | 8,00,000 | | 31-03-2026 |
| 48 | UV-Vis Spectrophotometer | 5,62,000 | | 31-03-2026 |
| 49 | FPLC System | 45,80,000 | | 31-03-2026 |
| 50 | Peristaltic pump with accessories | 98,999 | | 31-03-2026 |
| 51 | Major and minor Instruments for water and soil and water analysis & Chemicals | 15,50,000 | | 31-03-2026 |
| 52 | Scanner | 1,00,000 | | 31-03-2026 |
| 53 | Computing system- Desktop computers | 38,40,000 | | 31-03-2026 |
| 54 | GPS | 2,00,000 | | 31-03-2026 |
| 55 | Satellite Imagery | 6,00,000 | | 31-03-2026 |
| 56 | Modernization of Libraries | 90,00,000 | | 31-03-2026 |
| 57 | Schrodinger Software | 45,00,000 | | 31-03-2026 |

| | | | | |
|---|---|---|---|---|
| 58 | Purchase of equipments for Botany department | 30,00,000 | | 31-03-2026 |
| 59 | Laptop for Thavakkara Head Quarters | 16,00,000 | | 31-03-2026 |
| 60 | Paper Printers with scanner and other accessories (Thavakkara Head Quarters) | 3,49,646 | Not Started | 31-03-2026 |
| 61 | HPC with AI Facility at Mangattuparamba Campus | 1,50,00,000 | | 31-03-2026 |
| 62 | Online evaluation system | 1,50,84,994 | | 31-03-2026 |
| 63 | 10 KVA UPS and battery (Statistical Science) | 4,16,500 | | 31-03-2026 |
| 64 | Establishing Data Centre | 3,90,00,000 | | 31-03-2026 |
| | **Sub Total (i)** | **28,86,51,139** | | |
| | **Purchase of Vehicles** | | | |
| 65 | Mini Bus | 60,00,000 | | 31-03-2026 |
| 66 | Hybrid (Electric + Petrol Car) | 19,00,000 | | 31-03-2026 |
| 67 | Electric scooter | 2,00,000 | | 31-03-2026 |
| | **Sub Total (ii)** | **81,00,000** | | |
| | **Total C** ( i+ ii) | **29,67,51,139** | | |
| | **SOFT COMPONENTS** | | | |
| 1 | Bridge courses for SEDG | 5,80,000.00 | Not Started | 31-03-2026 |
| 2 | Placement training | 5,00,000 | | 31-03-2026 |
| 3 | Workshop | 29,00,000 | | 31-03-2026 |
| 4 | Vocational training | 5,00,000 | | 31-03-2026 |
| 5 | National and International Seminar | 64,00,000 | | 31-03-2026 |
| 6 | Strengthening IQAC for evaluation reforms | 30,00,000 | | 31-03-2026 |
| 7 | Research Project | 5,79,33,102 | | 31-03-2026 |
| 8 | Upgrading Kannur University Website | 10,00,000 | | 31-03-2026 |
| | **Total D** | **7,28,13,102** | | |
| | **Grand Total (A+B+C+D)** | **1,00,00,00,000.00** | | |

## Vice Chancellor provided a briefing on the current developments of the University which are as follows

### PM-USHA MERU Scheme

Kannur University has submitted the abstract of the Detailed Project Report (DPR) to the State Project Directorate, Thiruvananthapuram, for Rs.100 crores sanctioned under the PM-USHA MERU Scheme by the Ministry of Education, Government of India.

### Academic Activities

- **Proposed Five-Year Integrated Masters Programmes (FYIMP) for 2025-26**

Kannur University proposes to start the following Five-Year Integrated Masters Programmes during the academic year 2025-26:

| Sl. No | Name of the Programme | Offering/ Participating Departments |
|---|---|---|
| 1 | Five Year Integrated Programme in Social Science with specialization in Economics | Dept. of Economics |
| 2 | Five Year Integrated Programme in Hindi Language and Literature | Dept. of Hindi |
| 3 | Five Year Integrated Masters Programme in Music | Dept. of Music |
| 4 | Integrated PG Programme in Kerala Studies. | Dept. of Malayalam & History Jointly. |
| 5 | Five Year Integrated Programme in Geography. | Dept. Geography. |
| 6 | Five Year Integrated Programme in Business Administration | Dept. of Management Studies |
| 7 | Five Year Integrated Masters Programme in Forestry and Wood Technology | Dept. of Wood Science and Technology in collaboration with Dept. of Environmental Studies and Dept. of IT. |
| 8 | Five Year Integrated Masters Programme in Social Science with specialization in Tribal and Rural Studies. | Dept. of Tribal and Rural Studies. |
| 9 | Five Year Integrated Programme in Environmental Sciences | Dept. of Environmental Sciences in collaboration with various otherdepts. |
| 10 | Five year Integrated Masters Programme in Historical Studies | Dept. of History |
| 11 | Five year Integrated Masters Programme in English Studies | Dept. of Studies in English |
| 12 | Five Year Integrated Masters Programme in Mathematical Sciences | Dept. of Statistical Sciences/Dept. of Mathematical Sciences jointly |
| 13 | ITEP | School of Pedagogical Sciences |

| | | |
|---|---|---|
| 14 | ITEP | KUTEC, Dharmasala |
| 15 | ITEP | KUTEC, Kasaragod |

- **Executive MBA Program:** Kannur University has invited applications for the Executive MBA program under the School of Lifelong Learning with the objective of helping working professionals secure MBA.
- The matter of earmarking Rs. 10 lakhs for providing start up grants/seed money of Rs.10,000/- each to FYIMP students of university departments.
- Starting of Integrated MBA programme at Nileshwaram Campus.
- Establishment of a Central Instrumentation and Research Laboratory as a Sub Centre of the KSHEC Centre of Excellence at Payyannur Campus. The KSHEC provided a financial assistance of Rs. 8 lakhs for the centre.
- Kerala Start up mission approved the request of the Kannur University for setting up of a LEAP Centre for Kannur University Innovation and Incubation Foundation (KUIIF) at Kannur. As per the above approval, the Kerala Start up Mission will provide financial assistance of Rs. 15 lakh for furnishing the expanded Incubation Centre at Thavakkara Campus. The furnishing works have already been started.
- The proposal of taking over of the Malabar Innovation and Entrepreneurship Zone (Mizone) a start-up ecosystem owned by Kerala Clays and Ceramic Products Limited. The initiative aims to provide infrastructure, mentorship, and networking opportunities, fostering innovation and entrepreneurship. A meeting with the Chairman and Managing Director of KCCPL was held on 15.03.2025 at 2 PM at the University Headquarters, Thavakkara, and discussed the future plans. The university looks forward to a positive collaboration for regional economic growth and employment.

**Innovation programmes**

**Cannovation 3.0**

Kannur University had hosted Cannovation 3.0 on February 24-25 at Thavakkara Campus, Kannur, in collaboration with leading institutions and organizations.

**Collaborations with Other Institutions and MoUs signed**

- A proposal has been submitted to DST for the i-Technology Business Incubator, titled "Assistive Technology and Health Care Innovation," to be established at Kannur University.
- Signed MoU with the Kerala State Higher Education Council (KSHEC), Thiruvananthapuram on 06/02/2025 to establish a Centre of Excellence in Kannur University as an autonomous institution of the department of higher education with the intention of improving the quality of research ecosystem and knowledge management in the field of Science and Research.

- Signed Memorandum of Understanding (MoU) with the National Institute of Electronics and Information Technology (NIELIT), Calicut.
- Signed Memorandum of Understanding (MoU) with Gulati Institute of Finance and Taxation (GIFT), Thiruvananthapuram.
- Signed Memorandum of Understanding (MoU) with Manipal Academy of Higher Education (MAHE), Karnataka.
- Signed Memorandum of Understanding (MoU) with the University of West London, RAK Branch Campus, United Arab Emirates (UAE).
- Memorandum of Understanding (MoU) with Department of Sports Medicine and Sports Sciences at Saveetha Deemed University (Saveetha Medical College & Hospitals, Chennai) for academic and research collaborations.
- Memorandum of Understanding (MoU) between Kannur University and the Kerala Management Association, Kochi.
- Memorandum of Understanding (MoU) between Kannur University and Kerala School of Mathematics, Kozhikode.

Additionally, ongoing partnerships are being developed with the following institutions:

- Memorandum of Understanding (MoU) with Entrepreneurship Development Institute of India (EDII), Ahmedabad.

**Construction Works Nearing Completion**

- 100-bed Ladies' Hostel at Payyannur Campus: A 100-bed ladies' hostel with a total outlay of 12.5 crores is nearing completion.
- Scientific Instrumentation Centre at Payyannur Campus: The Scientific Instrumentation Centre at Payyannur campus, with a total outlay of 3.75 crores, is being established to enhance research in science at a single location.

**Acquisitions**

- Acquisition of 24 cent private land adjacent to the second gate of Thavakkara Campus for the future development activities of the University

**As instructed by the Hon'ble Chancellor, Vice Chancellor presented the central plan for combating drug abuse in teaching and requested to adopt the policy in the University which are as follows**

**Combating Drug Abuse in Teaching Department and Affiliated Colleges under Kannur University: A Comprehensive Strategy**

## Vision:

To create a drug-intolerant academic environment in Kannur University by implementing a comprehensive and multi-stakeholder strategy that addresses prevention, early intervention, enforcement and rehabilitation.

## Mission:

To protect students from substance abuse through strict policies, awareness programs, enforcement measures and support systems while fostering a positive and healthy campus environment.

The primary objective is to establish a drug-free, healthy, and supportive environment in Teaching Departments and Affiliated College under Kannur University, fostering student well-being, academic success, and social development.

Achieving this goal necessitates a coordinated approach involving students, college authorities, families, law enforcement agencies, health professionals, student organizations, community groups and the University. Key focus areas include:

### 1. Strict Zero Tolerance Policy and Fast-Tracked Corrective Measures:

Declaring campuses as drug-free zones and involving families as vital component in this strategy.

- Enforce strict disciplinary actions against drug-related offenses.
- Clearly communicate consequences of drug abuse to students and parents.
- Expedite investigations and disciplinary hearings for timely resolutions.
- Minimize delays in corrective actions and enforcement of penalties.
- Prioritize rehabilitation and counselling for students battling addiction.
- Provide access to treatment programs and support groups.
- Emphasize corrective measures to prevent future substance abuse in addition to punitive actions.

- Ensure awareness of legal repercussions for drug offenses.
- Collaborate with the law enforcement system for prosecution of offenders.
- Signing of an anti-drug declaration by students and parents at the time of admission.
- Establishing clear guidelines and protocols for handling drug-related cases.
- Inclusion of anti-drug regulations in institutional policies, with visible signage across campus warning of severe consequences.

## 2. Declaring Campuses as Drug-Intolerant-Zones:

- A formal declaration reinforces the commitment to a drug-free environment.
- Establishes clear boundaries and expectations for students, faculty, and staff.
- Strengthens the legal framework for anti-drug policies and enforcement.
- Empowers campus security and law enforcement to take decisive action.
- Creates a safe, supportive learning environment conducive to academic and personal growth.
- Reduces exposure to drugs and minimizes peer pressure.
- Encourages students to seek help without fear of stigma.
- Encourage reporting of drug abuse.
- Strict surveillance in hostels.
- Participation of parents in hostel administration.

## 3. Awareness and Educational Initiatives

### 1. Comprehensive Awareness Campaigns

1. Organizing interactive seminars, workshops, and guest lectures by health professionals and law enforcement officials.
2. Using digital media, posters, and pamphlets to spread awareness about the risks of drug abuse.
3. Hosting anti-drug rallies, marathons, and cultural programs to engage students in preventive measures.

### 2. Compulsory Anti-Drug Education and Training

**2.1** Integration of substance abuse education into academic syllabi across all disciplines.

**2.2** Interactive sessions with ex-addicts, law enforcement officials, and medical professionals.

**2.3** Digital anti-drug campaigns using social media, short films, and university portals.

2.4 University-wide observance of "Anti-Drug Month" with engaging activities like debates, workshops, and awareness marathons.

**3. Peer Education Programs**

1. Training student volunteers to act as peer educators and counsellors.
2. Creating student-driven initiatives that promote a drug-free culture.
3. Encouraging mentorship programs where senior students guide juniors on resisting peer pressure.

**4. Student Engagement and Peer-Led Advocacy Programs:**

1. Formation of 'Student Anti-Drug Squads' responsible for awareness campaigns and peer surveillance.
2. Introduction of mentorship programs where senior students act as role models and guide their juniors against drug abuse.
3. Establishing reward systems for students who actively contribute to anti-drug initiatives.
4. Getting the support of sportspersons and celebrities as brand ambassadors.

## 4. Advanced Campus Surveillance and Technology-Based Monitoring:

- Smart Block Chain-Based Anonymous Reporting Portal: Create an immutable, encrypted, and completely anonymous reporting mechanism where students, staff, and faculty can report suspicious activities without fear of retaliation.
- AI-Powered Surveillance: Deployment of AI-based monitoring systems integrated with CCTV cameras to detect suspicious behaviours like loitering in secluded areas, unusual movements, and group clustering patterns related to drug use.
- Chemical Sensors for Drug Detection: Install air-sampling chemical sensors at key locations (restrooms, hostels, canteens) to detect airborne traces of narcotics, drug residues, or smoke from banned substances.
- AI-Enabled Smart Campus Patrols: Deploy AI drones and autonomous security bots to conduct random surveillance, detect suspicious gatherings, and report anomalies.
- Smart ID access control at campus entry/exit points to monitor movements and restrict unauthorized access.

- Introduction of biometric attendance systems to ensure students are in designated areas during academic hours.
- Digital anonymous reporting platform where students can confidentially report drug-related concerns.
- Collaborating with law enforcement agencies to track drug supply chains.
- Mandatory registration and background verification of all vendors operating within or near the campus.
- Routine checks of vendor stalls, canteens, and supply chains to prevent drug distribution.
- Establishment of student and faculty anti-drug patrol teams for vendor surveillance.

## 5. The Role of Families:

- Parents play a crucial role in detecting early behavioural changes related to drug use.
- Open communication and strong parent-child relationships are key preventive measures.
- Families provide emotional support and collaborate with schools and treatment providers.
- Positive parental role models influence children to adopt healthy behaviours.
- Families should actively participate in school-based drug prevention programs.
- Awareness of drug use indicators and current societal drug trends is essential for parents.

## 6. Hostels and Off-Campus Accommodations: Strengthening Safeguards

Hostels, both within and outside college campuses, often become vulnerable points for drug-related activities. Therefore, robust measures are essential to ensure the safety and well-being of students residing in these facilities.

- Parental Involvement in Hostel Administration:
  Increased parental involvement creates a strong deterrent and provides a supportive environment for students. Enhanced surveillance and monitoring reduce opportunities for drug-related activities.
- Establish a strong Parent-Teacher Association (PTA) with active parental participation in hostel administration.
- Provide a dedicated guest room within the hostel for parents to stay during visits, to provide a sense of presence and oversight.

- Regular PTA meetings to review and address hostel-related concerns, including safety and security.

- **Registration and Monitoring of Off-Campus Accommodations:** Registration and oversight of off-campus accommodations ensure accountability and safety.
- Require all private hostels, homesteads, and paying guest (PG) facilities near the campus to register with the institution and local law enforcement agencies.
- Create a list of approved off campus housing.
- Ensure that these accommodations adhere to safety and security standards.
- Establish a system for regular monitoring of these facilities by the PTA and department/ college authorities, with the help of enforcement agencies.

- **Awareness and Education:**

  Awareness and education empower students to make informed choices.

- Conduct regular awareness programs for hostel residents on the dangers of drug abuse and the consequences of involvement in such activities.
- Provide clear guidelines and rules regarding drug use and possession within hostel premises.
- **Hostel Staff Training:**
- Hostel staff should be trained to recognize the signs of drug abuse, and know how to report suspicious activity.
- The caretakers of the off-campus residential facilities should also be given the necessary information and training to prevent and detect drug abuse.
- **Collaboration with Law Enforcement:**

- Establish a strong working relationship with local police and excise departments to monitor and address drug-related issues in and around hostels.
- Collaboration with authorities allows for quick responses to any issues.

By implementing these measures, university teaching departments/ colleges can significantly reduce the risk of drug abuse in hostels and off-campus accommodations, creating a safer and healthier environment for students.

## 7. Role of Professional Health Science Courses students:

- Health science students have the expertise to contribute significantly to anti-drug campaigns.
- Their knowledge allows them to provide accurate information and dispel misconceptions.
- They can organize and lead awareness campaigns, workshops, and seminars on drug abuse.
- Their training enables them to serve as peer counselors in a non-judgmental environment.
- Early detection of drug abuse symptoms among peers can prevent addiction and facilitate intervention.
- Participation in community outreach programs enhances public awareness.
- Assisting in research on drug abuse contributes to effective prevention strategies.
- Their knowledge of mental health makes them valuable in identifying at-risk individuals and promoting well-being.

## 8. Alternative Lifestyle Programs to Engage Students:

- Expanding sports, arts, and cultural activities to provide alternative recreational outlets.
- Organizing leadership development, entrepreneurship, and skill-building workshops.
- Encouraging community service and volunteering initiatives as part of student engagement.

## 9. Role of Social Media:

Leveraging social media strategically can create a dynamic and engaging platform for promoting drug prevention and awareness.

- Social media is a powerful tool for engaging youth in drug prevention efforts.
- Create compelling and informative content such as videos, info graphics and testimonials.

- Utilise hashtags and collaborate with influencers to amplify the anti-drug message.
- Share concise, engaging videos on the effects of different drugs.
- Counteract myths and misconceptions about drug use with factual content.
- Provide easily accessible information on support services and help lines.
- Establish online forums for students to share experiences and support each other.
- Encourage students to share positive stories of recovery and resilience.
- Promote online counselling and mental health resources.
- Organise creative challenges to spread positive messages through art, music, or writing.
- Conduct competitions for student-created anti-drug reels and videos.
- Utilise social media analytics to tailor campaigns to specific demographics.
- Use targeted advertising to share helpline information and resources.
- Promote campus events and awareness initiatives effectively.

## 10. Curriculum integration

Integrating drug abuse education into the curriculum is a powerful way to protect the future of the youth. It can create a generation that is well-informed, resilient, and committed to a drug-free society. By incorporating drug education into the curriculum, all students receive the necessary information, regardless of their background or exposure to drugs. It becomes a part of normal education and removes any stigma associated with attending special drug awareness programs. When students learn about the hazards of drug abuse, they can also help to educate their families and communities.

Starting drug abuse education early, in school, builds a foundation of knowledge and understanding. It allows for proactive prevention before experimentation begins. Curriculum integration allows for a deep dive into the physiological, psychological, health effects and social consequences of drug abuse. It goes beyond simplistic "drugs are bad" messages being provided now. Curriculum-based learning ensures that students receive accurate and up-to-date information from credible sources and helps to counter misinformation and myths prevalent in peer groups and online. Consistent education throughout school and college reinforces the message

and promotes long-term behavioral changes, cultivating a culture of awareness and responsibility.

Curriculum integration should include lessons on coping mechanisms, stress management, and healthy decision-making. It should address the underlying factors that contribute to drug abuse and emphasize prevention strategies. Curriculum should be Age-Appropriate, i.e., the content and delivery should be tailor-made to suit the developmental stage of students and use age-appropriate language and examples. Interactive Learning through activities, discussions, and case studies to engage students and use technology and multimedia to enhance learning are to be considered.

Real-life examples and stories to illustrate the consequences of drug abuse add value to the content. Promote skills such as resilience, self-esteem, and communication. Include lessons on mental health and the correlation between mental health and drug abuse.

Kerala University of Health & Allied Sciences may be requested to facilitate the designing of the curriculum in consultation with the Kannur University.

## 11. Rehabilitation and Support Systems

- On-Campus Counselling and De-Addiction Support Centres:
- Dedicated psychological counselling centres with professional de-addiction experts.
- Regular screening and confidential interventions for students showing signs of substance abuse.
- Encouraging students to participate in therapy, skill development, and wellness programs as part of their recovery.

## 12. Community and Multi-Stakeholder Collaboration

### Government and Law Enforcement Coordination

- Strengthen cooperation between University Teaching Departments/ Affiliated colleges and Law enforcement agencies for proactive monitoring.
- Develop a joint task force involving police, excise, educators, and healthcare professionals.

## NGO and Civil Society Engagement

- Partner with non-governmental organizations to conduct outreach programs in rural and urban areas.
- Encourage community-led interventions that address the root causes of drug abuse.

## Corporate Social Responsibility (CSR)Initiatives

- Seek corporate sponsorship for anti-drug awareness programs, rehabilitation, and student support initiatives.
- Engage industries in offering employment opportunities for rehabilitated students to encourage their reintegration into society

## Implementation Roadmap

| Phase | Action | Stakeholders | Timeline |
|---|---|---|---|
| Phase1 | Policy Drafting | Kannur University, Police | 3months |
| Phase2 | Awareness & Education | University Teaching Departments / Colleges, NGOs, Media | 6months |
| Phase3 | Early Detection & Counselling | University Teaching Departments / Colleges, NGOs, Media Counsellors, Parents | Ongoing |
| Phase4 | Rehabilitation | Rehab Centres, CSR Partners | Continuous |
| Phase5 | Multi-Stakeholder | Govt, NGOs, Corporates | Continuous |

## Implementation Measures:

1. University-wise launch and action
2. Declare campuses as drug-intolerant zones
3. Enforce zero-tolerance policies with swift corrective measures
4. Engage Health Sciences students in peer outreach programs
5. Strengthen early intervention and counselling services
6. Encourage active family involvement and collaboration
7. Utilise technology for awareness campaigns and anonymous reporting
8. Expand and enhance student participation in arts, sports, and cultural activities
9. Engage Sports icons or Celebrities as Brand Ambassadors
10. Integrate arts and sports into the curriculum

11. Educate all stakeholders on emerging drug trends
12. Curriculum integration
13. Rehabilitation and supportive measures

## Expected Outcomes

- Significant reduction in student drug abuse cases.
- Increased awareness and responsible behaviour among students.
- Strengthened law enforcement and campus security.
- Improved mental health and well-being of students.
- Successful reintegration of affected students into society.

## Conclusion

This strategic action plan aims to create a holistic and sustainable approach to eliminating drug abuse in Teaching Departments and Colleges affiliated under Kannur University. We can foster a safe and drug-free academic environment by combining policy enforcement, awareness, early intervention, rehabilitation, and stakeholder collaboration

2.031 വൈസ് ചാൻസിലർ അവതരിപ്പിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സെനറ്റ് അംഗീകരിച്ചു.

## ഔദ്യോഗിക പ്രമേയം

ശ്രീ.വൈഷ്ണവ് മഹേന്ദ്രൻ അവതരിപ്പിച്ചു

യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസ് ലഹരി മരുന്നുകളുടെ വർധിച്ചു വരുന്ന ഉപയോഗത്തിനെതിരെ യുള്ള പ്രമേയമാണ്. സർവകലാശാല കോളേജ് ക്യാമ്പസുകളിൽ മദ്യം മയക്കുമരുന്ന് മറ്റു നിരോധിത വസ്തുക്കൾ എന്നിവയുൾപ്പെടെയുള്ള ലഹരി മരുന്നുകളുടെ ഉപയോഗത്തിൽ ഉണ്ടാകുന്ന ആശങ്കാജനകമായ വർദ്ധനവ് തിരിച്ചറിഞ്ഞു കൊണ്ട് ഈ അപകടകരമായ പ്രവണത തടയാൻ ഉടനടി നടപടിയെടുക്കാൻ ഞങ്ങൾ ദൃഢ നിശ്ചയം ചെയ്യുന്നു. മയക്കുമരുന്ന് ദുരുപയോഗം വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ക്ഷേമത്തെ അപകടപ്പെടുത്തുക മാത്രമല്ല അക്കാഡമിക് പ്രകടനം ക്യാമ്പസ് സുരക്ഷ സ്ഥാപനത്തിൻറെ പ്രശസ്തി എന്നിവയെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. കർശനമായ മയക്കുമരുന്ന് വിരുദ്ധ നയങ്ങൾ നടപ്പിലാക്കാനും ഉയർന്ന അപകട സാധ്യതയുള്ള മേഖലയിൽ നിരീക്ഷണം വർധിപ്പിക്കാനും അത്തരം വസ്തുക്കളുടെ വിതരണം തടയുന്നതിന് നിയമപാലകരുമായി സഹകരിക്കാനും ഞങ്ങൾ ഭരണകൂടത്തോട് അഭ്യർത്ഥിക്കുന്നു.

കൂടാതെ ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിൻറെ ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും ആവശ്യമുള്ളവർക്ക് സഹായം നൽകുന്നതിനും നിർബന്ധിത ബോധവൽക്കരണ പരിപാടികൾ കൗൺസിലിംഗ് സേവനങ്ങൾ സഹപ്രവർത്തകരുടെ പിന്തുണ സംരംഭങ്ങൾ എന്നിവ നടപ്പിലാക്കണം. കൂടാതെ ക്യാമ്പസ്സിലെ മയക്കുമരുന്നുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനും ഫാക്കൽറ്റി വിദ്യാർത്ഥികൾ ആരോഗ്യ വിദഗ്ദർ എന്നിവരടങ്ങുന്ന ഒരു സമിതി ഒരു സമർപ്പിത കമ്മറ്റി രൂപീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. പ്രതിരോധ നടപടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഈ കമ്മറ്റി ഉറപ്പാക്കും. നയപാലനം അവലോകനം ചെയ്യും. ആവശ്യമായ പരിഷ്കരണങ്ങൾ നിർദ്ദേശിക്കും. മയക്കുമരുന്ന് രഹിത അന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്നതിന് മാതാപിതാക്കളും പ്രാദേശിക സമൂഹങ്ങളും ഒരു കൂട്ടായ ശ്രമം വളർത്തിയെടുക്കണ ഈ നടപടികൾ സ്വീകരിക്കുന്നതിലൂടെ ഞങ്ങളുടെ സ്ഥാപനത്തിന്റെ സമഗ്രത ഉയർത്തിപ്പിടിക്കുന്നതോടൊപ്പം എല്ലാ വിദ്യാർത്ഥികളുടെയും ആരോഗ്യം സുരക്ഷ അക്കാദമിക് വിജയം എന്നിവ സംരക്ഷിക്കുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഉറപ്പാക്കുന്നു.

2.032 ഡോ ചന്ദ്രമോഹനൻ കെ ടി പ്രമേയത്തെ പിൻതാങ്ങി.
2.033 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

II. **Business brought forward by the Members of the Syndicate and the Vice Chancellor.**

1. **Consider and pass resolution on the Annual Accounts for the year 2020-21 and Audit Report.**
2. **Consider and pass resolution on the Annual Accounts for the year 2021-22 and Audit Report.**
3. **Consider and pass resolution on the Annual Accounts for the year 2022-23 and Audit Report.**
4. **Consider and pass resolution on the Annual Report 2023.**

2.034 2020-21,2021-22, 2022-23 ഓഡിറ്റ് റിപ്പോർട്ടിലെ പ്രസക്തമായ തടസ്സ വാദങ്ങൾ വളരെ വിശദമായി ഉന്നയിക്കുകയും ക്രമവിരുദ്ധമായും നിയമ പരമല്ലാതെയും പണം ചെലവഴിച്ചതിന് ഉത്തരവാദികൾക്കെതിരെ നടപടി വേണം. ഡോ.ഷിനോ പി ജോസ്ആവശ്യപ്പെട്ടു.

2.035 വായിച്ച എല്ലാ വിഷയങ്ങളും ഓഡിറ്റിൽ പ്രതിപാദിച്ചിട്ടുള്ളതാണെന്നും സെനറ്റ് അതിനെ മറികടന്ന് ഒന്നും പാസ്സാക്കാൻ ഉദ്ദേശിക്കുന്നില്ല എന്നും വൈസ് ചാൻസിലർ അറിയിച്ചു. ഓഡിറ്റ് റിപ്പോർട്ട് ടേബിൾ ചെയ്തിട്ട് ഇതിൽ വേണ്ട തിരുത്തലുകൾ ഫിനാൻസിന്റെ സ്റ്റാന്റിങ്ങ് കമ്മറ്റി കൺവീനർ സ്വീകരിക്കുകയും വിഷയം ഗൗരവമായി കണ്ടു ഭാവിയിൽ എല്ലാ അപാകതകളും പരിഹരിച്ച് മുന്നോട്ടു പോകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വൈസ് ചാൻസിലർ ഉറപ്പു നൽകി.

2.036 തടസ്സ വാദങ്ങൾക്ക് ഉത്തരവാദപ്പെട്ടവരുടെ വിവരം, സെനറ്റിൽ വ്യക്തമാക്കണം ഡോ എം .ജെ മാത്യു ആവശ്യപ്പെട്ടു.

2.037 ഈ ഓഡിറ്റ് റിപ്പോർട്ടിൽ കഴിഞ്ഞ മൂന്ന് വർഷത്തെ റിപ്പോർട്ട് നോക്കിയാൽ 3 കോടിയിൽ കൂടുതൽ ആണ് ഒബ്ജക്ഷൻ മുഹമ്മദ് അഷിഫാസ് സി എച്ച് അഭിപ്രായപ്പെട്ടു.

2.038 എല്ലാ യൂണിവേഴ്സിറ്റിക്കും ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഇവിടെ വ്യക്തമാക്കപ്പെട്ട പൊരുത്തക്കേടുകളും, ന്യൂനതകളും സാധാരണ ഗതിയിൽ യൂണിവേഴ്സിറ്റി പരിഹരിക്കേണ്ടതാണ്. അതിന് പ്രത്യേകിച്ച് ശിപാർശയുടെ ആവശ്യമില്ല. സംഭവിച്ചു പോയ കാര്യത്തിൽ ഇനി ഒന്നും ചെയ്യാൻ പറ്റില്ല. ഒരാൾ അഡ്വാൻസ് എടുത്താൽ അയാൾക്ക് പോകണമെങ്കിൽ അല്ലെങ്കിൽ NOC കിട്ടണമെങ്കിൽ ഓഡിറ്റ് ഒബ്ജക്ഷൻ ക്ലിയർ ചെയ്യണം അത് ക്ലിയർ ചെയ്യുന്നത് വരെ അത് അയാളുടെ ബാധ്യതയായി നിലനിൽക്കും വൈസ് ചാൻസിലർ അറിയിച്ചു.

2.039 കോർപ്പസ് ഫണ്ടിന്റെ കാര്യത്തിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കാൻ വൈസ് ചാൻസിലർ ഫിനാൻസ് ഓഫീസറോട് ആവശ്യപ്പെട്ടു .

2.040 സർവ്വകലാശാലയുടെ കറണ്ട് ബാങ്ക് അക്കൌണ്ടുകളിലുള്ള തുകയ്ക്ക് പലിശ ഇല്ലാത്തതിനാൽ, ചെലവിന് ആവശ്യം വരാതിരിക്കുന്ന സാഹചര്യങ്ങളിൽ പ്രസ്തുത തുകകൾ ഹ്രസ്വകാല നിക്ഷേപങ്ങളായി മുൻ വർഷങ്ങളിൽ (അതാത് കാലയളവിലെ പലിശ നിരക്കിൽ) ഒരു വർഷ കാലയളവിൽ നിക്ഷേപിച്ചിരുന്നു. ട്രഷറി പലിശ നിരക്കിനേക്കാളും കൂടുതലാണ് ബാങ്ക് പലിശ നിരക്ക് എന്ന് ഉറപ്പ് വരുത്തി പ്രസ്തുത നിക്ഷേപങ്ങൾ പുതുക്കി നിക്ഷേപിക്കാറുമുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ അതാത് വർഷങ്ങളിലെ പലിശ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. SBI Collect വഴി ഫീസ് ഇനങ്ങളിലായി ബാങ്ക് അക്കൌണ്ടിൽ വരുന്ന പൈസ automatic sweep വഴി ഫിക്സഡ് ഡെപ്പോസിറ്റ് ആയി ഏറ്റവും പുതിയ പലിശ നിരക്കിൽ നിക്ഷേപിക്കുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. ശ്രീ രാജേഷ് കെ പി ഫിനാൻസ് ഓഫീസർ ഇൻ ചാർജ്ജ് വിശദീകരിച്ചു.

2.041 ന്യൂനതകൾക്ക് പരിഹാരം കണ്ടെത്തി കൊടുത്തിട്ടുണ്ടോ എന്നറിയാനായി ആയത് സെനറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതല്ലേ എന്ന് അഡ്വ. കരുണാകരൻ നമ്പ്യാർ ചോദിച്ചു.

2.042 എല്ലാ ഓഡിറ്റ് ഒബ്ജെക്ഷനും മറുപടി നൽകുന്നുണ്ട്. കൊടുത്ത മറുപടി അടുത്ത സെനറ്റ് അന്വൽ മീറ്റിങ്ങിലെക്ക് വരും. വൈസ് ചാൻസിലർ അറിയിച്ചു.

2.043 2023 ലെ ആനുവൽ റിപ്പോർട്ടിൽ യൂണിവേഴ്സിറ്റിയുടെ പ്രധാന വിഭാഗമായ യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറിയെ ഉൾപ്പെടുത്തിയതായി കണ്ടില്ല എന്ന് ഡോ. സുധ അഴിക്കോടൻ അഭിപ്രായപ്പെട്ടു. അടുത്ത ആനുവൽ റിപ്പോർട്ട് തയ്യാറാകുമ്പോഴെങ്കിലും ഉൾപ്പെടുത്താൻ തയ്യാറാവേണ്ടതാണെന്ന്. ഡോ. സുധ അഴിക്കോടൻ ആവശ്യപ്പെട്ടു.

2.044 ഓഡിറ്റ് റിപ്പോർട്ടിൽ യൂണിവേറിസ്റ്റി സെൻട്രൽ ലൈബ്രറി വലിയ സംഖ്യ പുസ്തകങ്ങൾക്കും ജേർണലിനും വേണ്ടി ഉപയോഗിക്കുന്നതായി പറഞ്ഞെങ്കിലും അതിൻറെ ഉപയോഗം വളരെ കുറവാണ് മാത്രമല്ല പ്രവർത്തന സമയം 10 മണി മുതൽ 5 മണി വരെ എന്നത് മുൻപ് ഉണ്ടായിരുന്നത് പോലെ 12 മണിക്കൂർ മണിക്കൂർ ആക്കി മാറ്റണമെന്ന് ഡോ..സുധ അഴിക്കോടൻ ആവശപ്പെട്ടു.

2.045 താവക്കര ക്യാമ്പസ് വൈകിട്ട് വരെ പ്രവർത്തിപ്പിക്കാൻ ഉള്ള ഒരു നീക്കമാണ് എക്സിക്യൂട്ടീവ് MBA. അത് വരുമ്പോൾ ലൈബ്രറി വൈകിട്ട് വരെ പ്രവർത്തിക്കുമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

2.046 തീരുമാനം: ആനുവൽ അക്കൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ട് 2020-21, 2021-22, 2022-23 സഭ അംഗീകരിച്ചു.

2.047 തീരുമാനം: ആനുവൽ റിപ്പോർട്ട് 2023 സഭ അംഗീകരിച്ചു.

## III. Business brought forward by the members of the Senate.

**Including Resolutions brought forward from the Previous Senate**

**(Sl no: 28 to 69)**

Resolution No.28

**Prof.REEJA V** moved the resolution

FYUGP Programme കോളേജ് തലത്തിൽ നടപ്പിലാക്കിയപ്പോൾ ആദ്യ 2 സെമെസ്റ്ററുകളിൽ ഭാഷാ വിഷയങ്ങൾ (മലയാളം, ഹിന്ദി etc..) പഠിക്കേണ്ട രീതിയിലാണ് കരിക്കുലം തയ്യാർ ചെയ്തിട്ടുള്ളത്. എന്നാൽ സർവകലാശാല വിഭാഗങ്ങളിൽ ഇപ്പോൾ നടപ്പിലാക്കപ്പെട്ട പ്പോൾ FYIMP കരിക്കുലം പ്രകാരം ഭാഷാ വിഷയങ്ങൾ ഒന്നാം സെമസ്റ്ററിൽ പഠിക്കേണ്ടതില്ല. ഇത്തരമൊരു സമീപനം വിദ്യാർത്ഥികളുടെ സൗന്ദര്യ ധാരണ, വിമർശനാത്മക

ശേഷി എന്നിവയെ സാരമായി ബാധിക്കും. ആയതിനാൽ സർവകലാശാല വിഭാഗങ്ങൾ നടപ്പിലാക്കുന്ന FYIMP പ്രോഗ്രാമിലും കോളേജുകളിലെന്നതുപോലെ ഭാഷാ വിഷയങ്ങൾ പഠിക്കേണ്ട നിലയിൽ കരിക്കുലം മാറ്റണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

2.048 ശ്രീ.കാർത്തികേയൻ പി പ്രമേയത്തെ പിൻതാങ്ങി.
2.049 വിഷയം യുജിസി യോട് ആവശ്യപ്പെടാവുന്നതാണെന്ന് വൈസ് ചാൻസിലർ അറിയിച്ചു.
2.050 തീരുമാനം: യുജിസി യോട് ആവശ്യപ്പെടാം എന്ന ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

Resolution No.29

**Sri. MUHAMMED ASHEFAS C H**

കേരള സർവീസ് റൂൾസ് പ്രകാരം ഔദ്യോഗിക ഡ്യൂട്ടികൾക്കായി സ്ഥിരം പ്രവർത്തി കേന്ദ്രത്തിനു പുറത്തേക്ക് യാത്ര ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് ട്രാവലിംഗ് അലവൻസ് (TA), ഡെയിലി അലവൻസ് (DA) ലഭിക്കേണ്ടതാണ് .
ആയതിനാൽ മൂല്യനിർണയ ക്യാമ്പിൽ പങ്കെടുക്കുന്ന സർക്കാർ / എയ്ഡഡ് കോളേജ് അധ്യാപകർക്ക് ക്യാമ്പ് അലവൻസിനു പകരം അത്തരം ഡ്യൂട്ടികൾക്ക് ലഭിക്കേണ്ട ട്രാവലിംഗ് അലവൻസ് (TA) കൂടാതെ ഡെയിലി അലവൻസ് (DA) എന്നിവ നൽകുന്നതിനുള്ള നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെടുന്നു. കൂടാതെ സെനറ്റ് അക്കാഡമിക് കൗൺസിൽ, പഠന ബോർഡ് മീറ്റിംഗുകൾക്കും മൂല്യ നിർണയത്തിനും യു ജി സി നിഷ്കർഷിച്ചിരിക്കുന്ന ശമ്പളത്തിന് ആനുപാതികമായിട്ടുള്ള TA,DA അനുവദിക്കണ മെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.051 ഡോ.ഷിനോ പി ജോസ് പ്രമേയത്തെ പിൻതാങ്ങി.
2.052 ഗവണ്മെന്റ് റൂൾ പ്രകാരം എന്താണോ ലഭിക്കേണ്ടത്. അത് ലഭിക്കും. മൂല്യ നിർണ്ണയം ജോലിയുടെ ഭാഗമായതിനാൽ TA/DA ക്ക് വകുപ്പുണ്ടോ എന്ന് വ്യക്തത വരുത്തേണ്ടതുണ്ട്. പ്രമേയം തള്ളിയാലും ഇല്ലെങ്കിലും പരിശോധിച്ച് തുടർ നടപടി സ്വീകരിക്കാം. വൈസ് ചാൻസിലർ അറിയിച്ചു.
2.053 പ്രമേയത്തിൻ മേൽ ഡോ.ചന്ദ്രമോഹനൻ കെ ടി, ഡോ.എം ജെ മാത്യു എന്നിവർ സംസാരിച്ചു.
2.054 തീരുമാനം: ഭൂരിപക്ഷ അഭിപ്രായത്തെ തുടർന്ന് പ്രമേയം അംഗീകരിച്ചില്ല.

Resolution No.30

**Dr. SIBY PHILIP** moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകളിൽ ഗവേഷണം ചെയ്യുന്ന വിദ്യാർഥികൾ കോഴ്സ് വർക് ചെയ്യേണ്ടത് യൂണിവേഴ്സിറ്റി പഠന വകുപ്പുകളിൽ നിന്നാവണം എന്ന നിർദ്ദേശം പിൻവലിച്ചു കൊണ്ട് അതാത് ഗവേഷണ സെന്ററുകളിൽ തന്നെ കോഴ്സ് വർക്ക് ചെയ്യാനുള്ള അനുവാദം മറ്റ് യൂണിവേഴ്സിറ്റികളിലേതു പോലെ നമ്മുടെ സർവകലാശാലയിലും ഏർപ്പെടുത്തണമെന്നും റിസർച് ഗൈഡ്മാർക്ക് സെന്റർ ചേഞ്ച് ചെയ്യാൻ 2 വർഷ സമയം എന്നത് ഒഴിവാക്കി, ഗൈഡ്മാർക്ക് അവരുടെ ഡിപ്പാർട്ടമെന്റ് റിസർച്ച് സെന്റർ ആയി അനുവദിക്കപ്പെടുന്ന മുറക്ക് സെന്റർചേഞ്ച് അനുവദിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.055 റിസർച്ച് ഡയറക്ടർക്ക് ഗൈഡ് ലൈൻസ് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.വൈസ് ചാൻസിലർ അറിയിച്ചു.

2.056 പ്രമേയത്തിൻമേൽ ഡോ.ചന്ദ്രമോഹനൻ കെ ടി സംസാരിച്ചു.

2.057 തീരുമാനം: പ്രമേയം സഭ പിൻവലിച്ചു.

Resolution No.31

**Sri. KARTHIKEYAN P** moved the resolution

This resolution demands that Kannur University may build adequate academic infrastructure in the wake of implementation of FYUGP and FYIMP in university departments. The resolution also demands appointment of qualified teachers on tenure track for smooth functioning of these programmes

2.058 ഇത് സംബന്ധിച്ചു വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. വൈസ് ചാൻസിലർ അറിയിച്ചു

2.059 തീരുമാനം: പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.32

**Sri.DINESHAN K P** moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റി സെനറ്റിൽ പ്രൈവറ്റ് എയ്ഡഡ് കോളേജ് അനധ്യാപകരുടെ പ്രാതിനിധ്യം നിലവിൽ കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ് ആയത് പരിഹരിക്കുന്നതിന് കണ്ണൂർ യൂണിവേഴ്സിറ്റി പ്രവർത്തന പരിധിയിൽ വരുന്ന പ്രൈവറ്റ് എയ്ഡഡ് കോളേജ് അനധ്യാപകരുടെ രണ്ടു പ്രതിനിധികളെ കണ്ണൂർ യൂണിവേഴ്സിറ്റി സെനറ്റിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടി

സ്വീകരിക്കണം എന്ന് ഈ പ്രമേയത്തിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

2.060 ശ്രീ.മുഹമ്മദ് അഷിഫാസ് പ്രമേയത്തെ പിൻതാങ്ങി.

2.061 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.33

**HARSHA P**

കണ്ണൂർ സർവകലാശാല ഡിപ്പാർട്ട്മെന്റുകളിൽ നിലവിൽ പുനർമൂല്യനിർണയത്തിനുള്ള അപേക്ഷകൾ ഓഫ്‌ലൈനായാണ് സ്വീകരിക്കുന്നത്. അത് മാറ്റിക്കൊണ്ട് അപേക്ഷകൾ ഓൺലൈൻ ആയിത്തന്നെ സമർപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

2.062 പ്രമേയ അവതരണ വേളയിൽ അവതാരക സഭയിൽ ഹാജർ ഉണ്ടായിരുന്നില്ല.

Resolution No.34

**ASHITH ASHOKAN T** moved the resolution

പുനർമൂല്യ നിർണയ ഫലം വന്നതിന് ശേഷം വിദ്യാർത്ഥികൾക്ക് റീഫണ്ട് ലഭിക്കുവാൻ യോഗ്യത ഉണ്ടെങ്കിൽ തുക റീഫണ്ട് നൽകുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

2.063 ശ്രീ. മുഹമ്മദ് ഹസീബ് ടി കെ പ്രമേയത്തെ പിൻതാങ്ങി

2.064 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.35

**Sri.MUHAMMED SALIH C** moved the resolution

കണ്ണൂർ സർവകലാശാലയിൽ ആർട്സ് & സയൻസ് കോളേജുകളിൽ ഒഴിഞ്ഞ് കിടക്കുന്ന ബിരുദ ബിരുദാനന്തര കോഴ്സുകളുടെ സീറ്റുകൾ സംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം നടത്തി ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ ആവശ്യപ്പെടണമെന്നും അതെ സമയം തന്നെ സർവകലാശാലയുടെ സ്വയം ഭരണാധികാരങ്ങൾ ഇല്ലാതാക്കുവാനുള്ള തുടർച്ചയായ സർക്കാർ ഇടപെടലുകൾ ഫലപ്രദമായി എതിർക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.065 ശ്രീ. ഷഹീദ് കായിക്കരൻ പ്രമേയത്തെ പിൻതാങ്ങി.

2.066 ശ്രീ. സാജു.പി ജെ, ഡോ. പ്രേമചന്ദ്രൻ കീഴോത്ത് എന്നിവർ പ്രമേയവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തു.

2.067 വൈസ് ചാൻസിലർ വിശദീകരിച്ചു.

2.068 തീരുമാനം: വൈസ് ചാൻസിലറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതാരകൻ പ്രമേയം പിൻവലിച്ചു.

Resolution No.36

**Dr.Prajitha P**

രണ്ടു മണിക്കൂർ പരീക്ഷയ്ക്ക് ഒരു ദിവസം 35 പേപ്പർ മൂല്യനിർണയം നടത്തിയിരുന്ന സംവിധാനം മാറ്റി മൂല്യനിർണയം നടത്തേണ്ട പേപ്പറുകളുടെ എണ്ണം വർധിപ്പിച്ച സർവകലാശാലയുടെ നിലപാട് മൂല്യനിർണയം കൂടുതൽ സങ്കീർണമാക്കി മാറ്റും എന്നുള്ളതിനാൽ പിൻവലിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

2.069 വിഷയം ഇതിനകം തന്നെ നടപ്പിലായിട്ടുണ്ട്. വൈസ് ചാൻസിലർ അറിയിച്ചു.

2.070 തീരുമാനം: വൈസ് ചാൻസിലറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.37

**Dr. JITHESH K** moved the resolution

എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാർക്ക് അഡ്മിനിസ്ട്രേഷൻ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി empanel training പൂർത്തീകരിക്കേണ്ടതുണ്ട്. 2022 മുതൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഫണ്ട് ലഭിക്കുന്നില്ല എന്ന കാരണം പറഞ്ഞു ട്രെയിനിങ് നടത്തുന്നില്ല. സംസ്ഥാന അവാർഡുകൾക്ക് അപേക്ഷിക്കുമ്പോഴും ഈ ട്രെയിനിങ് സർട്ടിഫിക്കറ്റ് നിർബന്ധ മാണ്. കേന്ദ്ര ഗവണ്മെന്റ് ഫണ്ട് ലഭിക്കുന്നില്ലെങ്കിൽ. .പകരം സംവിധാനം സർവ്വകലാശാലകൾ ഉറപ്പുവരുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

2.071 ഡോ.സിബി ഫിലിപ്പ് പ്രമേയത്തെ പിൻതാങ്ങി.

2.072 സർവ്വകലാശാലകൾക്ക് തീരുമാനം എടുക്കാം എന്ന് പറഞ്ഞു കൊണ്ട് യുജിസിയുടെ ഓർഡർ ഇറങ്ങിയിട്ടുണ്ട്. ഡോ.ജിതേഷ് കെ അറിയിച്ചു.

2.073 യൂണിവേഴ്സിറ്റിയിൽ തീരുമാനം എടുക്കേണ്ട വിഷയം അല്ല ഇത്. NSS ന്റെ തീരുമാനം എടുക്കുന്നത് സ്റ്റേറ്റ് സെൽ ആണ്. പ്രമേയം മോഡിഫൈ ചെയ്ത് സ്റ്റേറ്റ് സെല്ലിലേക്ക് ആവശ്യപ്പെടാം. വൈസ് ചാൻസിലർ അറിയിച്ചു.

2.074 തീരുമാനം: വിഷയം എൻ എസ് എസ് സ്റ്റേറ്റ് സെല്ലിലേക്ക് ആവശ്യപ്പെടാം എന്ന ഭേദഗതിയോടെ സഭ പ്രമേയം അംഗീകരിച്ചു.

Resolution No.38

**Sri. SAJU P J** moved the resolution

കണ്ണൂർ സർവകലാശാല സിണ്ടിക്കേറ്റിൽ അനധ്യാപക ജീവനക്കാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന് ദീർഘകാലത്തെ പഴക്കമുണ്ട്.

പഠനവകുപ്പുകളിലെയും സർവകലാശാലയിലെയും ദൈനംദിന ഭരണപരമായ കാര്യങ്ങളും സർവകലാശാല പരീക്ഷാ നടത്തിപ്പും 450 ഓളം വരുന്ന സർവകലാശാല ജീവനക്കാരൻ നിർവഹിച്ചു വരുന്നത്. സർവകലാശാലയെ കാര്യക്ഷമമായി മുന്നോട്ട് നയിക്കുന്നതിൽ ഈ ജീവനക്കാരുടെ അനുഭവ സമ്പത്തു കൂടി വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്
ആയതിനാൽ അനധ്യാപക ജീവനക്കാരുടെ പ്രതിനിധിയെ സിണ്ടിക്കേറ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ കണ്ണൂർ സർവകലാശാല ആക്ടിൽ വരുത്തണമെന്ന് ഈ പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

2.075 ശ്രീ. പി കാർത്തികേയൻ പ്രമേയത്തെ പിന്താങ്ങി

2.076 തീരുമാനം : പ്രമേയം സഭ അംഗീകരിച്ചു.

Resolution No.39

**Sri.MUHAMMED HASEEB T K** moved the resolution

എം കെ സി എൽ എന്ന മഹാരാഷ്ട്ര കമ്പനി നാലുവർഷ ബിരുദ വിദ്യാർത്ഥികളുടെ പരീക്ഷ സംബന്ധമായ കാര്യങ്ങൾ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തുന്നു. പ്രസ്തുത കമ്പനി നടത്തിയിരുന്ന സേവനം നിലവിൽ മഹാരാഷ്ട്രയിൽ 8 സർവ്വകലാശാലകൾ ഉപേക്ഷിച്ച് കഴിഞ്ഞു. പ്രസ്തുത കമ്പനി സോഫ്റ്റ്‌വെയർ സർവകലാശാലയ്ക്കു നൽകുന്നുമില്ല എന്നത് വിഷയം സങ്കീർണമാക്കുന്നു. പ്രസ്തുത കമ്പനിയുമായുള്ള ധാരണ പത്രം സർവകലാശാല പുറത്തു വിടണമെന്നും, സർവ്വകലാശാലയുടെ സ്വയംഭരണ അധികാരത്തെ കവർന്നെടുക്കുന്ന രീതിയിൽ കേരള സർക്കാർ, ASAP എന്നിവ നൽകിയിരിക്കുന്ന നിർദേശങ്ങൾ സർവകലാശാല പാലിക്കുന്നത് നിയമവിരുദ്ധമായതിനാൽ, വിദ്യാർത്ഥികളുടെ ഡാറ്റ കച്ചവടം വരെ നടക്കുവാൻ സാധ്യതയുണ്ട് എന്നുള്ള അപകടകരമായ സാഹചര്യം ഉൾകൊണ്ട് ഈ തീരുമാനത്തിൽ നിന്നും സർവകലാശാല പിന്മാറണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.077 ശ്രീ.ആഷിത് അശോകൻ ടി പ്രമേയത്തെ പിന്താങ്ങി.

2.078 MKCL ആയിട്ടോ, ASAP മായോ കണ്ണൂർ സർവകലാശാലയ്ക്ക് ധാരണ പത്രമോ ബന്ധമോ ഇല്ല. പ്രത്യക്ഷത്തിൽ നമുക്ക് ബന്ധം ഉണ്ട് എന്ന് സാധുകരിക്കുന്ന പ്രമേയം വന്നാൽ അംഗീകരിക്കാൻ സാധിക്കുകയില്ല. സർക്കാറിന്റെ ഉത്തരവ് അനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നു എന്ന മാത്രമേയുള്ളു. മൾട്ടി ഡിസിപ്ലനറി കോഴ്സ സിന്റെ എക്സാമിനേഷന് സോഫ്റ്റ് വെയർ അനിവാര്യമാണ് ഈ സ്ഥാപനം അല്ലെങ്കിൽ മറ്റൊരു സ്ഥാപനം. എല്ലാ

യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ മാരും ഒന്നിച്ച് ഇരുന്ന് എടുത്ത തീരുമാനം ആണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിർദ്ദേശം മാത്രമാണ് പിൻതുടരുന്നത്. കണ്ണൂർ സർവകലാശാല പൈലറ്റ് പ്രൊജക്റ്റയി എടുത്ത് വിജയകരമായി ചെയ്തു. വൈസ് ചാൻസിലർ അറിയിച്ചു.

2.079 ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ അടക്കം വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതിയാണ് FYUGP. നടപ്പിലാക്കാക്കുന്നതിനു പൊതുവായ ഒരു സോഫ്റ്റ്വെയർ അനിവാര്യമാണ്. സംസ്ഥാന സർക്കാർ നമ്മുടെ പൊതു ആവശ്യം മുന്നിൽ കണ്ടു കൊണ്ട് ഒരു സോഫ്റ്റ്വെയർ ഉണ്ടാക്കി തരുമ്പോൾ അതിനെ ഒരു വസ്തുതയുടെ അടിസ്ഥാനത്തിലോ രേഖയുടെ അടിസ്ഥാനത്തിലോ അല്ലാതെ മുന്നോട്ടു കൊണ്ടുവരുന്ന ഈ പ്രമേയം തള്ളണം എന്ന് ഡോ ചന്ദ്രമോഹനൻ ആവശ്യപ്പെട്ടു.

2.080 തീരുമാനം: ഭൂരിപക്ഷ അഭിപ്രായത്തെ തുടർന്ന് വോട്ടെടുപ്പിലൂടെ പ്രമേയം അംഗീകരിച്ചില്ല.

Resolution No.40

**SOORYA ALEX**

സർവകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് ലഭിക്കുവാനുള്ള ഫെല്ലോഷിപ്പുകൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കി അടിയന്തിരമായി നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.081 ഫെല്ലോഷിപ്പ് ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഫണ്ട് വരുന്ന ദിവസം തന്നെ റിലീസ് ചെയ്യുന്നതാണെന്ന്. വൈസ് ചാൻസിലർ അറിയിച്ചു.

2.082 തീരുമാനം: പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.41

**ARYA K** moved the resolution

FYUGP ഒന്നാം വർഷ പരീക്ഷകൾ തീരുമാനിച്ച ഘട്ടത്തിലും അതുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കപ്പെടുന്നില്ല. മേജർ കോഴ്സുകളും മറ്റും തിരഞ്ഞെടുക്കുന്നതിൽ ഇപ്പോഴും വിദ്യാർത്ഥികളുടെ ആശങ്കകൾ സാധുകരിക്കപ്പെടുന്നില്ല. ഇത്തരം കാര്യങ്ങൾ വളരെ ഗൗരവമായിതന്നെ പരിശോധിക്കപ്പെടണം.

2.083 FYUGP ഒന്നാം സെമസ്റ്റർ എക്സാം നടക്കുമ്പോൾ ആദ്യ സെനറ്റിൽ അവതരിപ്പിച്ച പ്രമേയമാണ്. ഇപ്പോൾ രണ്ടാം സെമസ്റ്റർ പരീക്ഷകൾ നടക്കാൻ പോകുകയാണ്. ആ സമയത്തുപോലും വിദ്യാർത്ഥികൾക്ക് FYUGP യുടെ മേജർ

കോഴ്സുകളും മൈനർ കോഴ്സുമായിട്ടുള്ള ആശങ്കകൾ നിലനിൽക്കുകയാണ്. അത് വളരെ ഗൗരവത്തിൽ എടുത്തുകൊണ്ട് വിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിച്ചു പോണം എന്നാണ് പ്രമേയത്തിലൂടെ ആവശ്യപ്പെടാനുള്ളത്.- ആര്യ കെ അറിയിച്ചു.

2.084 പി എസ് സഞ്ജീവ് പ്രമേയത്തെ പിന്താങ്ങി.

2.085 കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിൽ കുട്ടികളുടെ പ്രതിനിധികളുമായി സംസാരിച്ചപ്പോൾ FYUGP യുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ആശയക്കുഴപ്പവും ആശങ്കകൾ ഉള്ളതായി അറിയിക്കാൻ കഴിഞ്ഞു. ഒരു മേജർ ക്യാമ്പയിൻ നടത്തി ആശങ്കകൾ പരിഹരിക്കാം. വൈസ് ചാൻസിലർ അറിയിച്ചു.

2.086 തീരുമാനം : പ്രമേയം സഭ അംഗീകരിച്ചു.

Resolution No.42

**Dr.DINESH T** moved the resolution

നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ ക്ലാസുകൾ അവസാനിച്ചിരിക്കുകയാണ് ആദ്യ സെമസ്റ്ററിലെ അധ്യയന പ്രവർത്തനങ്ങളും സിലബസിലെ ഉള്ളടക്കവും എല്ലാം സമഗ്രമായി ചർച്ച ചെയ്യുന്നതിനായി അതത് വിഷയങ്ങളിലെ അധ്യാപകരുടെയാകെ ശില്പശാലകൾ അതാത് ബോർഡ് ഓഫ് സ്റ്റഡീസ് നേതൃത്വം നൽകി സംഘടിപ്പിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.087 ആദ്യ സെനറ്റിൽ അവതരിപ്പിച്ച പ്രമേയമാണ്. രണ്ടാം സെമസ്റ്റർ ക്ലാസുകൾ അവസാനിച്ചിതിനാൽ രണ്ടുമാസത്തെ വെക്കേഷൻ സമയത്ത് സംഘടിപ്പിക്കാവുന്നതെ ഉള്ളു.ഡോ.ദിനേശ് ടി അഭിപ്രായപ്പെട്ടു.

2.088 ഡോ. സിബി ഫിലിപ്പ് പ്രമേയത്തെ പിന്താങ്ങി.

2.089 തീരുമാനം : പ്രമേയം സഭ അംഗീകരിച്ചു.

Resolution No.43

**Dr. PREMACHANDRAN KEEZHOTH** moved the resolution

I FYUGP വിദ്യാർത്ഥികൾ ഒന്നാം സെമസ്റ്റർ പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന സമയത്തും, പാഠഭാഗങ്ങളിൽ മാറ്റം വരുത്തിയും, മാതൃകാ ചോദ്യങ്ങൾ നൽകാതെയും ചില വാട്ട്സാപ്പ് സന്ദേശങ്ങളിലൂടെ മാത്രം പാഠ ഭാഗങ്ങളെപ്പറ്റി അറിയിപ്പ് ലഭിക്കുന്നുണ്ട്.

II FYUGP യുടെ മാതൃകാ ചോദ്യപേപ്പർ സർവകലാശാലയുടെ കീഴിലുള്ള എല്ലാ അധ്യാപകർക്കും ഔദ്യോഗികമായി

ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.090 ഡോ. പ്രജിത പി പ്രമേയത്തെ പിന്താങ്ങി.
2.091 രണ്ടാമത്തെ ഭാഗം അംഗീകരിക്കാമെങ്കിലും ഒന്നാമത്തെ ഭാഗം വസ്തുതക്ക് നിരക്കുന്നതല്ല. വാട്ട്സ്ആപ്പ് സന്ദേശം മുഖാന്തിരം യൂണിവേഴ്സിറ്റിയുടെ ഔദ്യോഗികമായ ഒരു നിർദ്ദേശവും അധ്യാപകർക്കോ, കോളേജുകൾക്കോ പോകുന്നില്ല. ഡോ.ചന്ദ്രമോഹനൻ കെ ടി വിശദികരിച്ചു.

2.092 യൂണിവേഴ്സിറ്റിയുടെ പേര് അതിൽ പരാമർശിച്ചിട്ടില്ല. ബോർഡ് ഓഫ് സ്റ്റഡിസിലെ അംഗങ്ങൾ അനൗദ്യോഗിക ഗ്രൂപ്പുകൾ വഴി അധ്യാപകർക്ക് കൊടുക്കുന്ന നിർദ്ദേശം എന്നരീതിയിൽ ആണ് പറഞ്ഞത്. യൂണിവേഴ്സിറ്റി പോർട്ടൽ പരിശോധിച്ചാൽ ടെക്സ്റ്റ് ഇല്ല, സിലബസ്സ് ഇല്ല അതാണ് ഗ്രൂപ്പിലേക്ക് വരുന്നത്. വളരെ ഗൗരവമുള്ള വിഷയമാണ്. ഡോ.പ്രേമചന്ദ്രൻ കീഴോത്ത് അറിയിച്ചു.

2.093 ആദ്യ സെമസ്റ്ററിൽ ചില അപാകതൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ അത്തരം ആരോപണങ്ങൾക്ക് പ്രസക്തിയില്ല. അതിനാൽ പ്രമേയത്തിന്റെ രണ്ടാം ഭാഗം അംഗീകരിക്കാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

2.094 തീരുമാനം: പ്രമേയത്തിലെ രണ്ടാം ഭാഗം സഭ അംഗീകരിച്ചു.

Resolution No.44

**Sri. AKHIL K SREEDHAR** moved the resolution

കണ്ണൂർ സർവകലാശാല ഇന്റർ കോളേജിയറ്റ് കായിക മത്സരങ്ങളുടെ നടത്തിപ്പിനായും, ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിന് വേണ്ടിയും ചെലവഴിക്കുന്ന തുക ആവശ്യമായ സ്റ്റാഫുകളെ കായിക വിഭാഗത്തിന് നൽകി ബില്ല് സബ്മിറ്റ് ചെയ്തു ഒരു മാസത്തിനകം പാസാക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉണ്ടാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.095 ഡോ. സിബി ഫിലിപ്പ് പ്രമേയത്തെ പിന്താങ്ങി.
2.096 സ്റ്റാഫിന്റെ കാര്യം ഇതിൽ പരാമർശിക്കേണ്ട അവിടെ ഡെപ്യൂട്ടി രജിസ്ട്രാർ, സെക്ഷൻ ഓഫീസർ, നാല് അസിസ്റ്റന്റ്മാർ എന്നിങ്ങനെ ഉണ്ട്. കൂടുതൽ സ്റ്റാഫിനെ നൽകാൻ കഴിയില്ല. വൈസ് ചാൻസിലർ അറിയിച്ചു.

2.097 ബില്ല് സബ്മിറ്റ് ചെയ്തു ഒരു മാസത്തിനകം പാസാക്കണം എന്നാണ് ഉദ്ദേശിച്ചത്. പ്രമേയം മോഡിഫൈ ചെയ്യാം. ശ്രീ. അഖിൽ പി ശ്രീധർ അറിയിച്ചു.

2.098 തീരുമാനം: പ്രമേയത്തിലെ ആവശ്യമായ സ്റ്റാഫുകളെ കായിക വിഭാഗത്തിന് നൽകുക എന്ന ഭാഗം ഒഴിവാക്കി ബില്ല് സബ്മിറ്റ് ചെയ്ത് ഒരു മാസത്തിനകം പാസാക്കണം എന്ന വ്യവസ്ഥയോടെ സഭ പ്രമേയം അംഗീകരിച്ചു.

Resolution No.45

**Sri.T I MADHUSOODANAN MLA** moved the resolution

ഉത്തരമലബാറിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാനും, കണ്ണൂർ കാസറഗോഡ് -വയനാട് ജില്ലയിലെ മാനന്തവാടി താലൂക്ക് ഭൂമി പരിധിയിൽ വരുന്ന പ്രദേശത്തു വിദ്യാഭ്യാസ വളർച്ചയിലൂടെ സാംസ്കാരിക-സാമൂഹിക-സാമ്പത്തിക രാഷ്ട്രീയ വളർച്ച ലക്ഷ്യമിട്ടുമാണ് ആദ്യം മലബാർ സർവകലാശാലയായും പിന്നീട് കണ്ണൂർ സർവ്വകലാശാലയായും നമ്മുടെ ഈ സർവകലാശാല രൂപീകരിക്കപ്പെടുന്നത്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള കാഴ്ചപ്പാടും ദൗത്യവും (vision & mission) രൂപപെടുത്തിയും അവ ഇന്നത്തെ കാലത്തിനനുയോജ്യമായി പരിഷ്കൃതമാക്കിയും ഹ്രസ്വകാല-ദീർഘകാല പദ്ധതികളും പ്രവർത്തനങ്ങളും (Short term –Long term plans and projects) രൂപപ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്. അതിനായി നമ്മുടെ സർവകലാശാലയുടെ ഭരണ കാര്യങ്ങളുടെ ഏറ്റവും പ്രധാന ഉപദേശക സമിതിയായ സെനറ്റിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ പ്രഗൽഭ്യമുള്ള അന്തർ ദേശിയ -ദേശീയ -സംസ്ഥാന പ്രാദേശിക പ്രാധാന്യമുള്ള വിദഗ്ധരെ പങ്കെടുപ്പിച്ചു വിപുലമായ ജനകീയ വികസന ശില്പശാലകൾ സംഘടിപ്പിക്കണമെന്നു ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഫെഡറലിസവും ജനാധിപത്യപരതയും സ്വയം ഭരണാവകാശവും വികേന്ദ്രീകരണവും ഇല്ലാതാക്കി നൂറ്റാണ്ടുകൾക്കു പിറകിലേക്ക് രാജ്യത്തെ കൊണ്ടെത്തിക്കുന്ന പ്രതിലോമ വിദ്യാഭ്യാസ നയങ്ങൾക്കെതിരായി കണ്ണൂർ സർവകലാശാല മുന്നോട്ടു വെക്കുന്ന പുരോഗമന ഉന്നത വിദ്യാഭ്യാസ ബദൽ പ്രവർത്തനങ്ങളുടെ തുടക്കമായി ഈ നിർദേശത്തെ കാണണമെന്നും രാജ്യത്തിനാകെ മാതൃകയാം വിധം അഭിമാനകരമായ രീതിയിൽ ഈ ജനകീയ വികസനം നമുക്ക് ഉയർത്തിപിടിക്കാനാകണമെന്നും ഈ പ്രമേയത്തിലൂടെ ചൂണ്ടികാണിക്കുന്നു.

2.099 ഡോ.ചന്ദ്രമോഹനൻ കെ ടി പ്രമേയത്തെ പിന്താങ്ങി.

2.0100 തീരുമാനം : പ്രമേയം സഭ അംഗീകരിച്ചു.

## Resolution No.46

**Sri. RAGASH C**

കണ്ണൂർ യൂണിവേഴ്സിറ്റി പരീക്ഷ അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ടു ഓൺലൈൻ മുഖേന സമർപ്പിക്കുന്ന വിവരങ്ങളുടെ ഹാർഡ് കോപ്പി (പ്രിന്റൗട്ട്) യൂണിവേഴ്സിറ്റി തീരുമാനിക്കുന്ന തീയതിയിൽ തന്നെ എത്തിക്കാൻ പറ്റാത്ത കാരണത്താൽ ബന്ധപ്പെട്ട കോളേജുകളിൽ നിന്നും ഫൈൻ ഈടാക്കുന്നുണ്ട് . കണ്ണൂർ യൂണിവേഴ്സിറ്റിയിൽ എത്തിപ്പെടുന്നതിനു താരതമ്യേന യാത്ര സൗകര്യം കുറഞ്ഞ കൂടുതൽ കോഴ്സുകളും, വിദ്യാർത്ഥികളും ഉള്ളതും , റിമോട്ട് ഏരിയകളിൽ പ്രവർത്തിക്കുന്നതുമായ കോളേജുകളിൽ നിന്നും (ഉദാ : എളേരിത്തട്ട് ഗവ . കോളേജ് , മാനന്തവാടി ഗവ. കോളേജ് പോലെയുള്ളവ ) ഇത്തരത്തിൽ ഫൈൻ ഈടാക്കുന്നതിൽ നിന്നും ഇളവ് നൽകുന്നതിന് യൂണിവേഴ്സിറ്റിക്ക് തീരുമാനമെടുക്കാവുന്നതാണ്. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത മാനന്തവാടിയിലെയും, പരിസര പ്രദേശത്തെയും കോളേജുകൾക്ക് കണ്ണൂർ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിറവേറ്റുന്നതിനായി കണ്ണൂർ യൂണിവേഴ്സിറ്റി യുടെ ഒരു അക്സസ്സ് പോയിന്റ് മാനന്തവാടിയിലോ പരിസര പ്രദേശത്തോ അനുവദിച്ച് നൽകാനുള്ള നടപടികൾ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്നും സ്വീകരിക്കാവുന്നതാണ്.

2.0101 പ്രമേയത്തിന് കഴിഞ്ഞ സെനറ്റിൽ (ചോദ്യനമ്പർ.16) മറുപടി തന്നിട്ടുണ്ട്. ശ്രീ.രാഗേഷ് സി അറിയിച്ചു.

2.0102 തീരുമാനം: പ്രമേയം അവതരിപ്പിച്ചില്ല.

## Resolution No.47

**Dr. NISHA V K**

കോളേജുകളിൽ ബിരുദാന്തര ബിരുദ പരീക്ഷകളുടെ മൂല്യനിർണയത്തിന് ഡബിൾ വാല്യൂവേഷൻ സിസ്റ്റമാണ് അനുവർത്തിക്കുന്നത്. ഇത് പ്രകാരം വിദ്യാർത്ഥികൾക്ക് റീവാല്യൂവേഷൻ അനുവദിക്കുന്നില്ല . നിരവധി വിദ്യാർത്ഥികൾ ഇതുമൂലം പ്രയാസമനുഭവിക്കുന്നു. എന്നാൽ സർവകലാശാല പഠന വകുപ്പുകളിലെ പി ജി വിദ്യാർത്ഥികൾക്ക് സിംഗിൾ വാല്യൂവേഷൻ കം റീവാല്യൂവേഷൻ രീതി തുടരുകയും ചെയ്യുന്നു. അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികളുടെ

പരീക്ഷാമൂല്യ നിർണയത്തിന് മാത്രമാണ് ഡബിൾ വാല്യൂവേഷൻ സിസ്റ്റം ഉള്ളത്. ഇത് പിൻവലിച്ചു സിംഗിൾ വാല്യൂവേഷൻ രീതി തുടരണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0103 മേൽ വിഷയത്തിൽ ഇതിനകം യൂണിവേഴ്സിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ഡോ.നിഷ വി കെ അറിയിച്ചു.

2.0104 തീരുമാനം: പ്രമേയം അവതരിപ്പിച്ചില്ല.

## Resolution No.48

**Dr . SHINO P JOSE** moved the resolution

കഴിഞ്ഞ ഒന്നര വർഷമായി ഡിഗ്രി പഠിപ്പിക്കുന്ന യോഗ്യതയുള്ള അധ്യാപകർക്ക് കണ്ണൂർ സർവകലാശാല പി എച്ച് ഡി ഗൈഡ്ഷിപ്പ് നിഷേധിക്കുന്നു. പി ജി കോളേജുകൾ എന്നുള്ള പരാമർശം യു ജി സി റെഗുലേഷനിൽ ഉണ്ട് എന്നതാണ് കാരണമായി അറിയുവാൻ കഴിഞ്ഞത്. പി ജി ഡിപ്പാർട്ട്മെന്റ്, പി ജി കോളേജ് എന്നിവ തമ്മിലുള്ള അർത്ഥവ്യത്യാസം തെറ്റായി വ്യാഖ്യാനിക്കുന്നത് കൊണ്ടാണ് നിലവിൽ ഗവേഷണ വിരുദ്ധമായ സമീപനം സർവകലാശാല കൈക്കൊള്ളുന്നത്. ഒരു പി ജി എങ്കിലും ഉള്ള കോളേജുകൾ പി ജി കോളേജ് ആണ് എന്ന യാഥാർഥ്യം ഉൾക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലയും കാലിക്കറ്റ്സർവ്വകലാശാലയും ഡിഗ്രി പഠിപ്പിക്കുന്ന അധ്യാപകർക്ക് പി എച്ച് ഡി ഗൈഡ് ഷിപ്പ് അനുവദിക്കുന്ന സാഹചര്യവും കണക്കിലെടുത്ത്, നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിച്ച പശ്ചാത്തലത്തിൽ യോഗ്യരായ എല്ലാ അധ്യാപകർക്കും പി എച്ച് ഡി ഗൈഡ്ഷിപ്പ് എത്രയും വേഗം അനുവദിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0105 ശ്രീ മുഹമ്മദ് അഷിഫാസ് പ്രമേയത്തെ പിന്താങ്ങി.

2.0106 25/02/2025 ന് ചേർന്ന CRLP സ്റ്റാൻഡിങ് കമ്മറ്റി മീറ്റിങ്ങ് ഈ വിഷയം ചർച്ച ചെയ്യുകയും വൈസ് ചാൻസിലറുടെ പരിഗണനക്കായി ഫയൽ സമർപ്പിച്ചിട്ടുണ്ടെന്ന് ശ്രീ അനീഷ് കുമാർ കെ. പി. അറിയിച്ചു.

2.0107 തീരുമാനം: വൈസ് ചാൻസിലറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയം പിൻവലിച്ചു.

## Resolution No.49

**Sri. T I MADHUSOODANAN MLA** moved the resolution

തെയ്യം, പൂരക്കളി,കോൽക്കളി തുടങ്ങിയ ഫോക്‌ലോർ വിഭാഗത്തിൽ പെട്ട കലാരൂപങ്ങളുടെ കേന്ദ്രമാണ് പയ്യന്നൂർ. യുവജനങ്ങളിലേക്ക് ഇതിന്റെ സത്ത കൈമാറുക എന്നത് ഈ

കലാരൂപങ്ങളുടെ സംരക്ഷണത്തിന് അനിവാര്യമാണ്. മാത്രമല്ല ഇത്തരം ഫോക് കലാരൂപങ്ങൾ സാംസ്കാരിക പ്രതിരോധത്തിനുള്ള നമ്മുടെ നാടിൻറെ ആയുധം കൂടിയാണ്. അത്തരം ഒരാവശ്യം മുൻനിർത്തി പയ്യന്നൂരിൽ സർവകലാശാലയുടെ ഒരു പ്രത്യേക ഫോക് ലോർ ക്യാമ്പസ് സ്ഥാപിക്കണം എന്നത് നാടിൻറെ ഏറെക്കാലത്തെ ആഗ്രഹമാണ്. ഫോക്ലോർ മേഖലയിൽ അതിപ്രശസ്തമായ കലാകാരന്മാരും കലാകാരികളും പയ്യന്നൂരിലും പരിസര പ്രദേശങ്ങളിലും ഉണ്ട്. ഇവരെയൊക്കെ ജനകീയമായി സഹകരിപ്പിച്ചു കൊണ്ട് യാഥാസ്ഥിക വിദ്യാഭ്യാസ രീതികളെ പരിഷ്കരിച്ചു കൊണ്ട് അതേ സമയം സമീപ കാലത്തു ഫോക് ലോർ മേഖലയിൽ നടന്ന ആഴത്തിലുള്ള അക്കാഡമിക് പഠനത്തിന്റെയും ഗവേഷണത്തിന്റെയും സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്തി ഒരു കലാകേന്ദ്രം എന്നതാണ് ലക്ഷ്യം വെക്കുന്നത് . അത്തരത്തിൽ ഒരു ഫോക് ലോർ ക്യാമ്പസ് പയ്യന്നൂരിൽ അനുവദിക്കണമെന്ന് പയ്യന്നൂർ നിയോജക മണ്ഡലത്തിന്റെ ജനപ്രതിനിധിയായത് വഴി കണ്ണൂർ സർവകലാശാല സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടയാൾ എന്ന നിലയിൽ ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0108 ശ്രീ. സാജു പി ജെ പ്രമേയത്തെ പിന്താങ്ങി.

2.0109 സർവ്വകലാശാലയുടെ മ്യൂസിക് പഠന വകുപ്പുമായി കൂട്ടിച്ചേർക്കാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

2.0110 തീരുമാനം : പ്രമേയം സഭ അംഗീകരിച്ചു.

Resolution No.50

**P. S. SANJEEV** moved the resolution

സർവകലാശാലയ്ക്ക് കീഴിലെ പല അഫിലിയേറ്റഡ് കോളേജുകളിലും ഇന്റേണൽ മാർക്കുകൾ പബ്ലിഷ് ചെയ്യാതെയും വിദ്യാർത്ഥികളുടെ അംഗീകാരം ഇല്ലാതെയും അയക്കുന്നത് പരിശോധിക്കപ്പെടണം .

2.0111 ശ്രീമതി.ആര്യ കെ പ്രമേയത്തെ പിന്താങ്ങി.

2.0112 തീരുമാനം : പ്രമേയം സഭ അംഗീകരിച്ചു.

Resolution No.51

**Dr. ASIF IQBAL KAKKASSERY** moved the resolution

കാസറഗോഡ് ജില്ലയിൽ കാസറഗോഡ് ഗവണ്മെന്റ് കോളേജ് കേന്ദ്രീകരിച്ച് മുൻ വർഷങ്ങളിൽ നടന്നു വന്നിരുന്ന PG മൂല്യ നിർണ്ണയ ക്യാമ്പുകൾ കഴിഞ്ഞ രണ്ട് തവണയായി

ഒഴിവാക്കിയതായി കാണുന്നു. അതെ സമയം UG മൂല്യ നിർണ്ണയ ക്യാമ്പുകൾ മാറ്റമില്ലാതെ തുടരുന്നുമുണ്ട്. FYUGP ആരംഭിച്ച സാഹചര്യത്തിൽ odd സെമസ്റ്ററുകളിൽ മൂല്യനിർണയം ക്യാമ്പസുകളിൽ തന്നെ നടത്താനുള്ള തയ്യാറെടുപ്പിലുമാണ്. പരമാവധി വികേന്ദ്രീകരണം നടത്തി അധ്യാപകരുടെ യാത്ര ക്ലേശങ്ങൾ ഉൾപ്പെടെ ഒഴിവാക്കുന്നതിന് മൂല്യ നിർണ്ണയ ക്യാമ്പുകളുടെ എണ്ണം വർധിപ്പിച്ച സർവ്വകലാശാല നടപടിയെ അഭിനന്ദിക്കുന്നതിനോടൊപ്പം, നേരത്തെ ഉണ്ടായിരുന്ന മൂല്യ നിർണ്ണയ ക്യാമ്പുകൾ തടസ്സം കൂടാതെ തുടരുന്നതിനും PG മൂല്യ നിർണ്ണയ ക്യാമ്പിൽ കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു .

2.0113 ഡോ.ബിന്ദു കെ പ്രമേയത്തെ പിന്താങ്ങി.

2.0114 തീരുമാനം : പ്രമേയം സഭ അംഗീകരിച്ചു.

Resolution No.52

**Smt.BUSHRA N** moved the resolution

ഭിന്നശേഷി സൗഹൃദമാക്കി യൂണിവേഴ്സിറ്റിയെ മാറ്റുക എന്നത് നമ്മുടെ പ്രഖ്യാപിത നയമാണ് . അതിനുവേണ്ടി നിരവധി പദ്ധതികൾ യൂണിവേഴ്സിറ്റി ആവിഷ്കരിച്ചു നടപ്പിലാക്കുന്നുമുണ്ട്. അതോടൊപ്പം സർവ്വകലാശാലതലത്തിൽ സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് തുടങ്ങുന്നതു ഈ പ്രവർത്തനങ്ങൾക്ക് വേഗത വർധിപ്പിക്കും . അത്തരം ഒരു തീരുമാനം യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0115 ശ്രീ. അഖിൽ പി ശ്രീധർ പ്രമേയത്തെ പിന്താങ്ങി.

2.0116 ഈ ഒരു ഏരിയ വളരെ പ്രധാനപ്പെട്ടതാണെന്നും സൈക്കോളജി ഡിപ്പാർട്ട്മെന്റുമായി അറ്റാച്ച് ചെയ്യാം. വൈസ് ചാൻസിലർ അറിയിച്ചു

2.0117 തീരുമാനം : പ്രമേയം സഭ അംഗീകരിച്ചു.

Resolution No.53

**DR.BINDU K** moved the resolution

കണ്ണൂർ സർവകലാശാല Ph D Admission നു മായി ബന്ധപ്പെട്ടു 01.10.2024 പുറത്തിറക്കിയ notification പ്രകാരം Ph D പ്രവേശനത്തിന് അർഹരായിട്ടുള്ളത്. NET qualify ചെയ്ത വിദ്യാർത്ഥികൾക്ക്, PhD പ്രവേശനത്തിന് മുൻഗണന നൽകുന്നതിൽ തെറ്റില്ല, എന്നാൽ അത് മാത്രം പ്രവേശന

മാനദണ്ഡമാക്കിയാൽ Ph D enrolment rate ൽ ഗണ്യമായ ഇടിവ് സംഭവിക്കും. ഒരുപാട് വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടും. ഈ വസ്തുതകൾ പരിഗണിച്ചുകൊണ്ട് NET qualify ചെയ്ത വിദ്യാർത്ഥികൾക്ക്, പ്രവേശന പരീക്ഷ ഒഴിവാക്കിക്കൊണ്ടും Ph D പ്രവേശനത്തിന് സർവകലാശാല നടത്തി വരുന്ന പ്രവേശന പരീക്ഷകൾ തുടരുവാൻ തീരുമാനിച്ചുകൊണ്ടും നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0118 തീരുമാനം : പ്രവേശന പരീക്ഷ ഇതിനകം നടന്നതിനാൽ പ്രമേയം പിൻവലിച്ചു.

Resolution No.54

**FARHANA T P** moved the resolution

സർവകലാശാല ഓരോ സെമെസ്റ്ററിലും ഗ്രേഡ് കാർഡ് അനുവദിക്കുന്നില്ല. പകരം കോഴ്സ് പൂർത്തിയായാൽ മുഴുവൻ സെമെസ്റ്ററുകളുടെയും മാർക്കുകൾ ഒറ്റ ഗ്രേഡ് കാർഡ് ആയാണ് നൽകുന്നത്. എന്നാൽ എല്ലാ സെമെസ്റ്ററിലും ഗ്രേഡ് കാർഡ് ഇനത്തിൽ സർവകലാശാല വിദ്യാർത്ഥികളോട് ഫീസ് ഈടാക്കുന്നുണ്ട്. ഒരു സെമെസ്റ്ററിൽ 85 രൂപയാണ് ഒരു വിദ്യാർത്ഥിയിൽ നിന്നും ഈടാക്കുന്നത് മൂന്ന് വർഷ കോഴ്സ് പഠിക്കുന്ന ഒരു വിദ്യാർത്ഥി ഗ്രേഡ് കാർഡിന് വേണ്ടി മാത്രം 500 രൂപക്ക് മുകളിലാണ് അടക്കുന്നത്. അനാവശ്യമായി ഈടാക്കുന്ന ഈ ഫീസ് നിർത്തലാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0119 ശ്രീ. മുഹമ്മദ് ഹസീബ് ടി കെ പ്രമേയത്തെ പിന്താങ്ങി.

2.0120 ഡോ.ചന്ദ്രമോഹനൻ കെ ടി, മുഹമ്മദ് ഹസീബ് ടി കെ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

2.0121 തീരുമാനം : ഗ്രേഡ് കാർഡ് ഫീ എന്നത് 'ഗ്രേഡ് കാർഡ് സർവീസ് ചാർജ്ജ് ഫീ' എന്ന ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

Resolution No.55

**Prof.REEJA V** moved the resolution

ഡോ പി കെ രാജൻ മെമ്മോറിയൽ ക്യാമ്പസ് നീലേശ്വരത്തിൽ നിലവിൽ രണ്ടു ഡിപ്പാർട്ട്മെന്റുകളും ഒരു സെന്ററും ഒരു ഇന്റഗ്രേറ്റഡ് പി ജി കോഴ്സുമാണുള്ളത് . യാഥാക്രമം മലയാളം, ഹിന്ദി, എം ബി എ , എം കോം എന്നിവയാണവ . ഇത്തരമൊരു വിന്യാസമാണുള്ളത് എന്നതിനാൽ തന്നെ അടുത്ത അക്കാഡമിക വര്ഷം ആരംഭിക്കേണ്ട FYIMP നടത്തിപ്പിൽ ഹിന്ദി , മലയാളം വിഭാഗങ്ങളിൽ സന്ദിഗ്ദ്ധത നിലനിൽക്കുന്നു. ഈ പ്രോഗ്രാമിന് ആവശ്യമായ നിലയിൽ മൈനർ, മേജർ കോഴ്സുകൾ നീലേശ്വരം ക്യാമ്പസ്സിൽ ഇല്ല . ആകെയുള്ള ഭാഷാ വിഷയങ്ങളായ മലയാളം,

ഹിന്ദി എന്നിവ വ്യത്യസ്ത ഭാഷാമാധ്യമങ്ങളാണ് . എന്നതിനാൽ വിദ്യാർത്ഥികൾ ഇവ സ്വീകരിക്കാനുള്ള സാധ്യതയും കുറവാണ്. ( നിലവിലെ പി.ജി കോഴ്സിൽ തന്നെ ഈ പ്രശ്നം നിലനിൽക്കുന്നു ആയതിനാൽ FYIMP യുടെ സുഗമമായ നടത്തിപ്പിനായി മലയാളം, ഹിന്ദി വിഭാഗങ്ങളെ ഇത്തരഭാഷാ / മാനവിക/സാമൂഹികശാസ്ത്ര, ഐ ടി വിഭാഗങ്ങൾ പ്രവർത്തിക്കുന്ന ഏതെങ്കിലും ക്യാമ്പസ്സിലേക്ക് മാറ്റി പുനഃസ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0122 കഴിഞ്ഞ സിണ്ടിക്കേറ്റിൽ ചർച്ച വന്നതുകൊണ്ടും, പഠിക്കാൻ കമ്മറ്റിയെ ചുമതലപ്പെടുത്തിയതു കൊണ്ടും പ്രമേയം അവതരിപ്പിക്കുന്നില്ല. പ്രൊഫ.റീജ .പി അറിയിച്ചു.

2.0123 തീരുമാനം:പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.56

**<u>Sri. MUHAMMED ASHEFAS C H</u>** moved the resolution

കണ്ണൂർ സർവകലാശാല കലോത്സവങ്ങൾ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള ഒരു പ്രധാന വേദിയാണ്. പക്ഷെ, കഴിഞ്ഞ വർഷങ്ങളിൽ സംഘാടകപരമായ കാര്യങ്ങളിൽ വലിയ പരാതികൾ വന്നിട്ടുണ്ട്. പല ഇനത്തിലും ഒരേ ജഡ്ജുകളെ നിയമിക്കുകയും, ചില ഇനങ്ങളിൽ വിദഗ്ദർ അല്ലാത്തവരെ ജഡ്ജുകളായി നിയമിക്കുകയും, കൂടാതെ അപ്പീൽ കമ്മിറ്റി പലപ്പോഴും ചില കോളേജുകളുടെ മാത്രം അപ്പീലുകൾ തള്ളിക്കളഞ്ഞതായും പരാതി വന്നിട്ടുണ്ട്. കൂടാതെ, ജഡ്ജുകളെ സ്വാധീനിക്കുന്നതിനു ചിലർ ഇടപെട്ടുവെന്നു ചില ജഡ്ജുകൾ തന്നെ വെളിപ്പെടുത്തിയിട്ടുമുണ്ട്. സംഘാടനത്തിൽ യൂണിവേഴ്സിറ്റി യൂണിയന് പകരം പലപ്പോഴും ചില വിദ്യാർത്ഥി സംഘടനകളുടെ നേതാക്കൾ അമിതമായ ഇടപെടൽ നടത്തുന്നുണ്ടെന്നും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ സംഘാടന മികവിന് കളങ്കം വരുത്തുന്ന ഇത്തരം കാര്യങ്ങൾ തടയിടുന്നതിന് നിലവിൽ കലോത്സവ ചുമതല വഹിക്കുന്ന ഡയറക്ടർ ഓഫ് സ്റ്റുഡൻറ് സർവീസ് (DSS) നു സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ, കലോത്സവ ചുമതല സർവകലാശാലയുടെ സ്റ്റാറ്റിയൂട്ടറി പദവി വഹിക്കുന്നവർക്ക് നൽകണമെന്നും, ഭാവിയിൽ മേൽ പറഞ്ഞ പരാതികൾ വരാത്ത വിധം കലോത്സവങ്ങൾ കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കണമെന്നും, സ്റ്റേജിനങ്ങൾ റെക്കോർഡ് ചെയ്യുകയും,അത്തരം വിഡിയോകൾ അടിസ്ഥാനമാക്കി അപ്പീൽ കമ്മിറ്റി പരാതിയിൽ തീരുമാനമെടുക്കുന്ന രീതിയിലേക്ക് മാറുകയും ചെയ്യണമെന്നും

,യൂണിവേഴ്സിറ്റി കലോത്സവത്തിന്റെ സൽപ്പേര് നിലനിർത്തണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0124 പ്രമേയത്തിൻ മേൽ ശ്രീ.സാജു പി ജെ, ശ്രീ. പി എസ് സഞ്ജീവ്, ശ്രീ വൈഷ്ണവ് മഹേന്ദ്രൻ, ശ്രീ. T.I മധുസൂദനൻ എം എൽ എ എന്നിവർ സംസാരിച്ചു.

2.0125 യൂണിവേഴ്സിറ്റിയുടെ കലോത്സവം യൂണിവേഴ്സിറ്റിയുടെ തിരഞ്ഞെടുക്കപ്പെട്ട യൂണിയനാണ് നടത്തിയത്. ഒരു ബോഡി നടത്തിക്കഴിഞ്ഞാൽ അത് നമ്മുടേതാണ്. അതിൽ അപാകത നടന്നെങ്കിൽ പരിഹരിക്കണം.. അപാകത ഇതുവരെ ശ്രദ്ധയിൽ വന്നിട്ടില്ല, മറ്റ് പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുക. വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

2.0126 പരാതിയായി നൽകാം.ശ്രീ. മുഹമ്മദ് അഷിഫാസ് C H അറിയിച്ചു.

2.0127 തീരുമാനം: പ്രമേയം പിൻവലിച്ചു.

Resolution No.57

**<u>Dr. SIBY PHILIP</u>** moved the resolution

അഫിലിയേറ്റഡ് കോളേജ് അധ്യാപകർക്ക് യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറി മെമ്പർഷിപ് എല്ലാ വർഷവും പുതുക്കേണ്ടതായുണ്ട്. ഓരോ പ്രാവശ്യം പുതുക്കുമ്പോഴും അപേക്ഷ ഫോറം നൽകേണ്ടതായി വരുന്നു. സർവ്വീസ് കാലയളവ് കണക്കാക്കി ഒന്നുകിൽ 10 വർഷം അല്ലെങ്കിൽ റിട്ടയർ ആകുന്നത് വരെ ഏതാണോ കുറവ് ഈ കാലയളവ് കണക്കാക്കി, ഒരു പ്രാവശ്യം മാത്രം ഫോറം നൽകുന്ന രീതിയും ഓൺലൈനായി വാർഷിക വരിസംഖ്യ ശേഖരിക്കുന്ന രീതിയും കൊണ്ടുവരുവാൻ ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

2.0128 ശ്രീ. ഡോ.ജിതേഷ് കെ പ്രമേയത്തെ പിന്താങ്ങി.

2.0129 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.58

<u>Smt. HARSHA P</u>

കണ്ണൂർ സർവകലാശാലയുടെ നിലവിലെ വെബ് സൈറ്റ് സംവിധാനം കാര്യക്ഷമമല്ല . വിവിധ ആവശ്യങ്ങൾക്ക് വേണ്ടി സൈറ്റിൽ ലോഗിൻ ചെയ്യുമ്പോളും ഓൺലൈൻ വഴി പണം അടയ്ക്കുമ്പോളും പലപ്പോഴും സൈറ്റ് എറർ കാണിക്കുന്ന സാഹചര്യമുണ്ട്. പതിനായിര കണക്കിന് വിദ്യാർത്ഥികൾ വിവിധ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർവകലാശാല വെബ്സൈറ്റ് കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0130 പ്രമേയ അവതരണത്തിന് വിളിച്ചപ്പോൾ അവതാരക ഹാജർ ഉണ്ടായില്ല.

Resolution No.59

Sri. ASHITH ASHOKAN T moved the resolution

വിദൂര സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തു കോളേജുകളിൽ പഠിക്കുവാൻ എത്തുന്ന വിദ്യാർത്ഥികൾക്ക് ഉച്ചക്ക് 2 മണി മുതൽ നടത്തുന്ന പരീക്ഷകൾ ക്ലേശകരമായ അവസ്ഥയിലേക്ക് കൊണ്ടെത്തിക്കും എന്നതിനാൽ നാല് വർഷ ബിരുദ കോഴ്സുകൾ ആരംഭിച്ച സാഹചര്യത്തിൽ പരീക്ഷകൾ പരമാവധി 2 മണിക്കൂർ മാത്രം നടക്കുന്നതിനാൽ രാവിലെ 10.30 മുതൽ 12.30 വരെയായി പരീക്ഷകളുടെ സമയക്രമം നിശ്ചയിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0131 ഇതിനോടകം പരീക്ഷകളുടെ സമയക്രമം ആവശ്യാനുസരണം ക്രമീകരിച്ചതിനാൽ പ്രമേയം പിൻവലിക്കുന്നു.

2.0132 തീരുമാനം: പ്രമേയം പിൻവലിച്ചു.

Resolution No.60

**Dr.Prajitha P** moved the resolution

മൂല്യനിർണയ വേതനം അധ്യാപകരുടെ അക്കൗണ്ടിലേക്ക് നൽകുമ്പോൾ നിലവിൽ കാലതാമസം ഉണ്ടാകുന്നു എന്ന മാത്രമല്ല, വേതനം നൽകിയ മൂല്യനിർണയ ക്യാമ്പിന്റെ വിശദാംശംങ്ങൾ അറിയിക്കുന്ന സംവിധാനം ഇല്ലാത്തതുകൊണ്ട് വിശദാംശംങ്ങൾ പരിശോധിക്കുവാൻ അധ്യാപകർക്ക് സാധിക്കുന്നില്ല എന്നതിനാൽ തുക അക്കൗണ്ടിലേക്ക് അയക്കുന്ന മുറയ്ക്ക് ഇ മെയിൽ ആയി വിശദശാംശങ്ങളും കൂടി അറിയിക്കുവാൻ തയ്യാറാകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0133 വേതനം അക്കൗണ്ടിലേക്ക് നൽകുന്നത് ബാങ്കിന്റെ വ്യവസ്ഥയാണെന്നും ഈ വിഷയത്തിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ശ്രമിക്കാം എന്നും വൈസ് ചാൻസലർ അറിയിച്ചു.

Resolution No.61

**Dr. JITHESH K** moved the resolution

ശാസ്ത്ര വിഷയങ്ങളിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾ പഠന പ്രവർത്തനങ്ങൾ നടത്താൻ കേരളത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകളിലെ അക്കാദമിക് സൗകര്യങ്ങളെയാണ് ആശ്രയിക്കുന്നത്. ശാസ്ത്ര ഗവേഷണ പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഒരു ഇൻസ്ട്രുമെന്റേഷൻ സെൻറർ കണ്ണൂർ സർവ്വകലാശാല തലത്തിൽ

തുടങ്ങാൻ നേരത്തെ ആവശ്യമുയർന്നതാണ്. ശാസ്ത്ര ഗവേഷണ വിദ്യാർത്ഥികൾക്ക് വലിയ ആശ്വാസമാകുന്ന രീതിയിൽ ഉചിതമായ തീരുമാനം ഈ വിഷയത്തിൽ ഉണ്ടാകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0134 ശ്രീ അഖിൽ കെ ശ്രീധർ പ്രമേയത്തെ പിന്താങ്ങി.

2.0135 ഇൻസ്ട്രുമെന്റേഷൻ സെൻറർ തുടങ്ങാൻ എല്ലാ കോളേജുകളും ഫീസ് അടക്കണമെന്നു വൈസ് ചാൻസിലർ അറിയിച്ചു.

2.0136 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.62

**Sri .SAJU. P J** moved the resolution

കണ്ണൂർ സർവകലാശാല താവക്കര ക്യാമ്പസ്സിലേക്ക് താവക്കര ബസ് സ്റ്റാൻഡ് കവാടത്തിൽ നിന്നും അണ്ടർ പാസ് വഴി കടന്നു പോകുന്ന സർവീസ് റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കോർപറേഷൻ അധികാരികൾക്ക് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. കോർപറേഷന്റെ ഭാഗത്ത് നിന്ന് താത്കാലിക പരിഹാരങ്ങൾ ഒഴിച്ചാൽ ശാശ്വതമായ ഒരു പരിഹാരം ഇതുവരെ കാണാൻ സാധിച്ചിട്ടില്ല.

നഗര ഹൃദയത്തിലുള്ള ഈ സർവീസ് റോഡിന്റെ വശങ്ങളിലും സമീപത്തുള്ള റെയിൽവേ ഭൂമിയിലും മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള ഇടത്താവളമായി മാറ്റുന്നു. മഴക്കാലത്തു ഈ റോഡിൽ വെള്ളക്കെട്ടും മാലിന്യവും കാരണം കാൽനട യാത്ര അതീവ ദുഷ്ക്കരമാണ്. റെയിൽവേ ഭൂമിയിലെ മരങ്ങളുടെ ചില്ലകൾ മുറിച്ച് മാറ്റാത്തതിനാൽ വലിയ ഭീഷണിയായി നില കൊള്ളുന്നു. കേബിൾ വർക്കിന്റെ ഭാഗമായി റോഡിൽ കുഴിയെടുത്ത ഭാഗങ്ങൾ ഇതുവരെയായി പൂർവ സ്ഥിതിയിലാക്കിയിട്ടില്ല. തൊഴിൽ നികുതിയായി ലക്ഷങ്ങളാണ് ഓരോ വർഷവും സർവകലാശാല ഫണ്ടിൽ നിന്നും നൽകി വരുന്നത്.

ജീവനക്കാരായും,വിദ്യാർത്ഥികളായും ദിവസേന നൂറ് കണക്കിന് പേരാണ് ഈ റോഡ് ഉപയോഗപ്പെടുത്തുന്നത് ആയതിനാൽ താവക്കര ബസ് സ്റ്റാൻഡ് കവാടം മുതൽ ബിവറേജസ് ഗോഡൗൺ വരെ നീണ്ടുകിടക്കുന്ന ഈ സർവീസ് റോഡ് സഞ്ചാര സൗഹൃദമാക്കാൻ ആവശ്യമായ നടപടികൾ അടുത്ത കാലവർഷത്തിന്റെ മുൻപേ സ്വീകരിക്കണമെന്ന വിഷയം കോർപറേഷൻ അധികാരികളുടെ ശ്രദ്ധയിൽ പ്പെടുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0137 തീരുമാനം: പ്രമേയം പിൻവലിച്ചു.

Resolution No.63

**Sri.MUHAMMED HASEEB T K** moved the resolution

കണ്ണൂർ സർവകലാശാല ആദ്യമായി ഗ്രേഡിംഗ് നടപ്പിലാക്കിയ 2008-11 ബാച്ചിന്റെ ഗ്രേഡിംഗ് സംവിധാനം അശാസ്ത്രീയവും അപാകതകൾ നിറഞ്ഞതുമായിരുന്നു. 2008-11 ബാച്ചിന് ഡിഗ്രി ജയിക്കാൻ മിനിമം CGPA 2 ഉം മാറ്റ് ബാച്ചുകൾക്ക് 1.5 ഉം ആണ് നിലവിൽ വേണ്ടത് . ഒരു ബാച്ചിലെ വിദ്യാർത്ഥികൾക്ക് മാത്രം ഉയർന്ന പാസ് മാനദണ്ഡം നിശ്ചയിച്ചത് വിവേചനപരമായ സമീപനമാണ്. 2008-11 ബാച്ചിന് മാത്രമായി CGPA ശതമാനത്തിലേക്ക് മാറ്റാനായി കൊണ്ട് വന്ന എംപിരിക്കൽ ഫോർമുല നടപ്പിലാക്കിയതിലൂടെ വിദ്യാർത്ഥികൾക്ക് 10% വരെ മാർക്ക് കുറവ് വന്നിരുന്നു. പ്രസ്തുത എംപിരിക്കൽ ഫോർമുല റദ്ദ് ചെയ്യും മറ്റ് ബാച്ചുകൾക്ക് ബാധകമായ രീതിയിൽ ഗ്രേഡിംഗ് നടപ്പിലാക്കണമെന്നുമുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 08/08/2024 ലെ ഉത്തരവ് നടപ്പിലാക്കണമെന്നും ഹൈക്കോടതി ഉത്തരവ് പ്രകാരം മറ്റ് ബാച്ചുകൾക്ക് കൂടി ബാധകമായ രീതിയിൽ 2008-11 ബിരുദ ബാച്ചിന്റെ പാസ് മാർക്ക് CGPA 1.5 ആയി പുനഃക്രമീകരിക്കണമെന്നും അശാസ്ത്രീയമായ ഗ്രേഡിംഗ് സംവിധാനം മൂലം ഇപ്പോളും ഡിഗ്രി ജയിക്കാൻ കഴിയാത്ത പ്രസ്തുത ബാച്ചിലെ വിദ്യാർത്ഥികൾക്ക് ഒരു മേഴ്‌സി ചാൻസ് കൂടി അനുവദിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു .

2.0138 ശ്രീ.അഷിത്ത് അശോകൻ ടി പ്രമേയത്തെ പിന്താങ്ങി.

2.0139 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.64

**Smt. SOORYA ALEX** moved the resolution

കണ്ണൂർ സർവകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികളുടെ തീസിസിന്റെ ഫൈനൽ സമർപ്പണത്തിന് ശേഷം റിപ്പോർട്ട് വരാനുള്ള കാലതാമസം നീക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0140 ശ്രീ. ഫർഹാന ടി പി പ്രമേയത്തെ പിന്താങ്ങി.

2.0141 ഈ വിഷയം യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലല്ല റിവ്യൂവറുടെ കൈയിൽ ഇരിക്കുന്ന കാര്യമാണിതെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

2.0142 ഈ വിഷയത്തിൽ സെക്ഷനിൽ നിന്നും കൃത്യമായി ഫോളോ അപ്പ് ചെയ്യുന്നുണ്ടെന്നും ഇവാലുയേറ്ററുടെ പെർമ്മിഷൻ വാങ്ങിട്ടാണ് ഗൈഡ് ഇത് സബ്മിറ്റ് ചെയ്യുന്നത്. അതുകൊണ്ട് കാലതാമസം വരാനുള്ള സാധ്യത വളരെ കുറവാണ് എന്ന് ശ്രീ അനീഷ് കുമാർ കെ പി അറിയിച്ചു.

2.0143 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.65

**Dr. M J MATHEW** moved the resolution

AICTE recognition been made mandatory for the conduct of BBA & BCA programmes from the current academic year onwards. However, the syllabus to be followed for the above programs remains an unresolved issue. In view of the above, I hereby present this resolution, calling for a swift action from the part of the university to provide clarity with regard to the matter.

2.0144 AICTE recognition നിർബന്ധമായ പ്രോഗ്രാമിനെ സംബന്ധിച്ച പ്രമേയമാണ്. കഴിഞ്ഞ സെനറ്റിൽ ഇതിന് മറുപടി വന്നിട്ടുള്ളത് കൊണ്ട് ഈ പ്രമേയം പിൻവലിക്കുകയാണ്. ഡോ.എം ജെ മാത്യു അറിയിച്ചു.

2.0145 ഈ വിഷയം പിന്നെയും ഉന്നയിച്ചപ്പോൾ ഗവണ്മെൻറ് തന്നെ ഈ പ്രതിനിധീകരിച്ചു കൊണ്ട് പ്രതിവിധി അറിയിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വൈസ് ചാൻസലർ അറിയിച്ചു.

2.0146 കണ്ണൂർ സർവ്വകലാശാലയിലെ പലകോളേജുകളും ഇപ്പോൾ AICTE യിൽ രജിസ്റ്റർ ചെയ്യാൻ കഴിയുന്നില്ല. AICTEഅംഗീകാരം ഇല്ലെങ്കിൽ വേറെ വല്ല പ്രശ്നം വരുമോ എന്ന ആശങ്ക ഡോ.ഷിനോ പി ജോസ് അറിയിച്ചു. കൂടാതെ AICTE സൈറ്റ് ഇപ്പോൾ പ്രതികരിക്കുന്നില്ല അഡ്രസ്സ് ചെയ്യുകയാണെങ്കിൽ,വളരെ കൃത്യമായി എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനെയും ആ രീതിയിൽ അറിയിക്കണമെന്നും പരിഗണിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

2.0147 മേൽ വിഷയം പരിഗണിച്ച് വേണ്ടത് ചെയ്യാം എന്ന് വൈസ് ചാൻസലർ അറിയിച്ചു.

Resolution No.66

**Dr.DINESH T** moved the resolution

കലാകായിക രംഗത്ത് കഴിവുള്ളവരെ പ്രോത്സാഹിപ്പിക്കാൻ വിവിധങ്ങളായ പരിപാടികൾ നമ്മുടെ സർവകലാശാല നടത്തുന്നുണ്ട്. എന്നാൽ സ്കൂൾ തലത്തിൽ ശാസ്ത്ര മേളകളിൽ കഴിവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് കോളേജ് തലത്തിൽ തുടർന്ന് അവസരങ്ങൾ ഇല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്. കേരള സർക്കാർ അടക്കം വിജ്ഞാന സമ്പദ് വ്യവസ്ഥ മുൻനിർത്തി വിവിധങ്ങളായ പരിപാടികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുമ്പോൾ സർവകലാശാല തലത്തിൽ ഇത്തരം

മേളയ്ക്ക് വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ടു തന്നെ എത്രയും പെട്ടെന്ന് കണ്ണൂർ സർവകലാശാല തലത്തിൽ ശാസ്ത്രമേള സംഘടിപ്പിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0148 ഡോ. നിഷ വി കെ പ്രമേയത്തെ പിന്താങ്ങി.

2.0149 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.67

**Sri. AKHIL K SREEDHAR** moved the resolution

കണ്ണൂർ സർവകലാശാലയിൽ പാർലമെന്ററി രീതിയിൽ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് നടക്കുന്ന കോളേജുകൾക്ക് സർവകലാശാല ഷെഡ്യൂൾ പ്രകാരം തെരഞ്ഞെടുപ്പ് പ്രക്രിയ പൂർണമാക്കാൻ മതിയായ സമയം ലഭിക്കുന്നില്ല. ഇത്തരം കോളേജുകൾക്ക് രണ്ടാംഘട്ട തെരഞ്ഞെടുപ്പിന് കൂടുതൽ സമയം ലഭിക്കുന്ന രീതിയിൽ ഷെഡ്യൂൾ പുനഃക്രമീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0150 ഡോ.സിബി ഫിലിപ്പ് പ്രമേയത്തെ പിന്താങ്ങി.

2.0151 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.68

**Sri. SRI RAGASH C** moved the resolution

ഗവണ്മെന്റ് കോളേജുകളുടെ ഫയൽ പ്രവർത്തനങ്ങൾ മുഴുവനും ഇ ഓഫീസ് മുഖേനയുള്ള ഓൺലൈൻ ഫയലിംഗ് സിസ്റ്റത്തിലേക്കും, സാമ്പത്തിക ഇടപാടുകൾ digipay എന്ന ഓൺലൈൻ ട്രാൻസാക്ഷൻ രീതിയിലേക്കും മാറിയിരിക്കുകയാണ്. എന്നാൽ കോളേജുകൾക്ക് കണ്ണൂർ യൂണിവേഴ്സിറ്റിയുമായി eoffice, digipay എന്നിവയുമായി ബന്ധം സ്ഥാപിച്ച് കിട്ടാത്തതിനാൽ ഇപ്പോഴും ഓൺലൈനായി ഫയൽ സമർപ്പിക്കുന്നതിന് പകരം പഴയ രീതി തന്നെ തുടർന്ന് വരികയാണ് . ആയത് കൊണ്ട് തന്നെ സർക്കാർ നടപ്പിലാക്കുന്ന ഇത്തരം ഓൺലൈൻ പ്രവർത്തനങ്ങൾക്ക് അതിന്റെ പൂർണ ഫലപ്രാപ്തി ലഭിക്കുന്നുമില്ല കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത മുഴുവൻ കോളേജുകളുടെയും ഫയൽ പ്രവർത്തനങ്ങൾ ഓൺലൈൻ ഫയലിംഗിലേക്ക് / ഓൺലൈൻ ട്രാൻസാക്ഷൻ രീതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്നും നടപ്പിലാക്കാവുന്നതാണ്

2.0152 ഡോ.ബിന്ദു കെ പ്രമേയത്തെ പിന്താങ്ങി.

2.0153 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.69

Dr. NISHA V K moved the resolution

2009-13 കാലയളവിൽ അഡ്മിഷൻ നേടിയ യു ജി വിദ്യാർഥികൾക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും പൊസിഷൻ സർട്ടിഫിക്കറ്റ് ഇതുവരെ നൽകിയിട്ടില്ല. ഇതിന് കാരണമായി No.Acad/C2/15367/ 2019 dated 27/7/2019 എന്ന ഓർഡറിൽ പറയുന്നത് ഗ്രേസ് മാർക്കും മോഡറേഷനും തിരിച്ചറിയാൻ പറ്റാത്തതിനാൽ പൊസിഷൻ സർട്ടിഫിക്കറ്റ് നൽകാനാകില്ല എന്നാണ്. അതുകൊണ്ടുതന്നെ അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ഒന്നും തന്നെ ഇതുവരെ യൂണിവേഴ്സിറ്റിയിൽ നിന്ന് പൊസിഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. പൊസിഷൻ സർട്ടിഫിക്കറ്റ് ലഭിക്കുക എന്നത് മികച്ച വിജയം നേടിയ വിദ്യാർത്ഥികളുടെ അക്കാദമിക് അവകാശമാണ്. യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുള്ള ശ്രദ്ധക്കുറവിന്റെ പേരിൽ വിദ്യാർത്ഥികളുടെ അവകാശം ഹനിക്കരുത്. ഗ്രേസ് മാർക്കും മോഡറേഷനും നോക്കാതെ തന്നെ ആ കാലയളവിൽ പഠിച്ച വിദ്യാർഥികൾക്ക് പൊസിഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0154 ശ്രീമതി.ബുഷറ എൻ പ്രമേയത്തെ പിന്താങ്ങി.

2.0155 റെഗുലേഷനിൽ പൊസിഷൻ സർട്ടിഫിക്കറ്റ് നല്കാൻ പ്രൊവിഷൻ ഇല്ല. റെഗുലേഷൻ മോഡിഫൈ ചെയ്ത് കൊടുക്കാനുള്ള നടപടി സ്വീകരിക്കാം. വൈസ് ചാൻസിലർ അറിയിച്ചു.

2.0156 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.01

**Dr. Nisha V K** moved the resolution

കണ്ണൂർ സർവകലാശാലയുടെ എം.എസ്.സി ഇന്റഗ്രേറ്റഡ് കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് പ്രോഗ്രാമിൽ ആറു സെമസ്റ്റർ തീരുമ്പോൾ എക്സിറ്റ് ഓപ്ഷൻ ഉണ്ട് കൂടാതെ റെഗുലേഷനിൽ ആറു സെമസ്റ്റർ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അത് വരെ പൂർത്തിയാക്കിയ കോഴ്സുകളുടെ വിവരങ്ങൾ, ഒ.ജി.പി.എ., മാർക്ക് ശതമാനം, ആകെ ഗ്രേഡ് എന്നിവ വ്യക്തമാക്കുന്ന മാർക്ക് ലിസ്റ്റ് നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ അവസാനവർഷത്തിലെത്തിയ ഈ പ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് ഇതുവരെയായി ഈ മാർക്ക് ലിസ്റ്റ് നൽകിയിട്ടില്ല. അതു കൊണ്ട് തന്നെ അവർക്ക് നിരവധി അവസരങ്ങൾ നഷ്ടപ്പെടുന്നുണ്ട്. അഞ്ചു വർഷ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് വിത്ത് എ.ഐ ആൻഡ് എം.എൽ.

വിദ്യാർത്ഥികൾക്ക് മൂന്ന് വർഷം കഴിയുമ്പോൾ അത് വരെ പൂർത്തിയാക്കിയ കോഴ്സുകളുടെ മാർക്കും ആകെ ഗ്രേഡും കാണിക്കുന്ന മാർക്ക് ലിസ്റ്റ് നൽകാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0157 എക്സിറ്റ് ഓപ്ഷൻ ഉള്ളവർക്ക് മാത്രമല്ല സാധാരണ ഡിഗ്രി കോഴ്സ് കഴിയുന്ന കുട്ടികൾക്ക് അപേക്ഷിക്കാൻ കഴിയുന്ന ഏതൊരുകാര്യത്തിനും അഞ്ചു വർഷ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് വിത്ത് എ.ഐ ആൻഡ് എം.എൽ. വിദ്യാർത്ഥികൾക്ക് അഞ്ചു വർഷം കഴിയുന്നതുവരെ കാത്തു നിൽക്കേണ്ട അവസ്ഥ ആണ്.മൂന്ന് സെമസ്റ്ററിന്റെ കംപൈൻറ് മാർക്ക് ലിസ്റ്റ് എങ്കിലും കിട്ടിയാലേ അവർക്ക് അത് ഉപയോഗിക്കാൻ കഴിയുള്ളു.ഇല്ലെങ്കിൽ അഞ്ചു വർഷം കഴിയേണ്ട അവസ്ഥ ആണ്.എക്സിറ്റ് ചെയ്യുന്നവർക്ക് കൊടുക്കാമെങ്കിൽ ചെയ്യാത്തവർക്കും കൊടുക്കേണ്ടതല്ലേ. ഡോ. ദിനേശ് ടി ഉപചോദ്യം ചോദിച്ചു.

2.0158 മൂന്ന് വർഷം കഴിഞ്ഞിട്ട് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടാൽ മാർക്ക് ലിസ്റ്റ് കൊടുക്കുന്നതാണെന്ന്: വൈസ് ചാൻസിലർ അറിയിച്ചു.

2.0159 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.02

**Dr.Dinesh T** moved the resolution

ഭിന്നശേഷി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സർവകലാശാല അനുവദിച്ചിട്ടുള്ള സ്ക്രൈബ് സംവിധാനത്തിൽ സ്ക്രൈബ് ആയി എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള റെമ്യൂണറേഷൻ സമയബന്ധിതമായി ലഭിക്കാത്തതു കൊണ്ട് സ്ക്രൈബിനെ ലഭിക്കാൻ വലിയ ബുദ്ധിമുട്ടുണ്ട്. സ്ക്രൈബിനെ അനുവദിച്ചുകൊണ്ട് ഉത്തരവാകുമ്പോൾ തന്നെഅവർക്കുള്ള റെമ്യൂണറേഷൻ കുടി അഡ്വാൻസ് ആയി അനുവദിച്ചുകൊണ്ട് ഉത്തരവാകാൻ നടപടി ഉണ്ടാവണമെന്നും പരീക്ഷകൾക്ക് സ്ക്രൈബിനെ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി FYUGPറെഗുലേഷൻ ഭേദഗതി ചെയ്യണമെന്നും ഈ പ്രമേയത്തിലൂടെആവശ്യപ്പെടുന്നു.

2.0160 ഡോ.സിബി ഫിലിപ്പ് പ്രമേയത്തെ പിന്താങ്ങി.

2.0161 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.03

**Dr.Prajitha P** moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ Research Advisory Committee Expert പാനലിൽ ഉൾപ്പെടുത്തുന്നത് പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ ഗ്രേഡിൽ ഉള്ളവരെയാണ്. ഒരു മീറ്റിംഗിൽ പങ്കെടുത്ത് ഗവേഷണ പുരോഗതി വിലയിരുത്തുന്നതിന് യൂണിവേഴ്സിറ്റി നൽകുന്ന പ്രതിഫലം 500/ രൂപയാണ് .ഈ തുക വർദ്ധിപ്പിച്ച് വിഷയവിദഗ്ധർക്ക് സമയബന്ധിതമായി ലഭ്യമാക്കാൻ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0162 സി.ആർ.എൽ.പി.യുടെ കഴിഞ്ഞ സ്റ്റാൻഡിങ് മീറ്റിംഗിൽ കമ്മറ്റി പ്രതിഫലം വർധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഫയൽ വൈസ് ചാൻസിലർക്ക് വച്ചിട്ടുണ്ട്. അംഗീകരിക്കുന്നതോടു കൂടി ലഭ്യമാകും . ശ്രീ അനീഷ് കുമാർ കെ.പി. അറിയിച്ചു.

2.0163 തീരുമാനം: പ്രമേയം പിൻവലിച്ചു.

Resolution No.04

**Dr.Jithesh K** moved the resolution

പുത്തൻ സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തുന്നതിനും അതിലെ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി കണ്ണൂർ യൂണിവേഴ്സിറ്റി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡാറ്റാ സയൻസ് മുതലായ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു

2.0164 ഈ വിഷയം മുൻപേ ചർച്ചയിൽ ഉള്ള കാര്യമാണ്. സൈബർ സെക്യൂരിറ്റിയുടെ കോഴ്സ് സ്റ്റാർട്ട് ചെയ്തു. ഡാറ്റ സയൻസും AI യുടെ കോഴ്സും സ്റ്റാർട്ട് ചെയ്യാൻ പോകുന്നുണ്ട്. പ്രമേയത്തിന്റെ ആവശ്യമില്ല. അല്ലാതെ തന്നെ മുന്നോട്ട് പോകേണ്ട കാര്യമാണ്. വൈസ് ചാൻസിലർ അറിയിച്ചു.

2.0165 തീരുമാനം: പ്രമേയം പിൻവലിച്ചു.

Resolution No.05

**Sri. Muhammed Salih C** moved the resolution

കണ്ണൂർ സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന കാസർഗോഡ് കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്താനും നിലവിലെ വർദ്ധിച്ചു വരുന്ന ഗ്രാഫിക് സ്പ്രിൻറിംഗ് ആൻഡ് ഡിസൈനിംഗ് പോലെയുള്ള മേഖലകളിൽ പ്രാവീണ്യം നേടാനും പറ്റുന്ന രീതിയിൽ ഉള്ള നൂതന പ്രോഗ്രാമുകൾ വരുന്ന അധ്യയന വർഷം മുതൽ സർവ്വകലാശാല ആരംഭിക്കാൻ ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0166 ശ്രീ. മുഹമ്മദ് അഷിഫാസ് C H പ്രമേയത്തെ പിന്താങ്ങി.

2.0167 നിലവിൽ യൂണിവേഴ്സിറ്റി ASAP പ്രവത്തനങ്ങൾക്ക് എന്തെങ്കിലും സർട്ടിഫിക്കേഷൻ നൽകുന്നുണ്ടോ - ശ്രീ മുഹമ്മദ് സാലിഹ് സി ഉപചോദ്യം ചോദിച്ചു.

2.0168 സ്കിൽ ഡെവലപ്പ്മെന്റിന്റെ ഭാഗമായി കണ്ണൂർ യൂണിവേഴ്സിറ്റിയും അസാപ്പും തമ്മിൽ ഒരു എം.ഒ.യു ഒപ്പുവെച്ചിട്ടുണ്ട്.അതിന്റെ ഭാഗമായിട്ട് ASAP കോഴ്സുകൾ കണ്ണൂർ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് നടത്താനുള്ള ഒരു സാധ്യത തുറന്നു കൊടുക്കുകയാണ് കണ്ണൂർ യൂണിവേഴ്സിറ്റി ചെയ്തിട്ടുള്ളത് ഒരു സ്കിൽ ഡെവലപ്മെന്റ് സെന്റർ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ സ്ഥാപിക്കാനുള്ള തീരുമാനം ഉണ്ടായിട്ടുണ്ട്. അതിൻ്റെ ഭാഗമായി നടത്തുന്ന കോഴ്സുകളാണ് ASAP പ്രൊപ്പോസ് ചെയ്യുന്നത്. യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് മൂന്ന് രീതിയിലുള്ള കോഴ്സുകളാണ് ചെയ്യുന്നത് . അതിൽ ഒന്ന് ASAP തന്നെ നടത്തുന്ന കോഴ്സുകൾ യൂണിവേഴ്സിറ്റിയിലെയും അഫിലിയേറ്റഡ് കോളേജിലെയും വിദ്യാർത്ഥികൾക്ക് ഓഫർ ചെയ്യുക, രണ്ടാമത് യൂണിവേഴ്സിറ്റി തന്നെ ഡിസൈൻ ചെയ്യുന്ന കോഴ്സുകൾ ASAP conduct ചെയ്യുക, മൂന്നാമത് യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും ടീച്ചർമാർക്ക് ഏതെങ്കിലും വിഷയത്തിലുള്ള പ്രാവീണ്യം ഉണ്ടെങ്കിൽ അത് ASAP പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്ന രീതിയിലാണ് ഈ പരിപാടി ഉദ്ദേശിക്കുന്നത്. ഈ കോഴ്സുകളുടെ ഫീസ് structure ASAP ഉം യൂണിവേഴ്സിറ്റിയും ചേർന്നുള്ള ചർച്ചയിലൂടെയാണ് തീരുമാനിക്കുന്നത്. അതിനുള്ള സൗകര്യം ഒരുക്കുകയാണ് യൂണിവേഴ്സിറ്റി ചെയ്യുന്നത് ഇതൊരു മാർക്കറ്റ് ലിങ്ക്ഡ് പ്രോഗ്രാം ആയതുകൊണ്ട് വിദ്യാർത്ഥികളെ നിർബന്ധിക്കുന്നില്ല .വിദ്യാർത്ഥികൾക്ക് അതിന്റെ മാർക്കറ്റ് റേറ്റും തൊഴിലവസരങ്ങളു കണ്ടുകൊണ്ട് തീരുമാനിക്കാവുന്ന തേയുള്ളു. ഈ കോഴ്സുകൾ നിർബന്ധിതമല്ല ഇഷ്ടാനുസൃതമാണ് ശ്രീ .അനീഷ് കുമാർ കെ.പി. വിശദീകരിച്ചു.

2.0169 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.06

**Dr.Siby Philip** moved the resolution

യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ V. 20 അനുസരിച്ച് അഫിലിയേറ്റഡ് കോളേജുകളിൽ കൗൺസിലുകൾ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. പല കോളേജുകളിലും പലവിധത്തിലാണ് കോളേജ് കൗൺസിലുകൾ പ്രവർത്തിക്കുന്നത്. അത് കൊണ്ട് കോളേജ് കൗൺസിലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ഒരു മാർഗരേഖ, പുതിയ മാറ്റങ്ങൾ

ഉൾക്കൊള്ളിച്ചുകൊണ്ട് പുറപ്പെടുവിക്കണം എന്ന് ഈ പ്രമേയത്തിലൂടെ സർവകലാശാല യോട് ആവശ്യപ്പെടുന്നു.

2.0170 ശ്രീ അഖിൽ കെ. ശ്രീധർ പ്രമേയത്തെ പിന്താങ്ങി.

2.0171 ഡോ . പ്രേമചന്ദ്രൻ കീഴോത്ത് ചർച്ചയിൽ പങ്കെടുത്തു.

2.0172 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.07

**Sri.Muhammed Haseeb T K** moved the resolution

പുനർ മൂല്യ നിർണ്ണയം 45 ദിവസത്തിനകം പൂർത്തിയാക്കണമെന്ന കോടതി ഉത്തരവ് നിലനിൽക്കെ സ്റ്റോറുകളിൽ നിന്നും പുനർ മൂല്യ നിർണ്ണയം നടത്തേണ്ട പേപ്പറുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല എന്ന കാരണത്താൽ പുനർ മൂല്യ നിർണ്ണയം വൈകുന്ന സാഹചര്യം നിലവിലുണ്ട്. ഇത്തര പ്രശ്നങ്ങൾ പരിഹരിച്ച് പുനർ മൂല്യ നിർണ്ണയം കോടതി ഉത്തരവ് പ്രകാരം സമയബന്ധിതമായി നടപ്പിലാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0173 ശ്രീ ആഷിത് അശോകൻ പ്രമേയത്തെ പിന്താങ്ങി.

2.0174 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.08

**Sri Akihil K Sreedhar** moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റി HRDC നടപ്പിലാക്കുന്ന orientation refresher courses-ൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അധ്യാപകർക്ക് നൂതനമായ AI in teaching and learning ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിക്കൊണ്ട് കോഴ്സുകൾ നവീകരിക്കാൻ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0175 വിഷയം മുമ്പേ നടപ്പിലാക്കിയതാണ്- വൈസ് ചാൻസിലർ അറിയിച്ചു.

2.0176 തീരുമാനം: പ്രമേയം പിൻവലിച്ചു.

Resolution No.09

**Dr.Rathnakara M** moved the resolution

The School of Indian Languages Centre (Department of Kannada) Chala at Kasaragod campus, established in **1997** as research Centre only for Kannada linguistic minorities under Kannur University. This Centre significantly contributed to academic research by awarding nearly Eight Ph.D. and Fifteen. M.Phil. Degrees. The Department has also hosted several national seminars and other academic activities. However, its current state is concerning due to the lack of a regular Course Director in last Four years. Currently few Ph.D.

JRF Research Scholars doing research in this Centre. But there is no concerned authority to manage the day today activities of the Centre, including access to library and record the activities of the research scholars.

This resolution demands a regular Course Director for the Kannada Department must be appointed at the earliest to ensure proper administration and academic development of the department. The University must take immediate steps to improve the Centre and to enhance research opportunities for the Kannada Linguistic Minorities.

2.0177 തീരുമാനം: നിലവിലുള്ള കോഴ്സ് ഡയറക്ടറുടെ റിപ്പോർട്ട് വന്നതിനുശേഷം ഈ വിഷയത്തിൽ തീരുമാനമെടുക്കാം എന്ന് വൈസ് ചാൻസിലർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രമേയം പിൻവലിച്ചു.

Resolution No.10

**Sri.Muhammed Haseeb T K** moved the resolution

കണ്ണൂർ സർവകലാശാല കാസറഗോഡ് ക്യാമ്പസിലെ ടീച്ചർ എജ്യൂക്കേഷൻ സെൻററിൽ 2019 ഡിസംബറിൽ പി ജി ഡിപ്ലോമ ഇൻ ട്രാൻസലേഷൻ & കൊമേർഷ്യൽ അറബിക് എന്ന 200 മണിക്കൂർ കാലദൈർഘ്യമുള്ള കോഴ്സ് ആരംഭിച്ചിരുന്നു. 20 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയ കോഴ്സിൽ ഒരു വിദ്യാർത്ഥിയിൽ നിന്നും 5500 രൂപ ഫീസ് വാങ്ങിയിരുന്നു. 35 മണിക്കൂർ ക്ലാസുകൾ നൽകിയ ശേഷം കോവിഡ് കാലയളവിൽ താൽക്കാലികമായി നിർത്തിയ കോഴ്സ് പിന്നീട് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിട്ടും പുനരാരംഭിക്കാൻ തയ്യാറായിട്ടില്ല. പ്രസ്തുത കോഴ്സ് പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും കോഴ്സ് പുനരാരംഭിക്കാൻ പ്രയോഗിക തടസങ്ങളുണ്ടെങ്കിൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ ഫീസ് തിരികെ നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0178 സൂര്യ അലക്സ് പ്രമേയത്തെ പിന്താങ്ങി.

2.0179 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.11

**Dr.Siby Philip** moved the resolution

UGC-CARE list പിൻവലിച്ചു കഴിഞ്ഞ സാഹചര്യത്തിൽ, ഓരോ വിഷയത്തിലും ഒരു ജേണൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് അതാത് വിഷയങ്ങളിൽ നിയമനവും പ്രമോഷനും നടത്തുവാന് നിഷ്കർഷിക്കുന്ന കമ്മറ്റികൾക്കും ഉദ്യോഗാർത്ഥികൾക്കും

ഗുണകരമായിരിക്കും. നിലവിലുണ്ടായിരുന്ന Care ലിസ്റ്റിലെ ഉൾക്കൊള്ളനാവുന്ന നിർദേശങ്ങളും, ഇതുവരെ സർവകലാശാല നൽകിയ അധ്യാപക പ്രൊമോഷനുകൾക്ക് അംഗീകരിച്ച ജേർണലുകളുടെ ഒരു ലിസ്റ്റും, പുതുതായി ഉൾപെടുത്താവുന്ന ജേണലുകളുടെ ഒരു ലിസ്റ്റും പ്രസിദ്ധീകരിക്കുന്നതിന്, യുജിസി നിഷ്കർഷിക്കുന്ന മാതൃകയിൽ കമ്മിറ്റി ഉണ്ടാക്കി ജേണൽ ലിസ്റ്റ് തയാറാക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കണമെന്ന് ഈ പ്രമേയത്തിലൂടെ സർവകലാശാലയോട് ആവശ്യപ്പെടുന്നു.

2.0180 ശ്രീ അഖിൽ കെ. ശ്രീധർ പ്രമേയത്തെ പിന്താങ്ങി.

2.0181 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.12

**Dr.Shino P Jose** moved the resolution

നിലവിൽ ലഭ്യമായ കണക്കനുസരിച്ച് കേരളത്തിൽ വിവിധ സർവകലാശാലകളിലും കോളേജുകളിലും വിദ്യാർത്ഥി സീറ്റുകൾ 40 ശതമാനത്തോളം ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ, വിദ്യാർത്ഥികൾ ക്രമാതീതമായി വിദേശരാജ്യങ്ങളിലേക്ക് പലായനം ചെയ്യുന്ന സാഹചര്യത്തിൽ, സർക്കാർ സഹായം ഇപ്പോൾതന്നെ നിഷേധിക്കപ്പെടുന്ന സംസ്ഥാനത്തെ സർവകലാശാലകളും കോളേജുകളും വലിയ പ്രതിസന്ധിയിലേക്ക് എത്തിച്ചേരും. കൂടാതെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാ വസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാകും എന്നതും പരിഗണിച്ച് സ്വകാര്യ സർവകലാശാലകൾ നടപ്പിലാക്കുവാനുള്ള നീക്കത്തിൽ നിന്നും പിൻതിരിയാൻ സർക്കാറിനോട് ആവശ്യപ്പെടണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

This Senate resolution is being moved to request the government to withdraw from the move to establish private universities in Kerala. During this critical juncture of approximately 40% vacant seats are there in various universities and colleges in Kerala and students are migrating to foreign Universities, state universities and colleges which are already struggling due to non-availability of government grants will again struggle to survive with the establishment of private universities. Higher education will cease to be accessible to students who are socially and economically weaker. This senate resolution requests that the government withdraw from the move to establish private universities.

2.0182 ഡോ. പ്രേമചന്ദ്രൻ കിഴോത്ത് പ്രമേയത്തെ പിന്താങ്ങി.

2.0183 ശമ്പളം വാങ്ങുന്ന അധ്യാപകരെ സംബന്ധിച്ചെടുത്തോളം നിലനിൽപ്പിന്റെ വിഷയമാണിതെന്നും സ്വാഭാവികമായും വോട്ടിന് ഇട്ട് തള്ളാവുന്നതാണെന്ന്. ഡോ. ഷിനോ പി ജോസ് അറിയിച്ചു.

2.0184 തീരുമാനം: ഭൂരിപക്ഷ അഭിപ്രായം പരിഗണിച്ചു പ്രമേയം സഭ തള്ളി.

Resolution No.13

**Smt. Bushra N** moved the resolution

സെനറ്റ് മീറ്റിംഗുകൾ നടത്തുവാന് ഒരു സെനറ്റ് ഹാൾ താവക്കര ക്യാമ്പസിൽ പണിയുന്നത് അത്യാവശ്യമാണ്. നേരത്തെ മങ്ങാട്ടുപറമ്പ് ക്യാമ്പസിൽ യോഗം ചേരുന്നതിന് അത്തരം സൗകര്യം ഉണ്ടായിരുന്നു. അത്കൊണ്ട് തന്നെ സൗകര്യപ്രദമായി യോഗം ചേരുന്നതിന് സ്ഥിരമായ സംവിധാനം ഒരുക്കണമെന്ന് ഈ പ്രമേയത്തിലൂടെ സർവകലാശാലയോടു അവശ്യപ്പെടുന്നു.

2.0185 ഡോ.നിഷ വി കെ പ്രമേയത്തെ പിന്താങ്ങി.

2.0186 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.14

**Prof.Soman P**

ഗവണ്മെന്റ് കോളേജിലെ അധ്യാപകർക്ക് flexible റിസർച്ച് സെന്റർ റെഗുലേഷൻ വേണം എന്നതു അക്കാദമിക മികവുള്ള പല അധ്യാപരുടെയും ഒരു ആവശ്യമാണ്. ഇതിൽ കണ്ണൂർ യൂണിവേഴ്സിറ്റി ഒരു നല്ല പരിഹാരം കാണണം എന്ന് താല്പ ര്യപ്പെടുന്നു

അധ്യാപകർ നേരിടുന്ന പ്രശ്നം താഴെ പറയുന്നതാണ്. **3** വർഷം കൂടുമ്പോൾ ട്രാൻസ്ഫർ ഉണ്ടാകുന്ന ഈ അധ്യാപകർ PSC വഴി കഴിവുതെളിയിച്ചു വന്നവരാണ് എന്നാൽ periodic ട്രാൻസ്ഫർ ഉണ്ടാകുന്ന ഈ അധ്യാപകർ എത്തുന്ന സ്ഥാപനത്തിൽ റിസർച്ച് പ്രൊജക്റ്റ് ഇല്ല എന്ന കാര്യം പറഞ്ഞു റിസർച്ച് സെന്റർ അനുവദിക്കുന്നില്ല എന്ന പരാതി അക്കാദമിക മികവുള്ള പല അധ്യാപർക്കും ഉണ്ട് എന്ന് അറിയുന്നു .. അതിനാൽ high impact factor journal ൽ പബ്ലിഷ് ചെയ്തവർ പോലും guideship ഇല്ലാതെ ബലിയാടാകുന്നു എന്ന പരാതിയും അധ്യാപർക്കു ഉണ്ട് എന്ന് അറിയുന്നു.

2.0187 പ്രമേയ അവതരണ വേളയിൽ സഭയിൽ ഹാജർ ഉണ്ടായില്ല.

Resolution No.15

**Prof.Soman P**

ഇപ്പോൾ ഉള്ള എല്ലാ ബോർഡ് ഓഫ് STUDIES മെമ്പർ മാരുടെ യോഗ്യതയും പരിചയ സമ്പത്തും സെലക്ഷൻ ക്രൈറ്റീരിയയും പ്രസിദ്ധപ്പെടുത്താൻ താല്പ ര്യപ്പെടുന്നു

2.0188 പ്രമേയ അവതരണ വേളയിൽ സഭയിൽ ഹാജർ ഉണ്ടായില്ല.

Resolution No.16

**Dr.Jithesh K** moved the resolution

NAAC ന്റെ പുതിയ ഗ്രേഡിങ് സിസ്റ്റമായ ബൈനറി ഗ്രേഡിങ്ങിനെ കുറിച്ച് അഫിലിയേറ്റഡ് കോളജുകൾക്ക് വേണ്ടത്ര രീതിയിൽ ഓറിയന്റേഷൻ കൊടുത്തുകൊണ്ട് കോളജുകളെ മികവിലേക്ക് നയിക്കാനാവശ്യമായ നടപടികൾ ഉണ്ടാവണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0189 ശ്രീ അഖിൽ കെ. ശ്രീധർ പ്രമേയത്തെ പിന്താങ്ങി.

2.0190 യൂണിവേഴ്സിറ്റിയെ ആശ്രയിക്കാതെ എല്ലാ കോളേജുകളും സ്വതന്ത്രമായി നിൽക്കേണ്ട സാഹചര്യമാണ് ഇപ്പോൾ ഉള്ളത് .കുറച്ചുകൂടെ ആർജവത്തോടെ കോഴ്സുകൾ എല്ലാം പരിഷ്കരിക്കാൻ കോളേജുകൾ തന്നെ ശ്രമിക്കേണ്ടതാണെന്നും ബൈനറി സിസ്റ്റം വന്നിരിക്കുന്നത് എൻ.ഇ.പി. നടപ്പിലാക്കുന്നതിന്റെ ഭാഗം ആയിട്ടാണെന്നും, വൈസ് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. കൂടാതെ സാധ്യമായത് ചെയ്യാം എന്നും വൈസ് ചാൻസിലർ അറിയിച്ചു

2.0191 ഇതുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റിക്ക് ലഭിച്ചിട്ടുള്ള PM-USHA സ്കീമിന്റെ അണ്ടറിൽ അഫിലിയേറ്റഡ് കോളേജിസിന് NAAC ന് പ്രീപ്പയർ ചെയ്യുന്നതിന് വേണ്ടി ഒരു തുക മാറ്റിവെച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ അഫിലിയേറ്റഡ് കോളേജുകൾക്കുള്ള ട്രെയിനിങ്ങ് യൂണിവേഴ്സിറ്റി നടപ്പിലാക്കുന്നതായിരിക്കും.ശ്രീ അനീഷ് കുമാർ കെ പി അറിയിച്ചു.

2.0192 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

Resolution No.17

**Dr.Dinesh T** moved the resolution

2020 ൽ ആരംഭിച്ച ന്യൂജൻ കോഴ്സുകളുടെ കൂട്ടത്തിൽ കോളേജുകളിൽ ആരംഭിച്ച ഇന്റഗ്രേറ്റഡ് പി.ജി പ്രോഗ്രാമിന് ഇപ്പോഴും ബോർഡ് ഓഫ് സ്റ്റഡിസ് രൂപീകരിച്ചിട്ടില്ല. വിദഗ്ധ സമിതിയെനിയമിച്ച് സിലബസ് രൂപീകരിച്ചശേഷം ബന്ധപ്പെട്ട യു.ജി, പി.ജി. ബോർഡുകൾ അംഗീകരിക്കുകയാണ് ചെയ്തത്. യു.ജി FYUGPയിലേക്ക് മാറുകയും പി.ജി. പ്രോഗ്രാമുകൾക്ക് രൂപമാറ്റം വരുകയും ചെയ്ത സാഹചര്യത്തിലും ഇന്റഗ്രേറ്റഡ് പി.ജി.ക്ക് പ്രത്യേകം റെഗുലേഷൻ ഉണ്ടായിരിക്കുന്ന സാഹചര്യത്തിലും ആദ്യ ബാച്ച് പുറത്തിറങ്ങുന്ന ഈ വർഷം ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമിന് ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിക്കാനുള്ള നടപടികൾ ഉണ്ടാവണമെന്ന് ഈ പ്രമേയത്തിലൂടെആവശ്യപ്പെടുന്നു.

2.0193 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചില്ല.

Resolution No.18

**Dr. Nisha V K** moved the resolution

FYUGP യുടെ ഭാഗമായി സിലബസ് മാറിയപ്പോൾ സയൻസ് വിഷയങ്ങളിൽ പുതിയ experiments പ്രാക്ടിക്കലിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ experiments അധ്യാപകരെ പരിചയപ്പെടുത്തുന്നതിന് വേണ്ടി ഒരു Workshop രണ്ട് സെമസ്റ്റർ കഴിഞ്ഞ സാഹചര്യത്തിലെങ്കിലും ബോർഡ് ഓഫ് സ്റ്റഡീസിനു യൂണിവേഴ്സിറ്റി നിർദ്ദേശം നൽകി സംഘടിപ്പിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

2.0194 ശ്രീമതി ബുഷറ.എൻ. പ്രമേയത്തെ പിന്താങ്ങി.
2.0195 തീരുമാനം: പ്രമേയം സഭ അംഗീകരിച്ചു.

2.0196 കൃത്യം 1.18 PM ന് യോഗം അവസാനിച്ചതായി വൈസ് ചാൻസിലർ അറിയിച്ചു.

വൈസ് ചാൻസിലർ